# TAB Trichur Archdiocesan Bulletin

2021 നവംബർ വാല്യം: 88 ലക്കം: 11

ARCHDIOCESE OF TRICHUR
Estd. 1887




യേശു ദേവാലയം ശുദ്ധീകരിക്കുന്നു (യോഹന്നാൻ 2: 13-25)



മെത്രാഭിഷേക നാലാം വാർഷികം
ആഘോഷിക്കുന്ന അഭിവന്ദ്യ
## മാർ ടോണി നീലങ്കാവിൽ പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ
നവംബർ 18



Trichur Archdiocesan Bulletin TAB
ESTD: 1934

**നവംബർ 2021**
ലക്കം:11 വാല്യം: 88
Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 20 |
| നാളാഗമം | 21 |
| നാമകരണ നടപടികൾ | 27 |
| വൈദികർ | 32 |
| സന്യസ്തർ | 34 |
| സാമ്പത്തിക കാര്യാലയം | 39 |
| മതബോധനം | 41 |
| സ്ഥാപനങ്ങൾ | 45 |
| സംഘടനകൾ | 72 |

# ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

Prot No: 2684/2021/S/ ABP

1907/2021 / 13.10.2021 P- 3

മിശിഹായിൽ പ്രിയ ബഹു. വൈദികരെ, സമർപ്പിതരെ, സഹോദരി-സഹോദരന്മാരെ, വത്സല മക്കളെ,

സീറോമലബാർ സഭയുടെ നവീകരിച്ച കുർബാനക്രമവും എല്ലാ രൂപതകളിലും കുർബാന അർപ്പണരീതി ഏകീകൃതമാക്കുന്ന തീരുമാനവും ആരാധനവത്സരം ആരംഭിക്കുന്ന 2021 നവംബർ 28 മുതൽ പ്രാബല്യത്തിൽ വരുന്ന വിവരം മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനം വഴി ഇതിനകം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. സിനഡ് തീരുമാനങ്ങളുടെയും റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെയും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തിന്റെയും അടിസ്ഥാനത്തിൽ നവീകരിച്ച കുർബാനക്രമവും ഏകീകൃത അർപ്പണരീതിയും നടപ്പിലാക്കാൻ സഭാനിയമ

പ്രകാരം സീറോമലബാർ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും കടപ്പെട്ടവരാണ്.

**സഭയുടെ തനിമയും ആരാധനക്രമവും**

ഈശോമിശിഹാ സ്ഥാപിച്ച ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവ്വത്രികവുമായ കത്തോലിക്കാസഭയിലെ 24 സ്വയാധികാര സഭകളിലൊന്നായ സീറോമലബാർ സഭയുടെ തനിമ നാലു തരത്തിലുള്ളതാണ്: (1) മാർത്തോമശ്ലീഹായാൽ സ്ഥാപിത മായതിനാൽ **ശ്ലൈഹികവും** (Apostolic) (2) സാർവത്രികസഭയുടെ തലവനായ മാർപാപ്പയോട് ചേർന്നുനിൽക്കുന്നതിനാൽ **കാതോലി കവും** (Catholic) (3) സുറിയാനി പൈതൃകത്തിലുള്ള റീത്തായതി നാൽ **പൗരസ്ത്യവും** (Oriental – East Syrian / Chaldean) (4) ഭാരത സംസ്കാരത്തിൽ ജന്മം കൊണ്ടതിനാൽ **ഭാരതീയവും** (Indian) ആയ സഭയാണ് നമ്മുടേത്. ലോകം മുഴുവനുമുള്ള കത്തോലിക്കാ സഭയ്ക്ക് ഒരേ വിശ്വാസവും ഒരേ ധാർമ്മികതയും അധികാര ക്രമവു മാണ് ഉള്ളത്. ഈശോമിശിഹായാൽ സ്ഥാപിതമായ തിരുസഭയുടെ ഏകവിശ്വാസം വ്യത്യസ്തമായ രീതിയിൽ വിവിധ റീത്തുകളിലൂടെ അവതരിപ്പിക്കപ്പെട്ട് പൈതൃകവും പാരമ്പര്യവുമായി ത്തീരുന്നത് (Tradition) സംസ്ക്കാരത്തിന്റേയും ചരിത്രത്തിന്റേയും പശ്ചാത്ത ലത്തിലാണ്. ഈ പൈതൃകം ആരാധനാക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, നിയമസംഹിത, എന്നിവയാലാണ് ഓരോ സ്വയാധികാര സഭയുടെയും തനിമയായി പ്രകടമാകുന്നത് (CCEO c.28). സഭയുടെ വിശ്വാസം ഏറ്റവും പ്രധാനമായി ആഘോഷിക്ക പ്പെടുന്നത് ആരാധന ക്രമത്തിലൂടെയാണ്. ഓരോ വ്യക്തിസഭകളി ലെയും ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദു പരിശുദ്ധ കുർബാന യാണ്. മറ്റു കൂദാശകൾ, കൂദാശാ നുകരണങ്ങൾ (Sacramentals), യാമപ്രാർത്ഥനങ്ങൾ, ആരാധനാവത്സര ത്തിലെ ആചരണങ്ങൾ എന്നിവയും ആരാധനക്രമത്തിൽ ഉൾപ്പെടുന്നു. വിശ്വാസികൾ ആത്മീയതയിൽ വളരുന്നതിന് അംഗീകരിക്കപ്പെട്ട ഭക്താഭ്യാസ ങ്ങളും (Pious Devotions) സഭയുടെ ആചരണങ്ങളിൽ ഉണ്ട്.

**പരിശുദ്ധ കുർബാന – സഭയുടെ ഉറവിടവും മകുടവും**

കത്തോലിക്കാസഭയുടെ പഠനമനുസരിച്ച് കൂദാശകളുടെ കൂദാശയായ (LG 11) പരിശുദ്ധ കുർബാന കർത്താവിന്റെ പീഡാനു ഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും **സ്മാരകവും**

രക്ഷകനായ ഈശോമിശിഹായുടെ ഏകബലിയെ സന്നിഹിതമാക്കുകയും സഭയുടെ സമർപ്പണത്തെ ഉൾക്കൊള്ളുകയും ചെയ്യുന്ന **വിശുദ്ധബലിയും** ദിവ്യരഹസ്യങ്ങളുടെ ആഘോഷമായ വിശുദ്ധവും ദൈവികവുമായ **ആരാധനയും** (CCC.1330) ഈശോമിശിഹായുടെ ശരീരരക്തങ്ങളിൽ ഭാഗഭാക്കുകളാക്കി അവിടുത്തോട് ഏകശരീരമാക്കുന്ന **വിശുദ്ധ കൂട്ടായ്മയും** (CCC.1331) രക്ഷാകര രഹസ്യം പൂർത്തിയാക്കി വിശ്വാസികളെ ദൈവഹിതം നിറവേറ്റാൻ പറഞ്ഞയക്കുന്ന **ദിവ്യപ്രേഷണവും** (അഥവാ, പരിശുദ്ധമായ അയക്കലും = *Sancta Missa* = Holy Mass: CCC. 1332) ആകുന്നു. മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ സ്നേഹപിതാവായ ദൈവം ഭൂമിയിലേക്കയച്ച തന്റെ പ്രിയപുത്രനായ ഈശോമിശിഹാ (യോഹ.3:16) പെസഹായാചരണവേളയിൽ സ്വന്തം ശരീരരക്തങ്ങൾ നിത്യജീവന്റെ ഭക്ഷണമായി തന്ന അന്ത്യഅത്താഴത്തിന്റെയും കാൽവരിയിൽ സ്വജീവൻ അർപ്പിച്ച രക്ഷാകരബലിയുടെയും അനുസ്മരണം തന്റെ പ്രത്യാഗമനംവരെ (1 കൊറി.11:26) ആവർത്തിക്കണമെന്ന കല്പനയോടെയാണ് പരിശുദ്ധ കുർബാന സ്ഥാപിച്ചത്. ഈശോയുടെ മനുഷ്യാവതാരത്തിന്റെയും ദൈവരാജ്യസ്ഥാപനത്തിനായുള്ള പരസ്യജീവിതത്തിന്റെയും സെഹിയോൻ ഊട്ടുശാലയിൽവച്ച് നൽകിയ പുതിയ നിയമത്തിന്റെയും (യോഹ. 13:34;15:12–13) സ്നേഹശുശ്രൂഷയുടെയും (യോഹ.13:4–10) പൗരോഹിത്യ സ്ഥാപനത്തിന്റെയും (ലൂക്കാ. 22:19; യോഹ. 20:21–23) പരിശുദ്ധ കുർബാന സ്ഥാപനത്തിന്റെയും (ലൂക്ക. 22:19–20) കാൽവരിയിലെ ബലിസമർപ്പണത്തിന്റെയും (യോഹ. 19:23–30) ഉത്ഥാനത്തിന്റെയും (CCC 1409, മാർക്കൊ. 14:25; 1 കൊറി. 11:26) പരിശുദ്ധാത്മാവ് വന്നുവസിക്കുന്ന അഭിഷേകത്തിന്റെയും (അപ്പ. 2:1–4) പരിശുദ്ധ അമ്മയുടെ നേതൃത്വത്തിൽ ഏകമനസ്സോടെ പ്രാർത്ഥനയിൽ മുഴുകിയിരുന്ന (അപ്പ.1:14) അപ്പസ്തോലന്മാരിലൂടെ സഭയ്ക്ക് രൂപം നൽകിയതിന്റെയും അനുസ്മരണം നാം പരിശുദ്ധ കുർബാനയിൽ ആഘോഷിക്കുന്നു. അതിനാലാണ് പരിശുദ്ധ കുർബാനയെ **ഓർമ്മയാചരണം** (Anamnesis = Memorial, CCC. 1341; ലൂക്ക. 22:19; 1 കൊറി. 11:24 25), **നന്ദിപ്രകാശനം** (Eucharist = Thanksgiving; ലൂക്ക. 22:17,19; മത്ത. 26:30; 1 കൊറി.11:24), **രക്ഷാകരബലി** (Redemptive Sacrifice), **സമർപ്പണം** (Qurbana), ഭൂമിയിലെ **സ്വർഗ്ഗീയവിരുന്ന്** (Agape = Divine Banquet), **സ്നേഹത്തിന്റെയും ഐക്യത്തിന്റെയും കൂദാശ**,

മഹോന്നതമായ **ആരാധന, പുതിയ ഉടമ്പടി (**മത്ത. 26:28), **ജീവന്റെ അപ്പം** (യോഹ. 6:51–56), **രക്ഷയുടെ ദൗത്യം, ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവും** (LG 11) എന്നൊക്കെ വിശേഷിപ്പിക്കുന്നത്. പരിശുദ്ധ കുർബാനയിൽ ഈശോ തന്റെ ശരീരരക്തങ്ങൾ **നിത്യജീവന്റെ ഭക്ഷണവും പാനീയവു**മായിട്ടാണ് നമുക്ക് നൽകുന്നത് (യോഹ. 6:51–56). പരിശുദ്ധ കുർബാന **ഭാവിമഹത്വത്തിന്റെ അച്ചാരവും അമർത്ത്യതയുടെ ഔഷധ**വുമാണ് (CCC 1402, 1405).

**പരിശുദ്ധ കുർബാന സീറോമലബാർ ആരാധനക്രമത്തിൽ**

മനുഷ്യരക്ഷയ്ക്കായി ഈശോമിശിഹാ സ്ഥാപിച്ച പരിശുദ്ധ കുർബാന സീറോ മലബാർ സഭയിൽ മൂന്നു രൂപങ്ങളിലാണ് അർപ്പിക്കപ്പെടുന്നത്. അവ റാസ, ആഘോഷപൂർവ്വകമായ കുർബാന, സാധാരണ കുർബാന എന്നിവയാണ്. കുർബാന ക്രമത്തിന്റെ പൂർണ്ണരൂപത്തിലുള്ള ഏറ്റവും ആഘോഷമായ റാസ ക്രമം നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ പ്രധാനപ്പെട്ട അവസരങ്ങളോടനുബന്ധിച്ച് അർപ്പിക്കുന്നത് ഉചിതമാണ്. കുർബാനയിലെ ഈ മൂന്നു രൂപങ്ങൾ അർപ്പിക്കുമ്പോൾ സാഹചര്യമനുസരിച്ച് കാർമ്മികന് നിശ്ചയിക്കാവുന്ന ഐച്ഛികങ്ങൾ (Options) കുർബാന തക്സയിൽ കൊടുത്തിട്ടുണ്ട്. എന്നാൽ സീറോമലബാർ സിനഡ് നിർദ്ദേശമനുസരിച്ച് രൂപതാധ്യക്ഷന് നിശ്ചയിക്കാവുന്ന ഒഴിവുകൾ (Dispensations) പ്രകാരം നമ്മുടെ അതിരൂപതയിലെ ദൈവാലയങ്ങളിൽ മദ്ബഹാവിരി ഉപയോഗിക്കുന്നില്ല; കുരിശു വരച്ചു കുർബാന ആരംഭിക്കുന്നു. വിവിധകാലങ്ങൾ, തിരുനാളുകൾ എന്നിവയ്ക്ക് അനുയോജ്യമായും അവസരോചിതമായും ഉപയോഗിക്കാവുന്ന മാറിമാറി വരുന്ന പ്രോപ്രിയ പ്രാർത്ഥനകൾ തക്സയിൽ നൽകിയിട്ടുണ്ട്. എന്നാൽ, കുർബാനയുടെ ഘടന, പൊതുവായ അർപ്പണരീതി തുടങ്ങിയ അടിസ്ഥാനകാര്യങ്ങൾ എല്ലാവരും ഒരുപോലെ അനുഷ്ഠിക്കേണ്ടതാണ്.

സീറോമലബാർ ആരാധനക്രമമനുസരിച്ച് ദൈവാലയത്തിന് സമൂഹവേദി (ഹൈക്കല), ഗായകവേദി (കെസ്ത്രോമ), ബലിവേദി (മദ്ബഹ), എന്നീ മൂന്ന് ഭാഗങ്ങളാണ് ഉള്ളത്. ഈശോയുടെ ജനനം, പരസ്യജീവിതം എന്നിവ അനുസ്മരിക്കുന്ന ശുശ്രൂഷയ്ക്കായി വചനവേദി (ബേമ്മ) ബലിപീഠത്തിൽ നിന്നും വ്യത്യസ്

തമായി സമൂഹവേദിയിലോ ഗായകവേദിയിലോ സജ്ജമാക്കേണ്ടതാണ്.

മേജർ ആർച്ചുബിഷപ്പിന്റെ ഇടയലേഖനത്തിൽ സൂചിപ്പിച്ചതുപോലെ 1965 വരെ സാർവ്വത്രികസഭ മുഴുവനിലും ആരാധനാസമൂഹം നിൽക്കുന്ന അതേ ദിശയിലാണ് കാർമ്മികൻ അൾത്താര അഭിമുഖമായി കുർബാനയർപ്പിച്ചിരുന്നത്. എന്നാൽ രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ലത്തീൻ സഭയിൽ പൊതുവെ ജനാഭിമുഖകുർബാന നിലവിൽ വന്നു. ഈ പശ്ചാത്തലത്തിൽ സീറോമലബാർ സഭയിൽ "കുർബാനയുടെ ആദ്യഭാഗം (Liturgy of the Word) ജനങ്ങൾക്കഭിമുഖമായിനിന്നു ചൊല്ലാവുന്നതാണ്" എന്ന നിർദ്ദേശമുണ്ടായി (1968 തക്സ നിർദ്ദേശങ്ങൾ: നമ്പർ 9; 1974 തക്സ: നമ്പർ 5). എന്നാൽ ഇത് പ്രായോഗികമായത് വ്യത്യസ്ത രീതികളിലാണ്. ചില രൂപതകളിൽ കുർബാന മുഴുവനും ജനാഭിമുഖമായും മറ്റു ചില രൂപതകളിൽ വചനശുശ്രൂഷ ജനാഭിമുഖമായും കൂദാശാഭാഗം അൾത്താരാഭിമുഖമായും വേറെ ചില രൂപതകളിൽ കുർബാന മുഴുവനും അൾത്താരഭിമുഖമായും അർപ്പിക്കുവാൻ തുടങ്ങി. കുർബാന അർപ്പണരീതി വ്യത്യസ്തമായി തുടർന്ന സാഹചര്യത്തിൽ സീറോമലബാർ സഭ മുഴുവനിലും ഐകരൂപ്യമുണ്ടാകണമെന്ന ആവശ്യം മെത്രാന്മാരും വൈദികരുമട ക്കമുള്ള ദൈവജനത്തിൽ നിന്ന് ഉയർന്നുവന്നു. പരിശുദ്ധ സിംഹാസനത്തിൽ നിന്ന് മാർഗ്ഗനിർദ്ദേശവും ഇക്കാര്യത്തിൽ ഉണ്ടാ യി. സീറോമലബാർ സഭയിലെ എല്ലാ രൂപതകളെയും പ്രതിനിധീകരിച്ച് 1998 ൽ ആദ്യമായി നടന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രധാന അഭ്യർത്ഥനയും തീരുമാനവും ഇക്കാര്യത്തെക്കുറിച്ചുള്ളതായിരുന്നു. ദീർഘനാളത്തെ ചർച്ചകൾക്കുശേഷം 1999 നവംബറിലെ സിനഡ്, കുർബാന അർപ്പണരീതി ഐകരൂപ്യത്തിലാക്കാനുള്ള തീരുമാനമെടുത്തു. എന്നാൽ, തൃശ്ശൂർ അടക്കമുള്ള ചില രൂപതകളിൽ ഈ തീരുമാനം നടപ്പിലാക്കാനായില്ല. ഐകരൂപ്യത്തിനുവേണ്ടിയുള്ള ചർച്ചകൾ തുടർന്നുകൊണ്ടിരുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ, മാർപാപ്പയുടെ ആഹ്വാന മടക്കം, പരിശുദ്ധ സിംഹാസനം കൃത്യമായ മാർഗ്ഗരേഖകൾ ഇതിനായി നൽകി. ഇതിന്റെ വെളിച്ചത്തിലാണ് 2020 ലെയും 2021 ലെയും സിനഡ് തീരുമാനപ്രകാരം നവീകരിച്ച കുർബാനക്രമവും ഏകീകരിച്ച കുർബാന അർപ്പണരീതിയും 2021 നവംബർ 28 മുതൽ പ്രാബല്യത്തിൽ വരുന്നത്. സഭയുടെ കൂട്ടായ്മയ്ക്കും

വളർച്ചയ്ക്കുംവേണ്ടി ഈ തീരുമാനത്തോട് സഹകരിക്കാൻ ഏവരോടും ആവശ്യപ്പെടുന്നു.

**കുർബാന അർപ്പണരീതിയുടെ ദൈവശാസ്ത്രം**

സീറോമലബാർ കുർബാനക്രമമനുസരിച്ച് ആമുഖശുശ്രൂഷയും വചനശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കാർമ്മികൻ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽവച്ച് ജനാഭിമുഖമായി അർപ്പിക്കുന്നത്. വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹയിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിന് ബലിയർപ്പിക്കുകയാണ്. പൗരസ്ത്യ പാരമ്പര്യത്തിൽപ്പെടുന്ന സീറോമലബാർ സഭയുടെ പൈതൃകമനുസരിച്ച്, മൗതികശരീരമായ തിരുസഭ ശിരസ്സായ മിശിഹായോടുചേർന്ന് സ്വർഗ്ഗപിതാവിന് അർപ്പിക്കുന്ന ബലിയും ആരാധനയുമായ പരിശുദ്ധ കുർബാനയിലെ കൂദാശഭാഗം അഥവാ അനാഫൊറ കാർമ്മികൻ ജനങ്ങളോടൊപ്പം അൾത്താര അഭിമുഖമായിട്ടാണ് അർപ്പിക്കേണ്ടത്. ദൈവജനം ഒന്നിച്ചുകൂടുന്ന കുർബാനയർപ്പണത്തിൽ പ്രധാന കാർമ്മികൻ മിശിഹാ തന്നെയാണ്. അദൃശ്യനായി അദ്ധ്യക്ഷനായിരിക്കുന്ന മിശിഹായുടെ പ്രതിനിധി എന്ന നിലയിലാണ് കാർമ്മികൻ സ്വർഗ്ഗപിതാവിനോടുള്ള കൃതജ്ഞതാബലി അർപ്പിക്കുന്നത് (CCC. 1348). ദൈവത്തിന്റെ സിംഹാസനത്തിന്റെയും കർത്താവിന്റെ കബറിടത്തിന്റെയും പ്രതീകമായ ബലിപീഠത്തിനു മുമ്പിൽ ദൈവജനവും കാർമ്മികനും ഒരേ ദിശയിൽ നിൽക്കുന്നത് കർത്താവിലേക്ക് സ്വർഗ്ഗോന്മുഖമായി തിരിയുന്നതിന്റെ പ്രതീകമാണ്. വിശുദ്ധകുർബാനയുടെ അർപ്പണഭാഗം കുർബാനസ്വീകരണത്തോടുകൂടി കഴിയുന്നതിനാൽ തുടർന്നുവരുന്ന ഭാഗത്തുള്ള കൃതജ്ഞതാ പ്രാർത്ഥനകളും സമാപനാശീർവ്വാദവും, കാർമ്മികൻ ജനങ്ങളുടെ നേരെ തിരിഞ്ഞ് ചൊല്ലുന്നു.

**നവീകരിച്ച കുർബാനക്രമം: പ്രധാന മാറ്റങ്ങൾ**

സീറോമലബാർ സഭയിൽ ഇന്ന് നാം അർപ്പിച്ചുകൊണ്ടിരിക്കുന്ന കുർബാനക്രമത്തിന്റെ മൂലരൂപം സഭയിൽ ആദ്യമായി രൂപംകൊണ്ട അനാഫൊറകളിലൊന്നായ പൗരസ്ത്യസുറിയാനി ആരാധനക്രമത്തിൽ നിന്നുള്ളതാണ്. നമ്മുടെ സഭയുടെ കുർബാന

ക്രമത്തിന് കാലാകാലങ്ങളിൽ ആവശ്യമായ അനുരൂപണങ്ങളും നവീകരണങ്ങളും ഉണ്ടായിട്ടുണ്ട്. 1599, 1962, 1968, 1986 തുടങ്ങിയ വർഷങ്ങളിലെ പരിഷ്കരണത്തിനു ശേഷം 1989 ൽ നൽകിയ തക്സയിൽ അഞ്ചുവർഷത്തിനുശേഷം കുർബാനക്രമം നവീകരിക്കാനുള്ള സാധ്യത നൽകിയിരുന്നു. 2013 മുതൽ വൈദിക–സമർപ്പിത–അത്മായ പ്രതിനിധികളടങ്ങുന്ന സെൻട്രൽ ലിറ്റർജിക്കൽ കമ്മറ്റിയും ബന്ധപ്പെട്ട രൂപതാസമിതികളും മെത്രാന്മാരുടെ പ്രത്യേക കമ്മറ്റിയും സിനഡും ചർച്ചചെയ്ത നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ 2020 ജനുവരിയിൽ നടന്ന സിനഡ് നവീകരിച്ച കുർബാനക്രമം ഐക്യകണ്ഠേന പാസാക്കി. പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തിനായി ഈ നവീകരിച്ച കുർബാനക്രമം അയക്കുകയും 2021 ജൂൺ 9 ന് അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ നവീകരിച്ച ക്രമമാണ് 2021 നവംബർ 28 മുതൽ പ്രാബല്യത്തിൽ വരുന്നത്. പുതിയ ക്രമത്തിൽ കാലാനുസൃതമായി ഭാഷാശുദ്ധി വരുത്തുകയും, മൂലരൂപത്തിനോട് കൂടുതൽ യോജിക്കുന്ന പദപ്രയോഗങ്ങൾ ഉപയോഗിക്കുകയും, മാർ അദ്ദായി – മാർ മാറി കൂദാശക്രമത്തിനു പുറമേ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾ തക്സയിൽ കൂട്ടിച്ചേർക്കുകയും കൂദാശകർമ്മവിധികൾ (Rubrics) കൂടുതൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ കുർബാനയിലെ തിരുവചന വായനകൾക്ക് ഉപയോഗിക്കാനായി ആരാധനക്രമകാലങ്ങളുടെ ചൈതന്യത്തിനു ചേർന്നവിധത്തിലുള്ള മറ്റൊരു ഗണം വായനകൾ (രണ്ടാം സെറ്റ്) ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ പഞ്ചാംഗം തയ്യാറാക്കിയിട്ടുണ്ട്.

**നവീകരിച്ച കുർബാനക്രമം : ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ**

നവീകരിച്ച കുർബാനക്രമവും ഏകീകൃതരൂപത്തിൽ കുർബാന അർപ്പിക്കാനുള്ള സിനഡ് തീരുമാനവുമായി ബന്ധപ്പെട്ട് ചില തെറ്റായ പ്രചാരണങ്ങൾ നടക്കുന്നതായി മനസ്സിലാക്കുന്നു. സിനഡ് തീരുമാനിക്കുകയും പരിശുദ്ധ സിംഹാസനം അംഗീകരിക്കുകയും ചെയ്ത മേൽപ്പറഞ്ഞ തീരുമാനം നടപ്പിൽ വരുന്നതോടുകൂടി നാം അനുഷ്ഠിച്ചുപോരുന്ന വിശുദ്ധരോടുള്ള വണക്കം, പരിശുദ്ധ കുർബാനയുടെ ആരാധന, കുരിശിന്റെവഴി, ജപമാല തുടങ്ങിയ ഭക്താഭ്യാസങ്ങൾ നിർത്തലാക്കപ്പെടുമെന്നുള്ളതാണ്

സത്യവിരുദ്ധമായ ഈ പ്രചാരണം. നമ്മുടെ അതിരൂപതയിൽ നിലവിലുള്ളതുപോലെ സക്രാരിയുടെ സ്ഥാനവും, തിരുസ്വരൂപ ങ്ങളും, ക്രൂശിതരൂപമടക്കമുള്ള അംഗീകരിച്ച കുരിശുകളും, സഭ അംഗീകരിക്കുന്ന എല്ലാ ഭക്താഭ്യാസങ്ങളും തുടരുന്നതാണ്. സഭയോട് ചേർന്ന് മിശിഹാകേന്ദ്രീകൃതവും പരിശുദ്ധ കുർബാന കേന്ദ്രീകൃതവുമായ സ്വർഗ്ഗോന്മുഖജീവിതം നയിക്കാൻ ഈ ഭക്താഭ്യാസങ്ങൾ സഹായകമാകുന്നു.

നവീകരിച്ച കുർബാനക്രമവും ഏകീകൃതകുർബാന അർപ്പണരീതിയുമായി ബന്ധപ്പെട്ട് ബേമ്മ, ബലിപീഠം തുടങ്ങിയവ ക്രമീകരിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങൾ ബഹുമാന പ്പെട്ട വൈദികരും, കൈക്കാരന്മാരും സമർപ്പിത-സ്ഥാപനാധികൃ തരും നടത്തേണ്ടതാണ്. വലിയ സാമ്പത്തിക ബാധ്യത വരു ത്താത്ത രീതിയിൽ ഇവ ക്രമീകരിക്കുവാൻ ശ്രമിക്കണം. കുർബാന അർപ്പണരീതിയെക്കുറിച്ച് തക്സയിൽ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ഏവരും പാലിക്കേണ്ടതാണ്. സഭാജീവിതത്തിന്റെ ഉറവിടവും മകുടവുമായ പരിശുദ്ധ കുർബാനയുടെ അർപ്പണം ദൈവജനത്തിന് കൂട്ടായ്മയുടെ അനുഭവം സ്വന്തമാക്കാനുള്ള അവസരമാണ്. "സഹോദരരേ, നിങ്ങളെല്ലാവരും സ്വരചേർച്ചയോ ടും ഐക്യത്തോടും, ഏകമനസ്സോടും ഏക അഭിപ്രായ ത്തോടും കൂടെ വർത്തിക്കണമെന്ന് നമ്മുടെ കർത്താവായ ഈശോ മിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു" (1 കൊറി. 1:10) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം സ്വീകരിച്ചു കൊണ്ട്, മാർപാപ്പയും പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘ വും സിനഡും തീരുമാനിച്ച് ആഹ്വാനം ചെയ്തതുപോലെ, നവീകരിച്ച കുർബാനക്രമവും ഏകീകൃത അർപ്പണരീതിയും ഈ വർഷത്തെ മംഗളവാർത്തക്കാലം ആദ്യ ഞായർ മുതൽ നമുക്ക് ആരംഭിക്കാം. നവംബർ 28-ാം തിയ്യതി ഞായറാഴ്ച അഭിവന്ദ്യ ജേയ്ക്കബ് തൂങ്കുഴി പിതാവിനോടും ടോണി നീലങ്കാവിൽ പിതാ വിനോടും ചേർന്ന് ഞാൻ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദേവാലയ ത്തിൽ വച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് പുതിയ ക്രമത്തിന് നമ്മുടെ അതിരൂപതയിൽ ഔദ്യോഗികമായി ആരംഭം കുറിക്കുന്നു.

ജപമാലരാജ്ഞിയും പ്രേഷിതതാരവും നമ്മുടെ അതിരൂപ തയുടെ മധ്യസ്ഥയും 'പരിശുദ്ധ കുർബാനയുടെ അമ്മ' എന്ന് വിശേ

ഷിപ്പിക്കപ്പെട്ടവളുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായവും പ്രാർത്ഥനയും നമ്മോടൊത്തുണ്ടാകട്ടെ. ഈശോയുടെ ജനനത്തിരുനാളിനൊരുങ്ങുന്ന മംഗളവാർത്തകാലം അനുഗ്രഹപ്രദമാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 31/10/2021 ഞായറാഴ്ച അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയും സാധിക്കുന്ന മാധ്യമങ്ങളിലൂടെ വിശ്വാസികൾക്ക് അയച്ചുകൊടുക്കുകയും വേണം. ആരാധനക്രമപരിശീലനത്തിന്റെ (Liturgical Catechesis) ഭാഗമായ ഈ ഇടയലേഖനം ദീർഘമെന്ന് തോന്നുന്നുണ്ടെങ്കിൽ രണ്ട് ഞായറാഴ്ചകളിലായി വായിക്കാവുന്നതാണ്. +AT

# PASTORAL LETTER

## MAR ANDREWS THAZHATH

Prot No: 2684/2021/S/ ABP

1907/2021 / 13.10.2021 P- 3

Dear and Rev. Fathers, Brothers, Sisters, Lay Faithful and my dear Children in Jesus Christ,

I hope that you know by this time through the Pastoral Letter of the Major Archbishop of the Syro-Malabar Church, that the revised text of the Holy *Qurbana* (Eucharist) and the decision on the Uniform Mode of Celebration in all eparchies of our Church come into force on 28th on November 2021, which marks the commencement of the New Liturgical year. According to ecclesiastical laws, all the bishops, clergy, religious and laity of our Church are bound to implement the revised Text and the uniform mode of celebration of Holy *Qurbana* as per the decisions of the Synod, the directives of the Congregation for the Eastern Churches, Rome, and the exhortation of the Holy Father Pope Francis.

## The Identity of the Church and Liturgy

The Syro-Malabar Church is one of the 24 *sui iuris* Churches in the Universal Church instituted by our Lord Jesus Christ, which is One, Holy, Catholic and Apostolic. The identity of the Syro Malabar Church is fourfold: (1) **Apostolic** since it was founded by St. Thomas the Apostle; (2) **Catholic** since it is in communion with the Pope, the head of the Universal Church; (3) **Oriental** since it is of East Syrian or Chaldean heritage and (4) **Indian** since it originated and grew up imbibing Indian culture and traditions. The Catholic Church all over the world follows the same faith, morality and hierarchy. But the manner of living the same Catholic faith is manifested differently in each Church *sui iuris* through its Rite which is the liturgical, theological, spiritual and disciplinary patrimony which are made distinct by means of culture and circumstances of history (CCEO c.28). The faith of any *sui iuris* Church is most prominently celebrated in Sacred Liturgy. The focus point of liturgy is the Holy Eucharist. Sacraments, sacramentals, breviary, celebration of various events in the liturgical year, etc. are the main components of sacred liturgy. Various pious devotions intended to cater to the spiritual needs of the faithful also occupy significant place in the practices of the Church.

## The Holy Eucharist – the Source and Summit of the Church

According to the teaching of the Catholic Church, the Holy *Qurbana* (Eucharist), which is the Sacrament of the Sacraments (LG n.11), is the **Memorial** of the passion, death and resurrection of our Lord Jesus Christ; It is "the **Holy Sacrifice** because it makes present the one sacrifice of Christ the Saviour and includes the Church's offering"; It is also the **Holy and Divine Liturgy,** because the Church's whole liturgy finds its center and most intense expression of **Adoration** in the celebration of this sacrament of the **Sacred Mysteries** (CCC. 1330). It is **Holy Communion**, because by this sacrament we unite ourselves to Christ who makes us sharers in his Body and Blood to form a single body (Cf. I Cor. 10:16-17; CCC. 1331). It is **Holy Mass** (*Sancta Missa)* because the liturgy in which the mystery of salvation is accomplished concludes with the sending forth (*missio*) of the faithful, so that they may fulfill God's will in

their daily lives (CCC. 1332). God the loving Father sent His only begotten Son Jesus Christ to save the

**The Holy *Qurbana* in the Liturgy**

The Holy *Qurbana* which Jesus Christ founded for the salvation of the mankind is administered in the Syro-Malabar Church in three different forms; ***Raza*, Solemn *Qurbana*** (Mass) and **Ordinary *Qurbana***. It is desirable that *Raza* which is the most solemn form of the Holy *Qurbana* is duly celebrated in the parishes of our Archeparchy on important occasions. The *Qurbana Taksa* (Missal) provides options for the Celebrant which he can follow discretely, especially in solemn and simple forms as per the directives. In accordance with the dispensations the Synod has granted to the local bishop, we do not use the Sanctuary veil in our Archeparchy; we can begin the Holy Eucharist making the sign of the Cross, as we do at present. The new *Taksa* contains more *Propria* prayers which can be made use of at various liturgical seasons, feasts and similar special occasions. But the basic structure and the general mode of celebration of the *Qurbana* should be followed by all in a uniform way.

According to the liturgical traditions of our Church, the basic structure of a church comprises three different parts. They are 1. *Haikkala*, the place meant for the community, 2) *Kesthroma*, the site of the choir, 3) *Madbaha* or Sanctuary for the liturgy of the Eucharist. A separate table called *Bema* for the liturgy of the Word, where the birth and public life of Jesus Christ is commemorated, is to be arranged apart from the Altar, either in the *Haikala* or in the *Kesthroma*.

As the Major Archbishop has clarified in his pastoral letter (dated 27 August 2021) the whole Catholic Church used to offer the holy mass facing the altar till 1965; i.e. both the celebrant and the faithful were in the same direction towards the altar. It was during the post Vatican II period that the Latin Church generally adopted the mode of offering the Eucharist fully facing the people. In this background, there was a proposal in the Syro-Malabar Church that "the first part of *Qurbana* (Liturgy of the Word) could be celebrated facing the people" (Suggestions in 1968 *Taksa* (Missal) No. 9; 1974

*Taksa* No. 5). But this suggestion was implemented differently in various eparchies of our Church. In some eparchies the Holy *Qurbana* was celebrated fully facing the people. In some other eparchies, the liturgy of the Word was celebrated facing people and the liturgy of the Eucharist facing altar. Some other eparchies celebrated Holy *Qurbana* fully facing the altar. Eventually there arose a pressing demand from the people of God including Bishops and priests, that there should be uniform mode of celebration of the Holy *Qurbana* in all eparchies in the Church. In this regard the Holy See also issued some appropriate directives. The main request and decision of the first Major Archiepiscopal Assembly held in 1998 representing priests, religious and laity of all eparchies, was about this uniform mode celebration of the Holy *Qurbana*. After detailed discussions and deliberations, the Synod of November 1999 finally resolved to adopt a uniform mode of Eucharistic celebration in the entire Church. Unfortunately, this decision could not be effectively executed in some eparchies including Trichur. The Synod continued discussions for the uniform mode of Eucharistic celebration in all eparchies. In the meanwhile, as indicated above, in line with the 1999 Synodal decision (reiterated in 2020 and 2021), there were clear directives from the Apostolic See (Congregation for the Eastern Churches dated 9 November 2020 & 9 June 2021) and exhortation from the Holy Father Pope Francis (dated 3rd July 2021). In the light of these, the Synod of the Syro Malabar Church in August 2021decided to implement the uniform mode of Eucharistic celebration as decided by the 1999 Synod along with the revised text of Holy Qurbana from 28th November 2021 onwards. May I request all of you to cooperate with this decision intended to cultivate the unity and growth of our Church.

**Theology of the Mode of Eucharistic Celebration**

According to the order of Eucharistic Celebration the introductory service and the liturgy of the Word remind us of the birth and public life of Jesus respectively. It is on this basis that the first part of the Holy *Qurbana* is offered by the celebrant at the *Bema* facing the people. After reciting the creed, the priest who

enters the sanctuary in the name of the Church, offers the Holy *Qurbana* at the altar to God the Father as a representative of Jesus the Messiah. According to the eastern heritage, in the Anaphora of the Holy *Qurbana*, the Church which is the mystical body of Christ the head, offers *Sacrifice* and *Adoration* to God the Father; therefore the celebrant priest representing Christ and the faithful offers the *Qurbana* to the Father in the same direction facing the altar. In the Eucharistic sacrifice, when the people of God assemble together, Jesus Christ Himself is the chief celebrant; He presides invisibly over every Eucharist (CCC. 1348). When the celebrant and the faithful stand facing the altar, which is considered as God's throne and the tomb of Our Lord Jesus Christ, it symbolizes turning towards the Lord and heaven. As the offering part of the Holy *Qurbana* comes to an end by the Holy Communion, the remaining part of thanksgiving prayers and final blessing is administered by the celebrant facing again the people.

**The Revised *Qurbana Taksa* : Important Changes**

The original structure of the Holy Eucharist which we celebrate at present is derived from the East Syrian liturgical tradition which has to its merit one of the most ancient *Anaphoras.* The Holy *Qurbana* text of our Church has incorporated several adaptations and revisions in the past years. Modifications were adopted in 1599, 1962, 1968, and 1986 etc. When the *Thaksa* of 1989 was promulgated it was done on an experimental basis with the possibility of revision after five years. In view of this revision there were several studies and suggestions from the year 2013 onwards by the Central Liturgical Committee, concerned eparchial committees, the special Committee of Bishops and the Synod of Bishops. Duly considering the recommendations and findings of all these bodies, the January 2020 Synod unanimously approved the revised *Taksa* text of the Holy *Qurbana* and sent it for approval of the Apostolic See. The approval was granted by the Congregation for Eastern Churches on 9th June 2021. This revised text comes into force on 28th November 2021. In this revised text the quality of language is improved. Expressions which are more attuned to the original version have been assimilated.

Moreover, in addition to the Anaphora of Mar Addai and Mar Mari, this *Thaksa* contains the Anaphoras of Mar Theodore and Mar Nestorius. Besides, the rubrics are comparatively better explained. A second set of scriptural readings of the Holy *Qurbana*, imbibing the spirit of various liturgical seasons, are added in the newly prepared liturgical Calendar.

**The Revised *Thaksa* & Uniform Mode of Celebration: Some Facts to be Noted**


It is understood that certain false propaganda are being spread that along with the implementation of the revised text and the uniform mode of celebration of the Holy *Qurbana* there will be drastic changes in the hitherto devotional practices of the Church. They (especially those who oppose the implementation of uniform mode of celebration) wrongly propagate that when the Synodal decision approved by Apostolic See on uniform mode of celebration is implemented the devotional practices in the Church like veneration of saints, adoration of the Blessed Sacrament, Way of the Cross, Rosary, etc., will be abolished. Let me assure you that all the devotional practices approved by the Church, especially those existing at present, including the use of statues of saints, crucifix and all approved crosses, position of the tabernacle, etc., will remain as they are now. The practices of such pious devotions are helpful for the faithful to lead Christ and Eucharist centered life oriented to heaven in union with the Church.

Related to the implementation of the revised text and uniform mode of celebration of the Holy Qurbana (on 28 November 2021 onwards) the priests, *Kaikkars* (lay Trustees of parishes), the superiors of religious Institutes and the heads of institutions shall see that necessary arrangements are made in the church for the use of *Bema* separate from the Altar. Attention must be paid not to make great financial burdens because of these arrangements. All shall follow the rubrics given in the *Qurbana Taksa* (Missal). The celebration of the Holy Eucharist, which is the source and summit of Christian life, is an occasion for the People of God to witness to the unity and fellowship. St. Paul says: "I appeal to you, brothers and

sisters, in the name of our Lord Jesus Christ, that all of you agree with one another in what you say and that there be no divisions among you, but that you be perfectly united in mind and thought". Following this admonition of St. Paul, we shall begin the celebration of the revised text and uniform mode of the Holy *Qurbana* on the first Sunday of the liturgical season of *Mangalavarthakalam* (Advent). To mark this historical event, I will officiate the solemn Holy *Qurbana* according to the revised text on that day, at Lourdes Cathedral Church, Trichur, together with Mar Jacob Thoomkuzhy and Mar Tony Neelamkavil.

May the intercession and prayerful assistance of Mother Mary, Queen of Rosary and Star of Mission, who is the heavenly patroness of our Archeparchy and who is rightly qualified as the 'Mother of the Holy Eucharist', be with us. Let this season of *Mangalavarthakalam* when we prepare ourselves for the feast of the Nativity of our Lord, be a blessing to all of us. May God the Father, Son and the Holy Spirit bless each and every one of us.

Lovingly in Jesus,



**Mar Andrews Thazhath**
Metropolitan Archbishop of Trichur

---

NB:- This Pastoral Letter shall be read in all the churches and the institutions on Sunday 31st October 2021 and copies of the same shall be sent through Media to all the faithful of our Archeparchy. +AT

# കച്ചേരി വാർത്തകൾ

നവംബർ 2021

## 1. ഓർമ്മിക്കേണ്ട ദിവസങ്ങൾ

1 : സകല വിശുദ്ധരുടെയും തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മ
5 : ആദ്യവെള്ളി
വി. സഖറിയായും വി. ഏലീശ്വായും
7 : **പള്ളിക്കൂദാശ രണ്ടാം ഞായർ**
14 : **പള്ളിക്കൂദാശ മൂന്നാം ഞായർ**
21 : **പള്ളിക്കൂദാശ നാലാം ഞായർ**
: **മിശിഹായുടെ രാജത്വ തിരുനാൾ**
28: **മംഗളവാർത്ത ഒന്നാം ഞായർ**
30: വി. അന്ത്രയോസ് ശ്ലീഹാ

**2. ഗായകസംഘം നിയമാവലി:**
തൃശൂർ അതിരൂപത ഗായകസംഘം നിയമാവലി പ്രിന്റ് ചെയ്ത് വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്. ഡി.ബി.സി.എൽ.സി ബുക്ക്സ്റ്റാളിൽ നിന്നും കോപ്പികൾ ലഭ്യമാണ്.

**2. വൈദികനിയമനം:**

1. ഫാ. റോണി പാറക്കൽ SDV – അസി. വികാരി വിജയപുരം; സാധുത 2021 സെപ്തംബർ 13 മുതൽ.
2. ഫാ. ജെയ്സൻ വട്ടനിരപ്പേൽ – വിദേശത്ത് സേവനാനുമതി; നടത്തുവികാരി മഡോണ നഗർ, കപ്ലോൻ സി. എച്ച്. എഫ്. ഒഴിവായി; സാധുത 2021 സെപ്തംബർ 22 മുതൽ.
3. ഫാ. ബെസ്റ്റിൻ കാക്കശ്ശേരി – വിദേശത്ത് സേവനാനുമതി; നടത്തുവികാരി മണലൂർ വെസ്റ്റ്, കപ്ലോൻ സി. എം. സി., ഒഴിവായി; സാധുത 2021 സെപ്തംബർ 22 മുതൽ.
4. ഫാ. മനോജ് കീഴൂർമുട്ടിക്കൽ – നടത്തുവികാരി മഡോണ നഗർ & കപ്ലോൻ സി. എച്ച്. എഫ്.; സാധുത 2021 സെപ്തം ബർ 22 മുതൽ.
5. ഫാ. ജിമ്മി കല്ലിങ്കൽക്കുടിയിൽ – നടത്തുവികാരി മണലൂർ വെസ്റ്റ് & കപ്ലോൻ സി. എം. സി.; സാധുത 2021 സെപ്തംബർ 22 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ & പ്രോട്ടോ–സിഞ്ചെല്ലൂസ്

# നാളാഗമം

## സെപ്തംബർ 2021

1. അഭിവന്ദ്യ താഴത്ത് പിതാവ് പെരിഞ്ചേരി ഇടവകാംഗമായ പെരേപ്പാടൻ തോമസ് + തെരേസ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് (ആദം) മാമ്മോദീസ നൽകി.
3. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ മനക്കൊടിയിലും വടക്കേ കാരമുക്കിലും നിർമ്മിച്ചു നൽകിയ മൂന്ന് ഭവനങ്ങളുടെ വെഞ്ചരിപ്പു കർമ്മവും താക്കോൽദാനവും നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സി. ഫ്രാൻസി സി.എച്ച്.എഫിന്റെ ഒളരി ഹോളി ഫാമിലി കോൺവെന്റ് ചാപ്പലിൽ ഉച്ചക്ക് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
4. അഭിവന്ദ്യ താഴത്ത് പിതാവ് കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ ഡയാലിസിസ് കിറ്റിന്റെ വിതരണം നിർവ്വഹിച്ചു. ഉച്ചയ്ക്ക് ESAF ബാങ്കിന്റെ തൃശ്ശൂർ പ്രവർത്തനമാരംഭിക്കുന്ന പുതിയ ബ്രാഞ്ചിന്റെ ഉദ്ഘാടനം അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. വൈകിട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിങ്ങിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപ

ണം ചെയ്ത വി. ബലി ഡി.ബി. സി.എൽ.സി.യിൽ അർപ്പിച്ചു. വൈകിട്ട് എൻ.ബി.സി. എൽ.സിയുടെ ഗവേണിംഗ് ബോഡിയുടെ ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുത്തു.

5. സെപ്തംബർ 5 മുതൽ സെപ്തംബർ 28 വരെ പത്തു ബാച്ചുക ളിലായി നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി. സി.എൽ.സി. യിൽ ദിവ്യബലിയർപ്പിച്ചു. ഹോളി ഫാമിലി സന്യാസിനീ സമൂഹത്തിലെ സി. ജൂഡിത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. അദ്ധ്യാപകദിനത്തോടനുബ ന്ധിച്ച് ദീപികയുടെ നേതൃത്വത്തിൽ ഓൺലൈനായി നടന്ന അദ്ധ്യാപ കരുടെ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ചങ്ങനാശ്ശേരിയിലെ എസ്.ഡി. സിസ്റ്റേഴ്സിന് അധ്യാ പക ദിനത്തോടനുബന്ധിച്ച് സന്ദേശം നൽകുകയും ടീച്ചേർഴ്സ് ഡേ വെബിനാറിൽ പങ്കെടുക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് കെ.സി.ബി. സിയുടെ ഡോക്ട്രിനൽ കമ്മീഷന്റെ റിസോഴ്സ് പേഴ്സൺസ് ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.

6. അഭിവന്ദ്യ താഴത്ത് പിതാവ് ദിവംഗതനായ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നടന്ന ദിവ്യബലിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് പറോക് ഓൺലൈൻ സർവ്വേ റിപ്പോർട്ട് അവതരണത്തിൽ പങ്കെടുത്തു.

7. അഭിവന്ദ്യ ടോണി പിതാവ് അന്തരിച്ച ബഹു. സി. റോസ് ഗ്രേയ്സ്ലിൻ സി.എം.സിയുടെ തൃശ്ശൂർ സെന്റ് മേരീസ് കോളേജ് കോൺവെന്റ് ചാപ്പലിൽ വൈകിട്ട് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

8. അഭിവന്ദ്യ താഴത്ത് പിതാവ് സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താ സന്യാ സിനീ സമൂഹത്തിന്റെ സ്നേഹഭവൻ കോൺവെന്റിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് എം.എം.ബി കോൺഗ്രിഗേഷൻ മണലൂർ പ്രവർത്തനമാരംഭിച്ച St. Joseph’s Palliative Care Home ന്റെ വെഞ്ച രിപ്പ് കർമ്മം നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പറ പ്പൂർ പള്ളിയിൽ ഗ്രോട്ടോ വെഞ്ചിരിക്കുകയും വി. ബലി അർപ്പിക്കു കയും ചെയ്യുകയും മുണ്ടുപാലം സെന്റ് ജോസഫ് സ്ക്കൂളിന്റെ ഹാളിന് തറക്കല്ലിടുകയും ബഹു. സോളമൻ സി.എം.ഐ. അച്ചന്റെ രജത ജൂബിലിയോടനുബന്ധിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ മുഖ്യ അതിഥിയായി പ്രഭാഷണം നടത്തുകയും ചെയ്തു.

9. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വൈദികരുടെ വാർഷിക ധ്യാനത്തിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് ജൂബിലി മിഷ്യൻ നഴ്സിംഗ് കോളേജിൽ തിരി തെളിയിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.
10. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് ജോൺസ് ഹോസ്പിറ്റലിന്റെ ഓൺലൈനായി നടന്ന ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകിട്ട് ഓൺലൈനായി നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഡി.ബി.സി.എൽ.സിയിൽ ബഹു. ഫാ. ജോയ് എടക്കളത്തൂരിന്റെ പുസ്തക പ്രകാശനത്തിൽ പങ്കെടുക്കുകയും സെന്റ് തോമസ് കോളേജിൽ നടന്ന റിസേർച്ച് ആൻഡ് പബ്ലിക്കേഷൻ എത്തിക്സിന്റെ ഓൺലൈൻ മീറ്റിംങ്ങ് ഉദ്ഘാടനം സംസാരിക്കുകയും ചെയ്തു.
11. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന വെബിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് പറോക് ഓൺലൈൻ സർവ്വേ അവതരണത്തിൽ പങ്കെടുത്തു.
12. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലിയർപ്പിച്ചു. വൈകിട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന വെബിനാറിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഉച്ചക്ക് ബഹു. സി. ഡാലി എഫ്.എസ്.എസ്.ഇ. യുടെ രജത ജൂബിലിയോട് അനുബന്ധിച്ച് അരണാട്ടുക്കര പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് സിങ്കപ്പൂരിലുള്ള സീറോ–മലബാർ വിശ്വാസികൾക്ക് വേണ്ടി ഓൺലൈൻ സന്ദേശം നൽകുകയും പറോക് ഓൺലൈൻ സർവ്വേ അവതരണത്തിൽ പങ്കെടുക്കുകയും ചെയ്തു.
13. അഭിവന്ദ്യ താഴത്ത് പിതാവ് സെന്റ് മേരിസ് മൈനർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഇരിങ്ങാലക്കുട രൂപതാംഗവും മൂർക്കനാട് ഇടവകാംഗവുമായ ഫാ. ഫ്രാൻസിസ് ചിറയത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ഒല്ലൂർ പള്ളിയിൽ മാമ്മോദീസ കുർബാന അർപ്പിച്ചു. അന്തരിച്ച ബഹു. ഫാ. ഫ്രാൻസിസ് ചിറയത്തിന്റെ മൂർക്കനാടുള്ള വസതിയിൽ ഉച്ച കഴിഞ്ഞ് നടന്ന മൃതദേഹ സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു. വൈകിട്ട് കത്തോലിക്കസ പത്രത്തിന്റെ എഡിറ്റോറിയിൽ മീറ്റിംങ്ങിലും അഖിലേന്ത്യ തലത്തിൽ സെന്റ് തോമസ് കോളേജ് 64 ാം റാങ്ക് കരസ്ഥമാക്കിയതിനോടനുബന്ധിച്ച് നടത്തിയ ഓൺലൈൻ മീറ്റിംങ്ങിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

14. അഭിവന്ദ്യ താഴത്ത് പിതാവ് അതിരൂപതാ ആലോചന സമിതിയോഗത്തിൽ പങ്കെടുത്തു. വൈകിട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ബഹു. സി. ആനി ട്രീസ സി. എം. സിയുടെ നവതിയോടനുബന്ധിച്ച് ചിയ്യാരം ലേഡി വിക്ടറി കോൺവന്റിൽ വി. ബലി അർപ്പിക്കുകയും വൈദികരുടെ വാർഷിക ധ്യാനത്തിൽ വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് കൺസൽട്ടേഴ്സ് മീറ്റിംങ്ങിലും പാക്ട് എക്സ്പ്പേർട്ട്സ് മീറ്റിംങ്ങിലും ജൂബിലി മിഷ്യൻ ഹോസ്പിറ്റൽ ട്രസ്റ്റ് മീറ്റിംങ്ങിലും പങ്കെടുത്തു.
15. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ വ്യാകുലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് പുത്തൻ പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് എൽ.ആർ.സി. ചരിത്ര കമ്മീഷന്റെ ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.
16. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ അതിരൂപതയിലെ മൂന്ന് രൂപതകളിൽ നിന്നുള്ള കൂരിയ അംഗങ്ങളുടെ മീറ്റിംഗൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പല്ലിശ്ശേരി പള്ളിയിൽ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകുകയും വൈദികരുടെ വാർഷിക ധ്യാനത്തിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.
16. അഭിവന്ദ്യ താഴത്ത് പിതാവ് സി.ബി.സി.ഐ. സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സി.ബി.സി.ഐ.യുടെ ഓൺലൈൻ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിംങ്ങിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് പറോക് ഡിപ്ലോമ കോഴ്സിന് വേണ്ടിയുള്ള ഓറിയന്റേഷൻ വീഡിയോ സന്ദേശം നൽകി. വൈകിട്ട് കെ.സി.ബി.സിയുടെ ഓൺലൈൻ മീഡിയ സമ്മേളനത്തിൽ പങ്കെടുത്തു.
18. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അതിരൂപത മൈനർ സെമിനാരിയിൽ വി. ബലി അർപ്പിക്കുകയും ബഹു. ജോസഫ് തൈക്കാടൻ എസ്.ഡി.ബി അച്ചന്റെ അന്തരിച്ച അമ്മയുടെ ഭവനത്തിലെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും കോലഴി ചാരിറ്റി ജനറലേറ്റിൽ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് കെ.സി.ബി.സിയുടെ ഓൺലൈൻ വെബിനാറിൽ പങ്കെടുത്തു.
20. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മീഡിയ കത്തോലിക്ക തൽസമയം പ്രക്ഷേപണം ചെയ്ത വി. ബലി ഡി.ബി.സി.എൽ.സി.യിൽ

അർപ്പിച്ചു. ഉച്ച കഴിഞ്ഞ് ജ്യോതി എൻജിനിയറിംഗ് കോളേജിൽ അതിരൂപതയിലെ യുവജന സംഘടനകളുടെ ഭാരവാഹികൾക്ക് വേണ്ടി ഒരുക്കിയ ക്യാമ്പിൽ സന്ദേശം നൽകി.

20. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴിയിലുള്ള സി.എം.സി. നിർമ്മല പ്രോവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മണ്ണുത്തി എസ്.ഡി.വി. ഹൗസിൽ സിസ്റ്റേഴ്സിന്റെ പ്രഥമവ്രത, നിത്യവ്രത വാഗ്ദാനത്തിലും വി. കുർബാനയിലും മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ച കഴിഞ്ഞ് മണ്ണുത്തി ഇടവക നിർമ്മിച്ച് കൊടുക്കുന്ന വീടിന് തറക്കല്ലിട്ടു. വൈകിട്ട് സെന്റ് തോമസ് കോളേജിൽ ഒരു മീറ്റിംങ്ങിൽ പങ്കെടുക്കുകയും ചെയ്തു.
21. അഭിവന്ദ്യ താഴത്ത് പിതാവ് മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസ്സി കോൺവെന്റിൽ വച്ചു നടന്ന എഫ്.സി.സി സന്യാസസമൂഹാംഗങ്ങളുടെ സഭാവസ്ത്രസ്വീകരണത്തിനും ആദ്യവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് വൈദികരുടെ വാർഷിക ധ്യാനത്തിൽ വി. ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രോ–ലൈഫ് വെബിനാർ ഉദ്ഘാടനം ചെയ്തു. വൈകിട്ട് പറോക് ഓൺലൈൻ മീറ്റിംങ്ങിൽ സംബന്ധിച്ചു.
22. അഭിവന്ദ്യ താഴത്ത് പിതാവ് ചേറൂർ സെന്റ് ജോസഫ്സ് കോൺവെന്റിൽ വച്ചു നടന്ന സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി (എസ്.എം.സി) സന്യാസസമൂഹാംഗങ്ങളുടെ സഭാവസ്ത്രസ്വീകരണത്തിനും ആദ്യവ്രതവാഗ്ദാനത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ അഭിവന്ദ്യ പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മഞ്ഞക്കുന്ന് പള്ളിയിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് എൽ. ആർ. സി.യുടെ ചരിത്ര ഗവേഷണ ഓൺലൈൻ മീറ്റിംങ്ങിൽ പങ്കെടുത്തു.
24. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ നഴ്സിംഗ് കോളേജിന്റെ ഗ്രാജുവേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോലഴി സി.എം.സി. പ്രോവിഷ്യൽ ഹൗസിൽ വി. ബലി അർപ്പിച്ചു. വൈകിട്ട് ഷെക്കെയ്ന ടിവിയിൽ അന്തരിച്ച സി. നോർബട്ട് സി.എം. സിയെകുറിച്ച് വീഡിയോ സന്ദേശം നൽകി.
25. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് കലാസദന്റെ വാർഷിക ആഘോഷങ്ങളിൽ പങ്കെടുത്തു.
26. അഭിവന്ദ്യ താഴത്ത് പിതാവ് ഡി.ബി.സി.എൽ.സി യിൽ ദിവ്യബലി


യർപ്പിച്ചു. ഉച്ചകഴിഞ്ഞ് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വച്ച് അതിരൂപത സി.എൽ.സി യുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ മരിയോൽസവം 2020 ന്റെ സമ്മാനദാനവും മരിയോൽസവം 2021 ന്റെ ലോഗോ പ്രകാശനവും നിർവ്വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പല്ലിശ്ശേരി ശാന്തി വൻ പാലിയേറ്റീവ് ആശുപത്രിയിൽ വി. ബലി അർപ്പിക്കുകയും ചികിത്സ ഉപകരണങ്ങൾ വെഞ്ചിരിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് ചെവ്വൂർ ഇടവകയിലെ എ.സി.സി. വിദ്യാർത്ഥികൾക്കായി ഓൺലൈൻ ക്ലാസെടുത്തു.

27. അഭിവന്ദ്യ ടോണി പിതാവ് രാവിലെ അമലനഗറിലെ മേരി റാണി എഫ്.സി.സി. കോൺവെന്റ് ചാപ്പലിൽ പുതിയ ബലിപീഠം കൂദാശ ചെയ്യുകയും വി. ബലി അർപ്പിക്കുകയും മുളയം മേരീമാതാ സെമിനാരിയിലെ തിയോളജി പരീക്ഷയിൽ എക്സാമിനറാകുകയും ചെയ്തു. ഉച്ച കഴിഞ്ഞ് അവിണിശ്ശേരി സ്കൂളിൽ മാതാവിന്റെ രൂപം ആശീർവ്വദിക്കുകയും അവിണിശ്ശേരി ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടന നിർമ്മിച്ചു നൽകുന്ന വീടിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു.
28. അഭിവന്ദ്യ ടോണി പിതാവ് ഉച്ച കഴിഞ്ഞ് ഏങ്ങണ്ടിയൂർ സെന്റ് തോമസ് സ്കൂളിലെ ഗാന്ധിജയന്തിയോടനുബന്ധിച്ച് വീഡിയോ സന്ദേശം നൽകി. വൈകിട്ട് പറോക് ഡിപ്ലോമ ഓറിയന്റേഷൻ കോഴ്സിന് വേണ്ടി വീഡിയോ സന്ദേശം നൽകി.
29. ഓൺലൈനായി നടന്ന കെ.സി.ബി.സി മീറ്റിംഗിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പി.ഒ.സി.യിൽ മീറ്റിംങ്ങിൽ പങ്കെടുത്തു. വൈകിട്ട് കാൽഡിയൻ ഹാളിൽ അനുമോദന സമ്മേളനത്തിൽ പങ്കെടുത്തു.
30. അഭിവന്ദ്യ താഴത്ത് പിതാവ് കോലഴി ഇടവകാംഗമായ കരേപറമ്പിൽ ജെയ്സൻ + ഷീബ ദമ്പതികളുടെ 7–ാമത്തെ കുട്ടിക്ക് മാമ്മോദീസ നൽകി. കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ഡി.ബി.സി.എൽ.സിയിൽ വച്ചു നടന്ന ദിവ്യകാരുണ്യ ആരാധനയ്ക്ക് അഭിവന്ദ്യ പിതാവ് നേതൃത്വം നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പാസ്റ്ററൽ സെന്ററിൽ മദ്യ വിരുദ്ധ സമിതിയുടെ മീറ്റിംങ്ങിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് അമല മെഡിക്കൽ കോളേജ് ആശുപത്രിയിൽ ബി. എസ്. സി നേഴ്സിംഗ് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി. വൈകിട്ട് ഫാമിലി അപ്പോസ്റ്റോലേറ്റിന്റെ ആഭിമുഖ്യത്തിൽ കൊന്ത മാസത്തിന് ഒരുക്കമായി നടത്തിയ ഡി.ബി.സി. എൽ. സിയിൽ നടത്തിയ ഓൺലൈൻ കൊന്തക്കും ആരാധനക്കും നേതൃത്വം നൽകി.

# ധന്യൻ
# അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

## ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചന്റെ 65–ാം ചരമ വാർഷികാചരണം

തൃശ്ശൂർ അതിരൂപതയുടെ സുകൃതപുഷ്പമായ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 65–ാം ശ്രാദ്ധാചരണം കോവിഡ് 19 ന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കബറിടം സ്ഥിതി ചെയ്യുന്ന ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ സമുചിതമായി ആചരിച്ചു. ഒക്ടോബർ 1–ാം തിയതി എരുമപ്പെട്ടി ഫൊറോന വികാരി ബഹു. ഫാ. ഷാജൻ തേർമഠത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ബലിയർപ്പണ



ത്തോടുകൂടിയാണ് ആചരണത്തിന് തുടക്കം കുറിച്ചത്. തുടർന്ന് 12 ദിവസങ്ങളിൽ നവനാൾ ബലിയർപ്പണങ്ങളുണ്ടായിരുന്നു. ഒക്ടോബർ 2–ാം തിയതി ഊക്കനച്ചന്റെ വസതിയായിരുന്ന ജോൺ നിവാസിൽ 13 മണിക്കൂർആരാധനയും നടത്തുകയുണ്ടായി. 13–ാം തിയതി ശ്രാദ്ധദിനത്തിന്റെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകിയത് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവായിരുന്നു. ചൊവ്വ ന്നൂർ പള്ളി വികാരി ബഹു. ഫാ. ജോജോ എടത്തിരുത്തി, പാത്രമംഗലം പള്ളിവികാരി ബഹു. ഫാ. ജിന്റോ കുറ്റിക്കാട്ട് എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യബലിയ്ക്കു മുമ്പ് ബഹു. വികാരിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ പിതാവിന്റെ പ്രബുദ്ധമായ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ:

* ചൊവ്വന്നൂരിന്റെ അച്ചൻതമ്പുരാനും സഭയിലും സമൂഹത്തിലും വിശുദ്ധിയുടെ പരിമളം പരത്തിയ പുണ്യപുരോഹിതനുനാണ് ഊക്കനച്ചൻ.
* സ്നേഹത്തിന്റെ ഉപദേശം സഹോദരങ്ങൾക്ക് നൽകുമ്പോഴും വീരോചിതമായി സ്വജീവിതത്തിൽ അത് പ്രാവർത്തികമാക്കിയതിനാലാണ് അച്ചൻ തമ്പുരാനെന്നപേര് സ്വന്തമാക്കാനും, മതസൗഹാർദ്ദത്തിന്റെയും സഭൈക്യത്തിന്റേയും ഒരടയാളമായി മാറുവാനും അദ്ദേഹത്തിന് കഴിഞ്ഞത്. ഭരണംകൊണ്ടല്ല, മറിച്ച് സ്നേഹംകൊണ്ടും കാരുണ്യം കൊണ്ടുമാണ് ഊക്കനച്ചനിത് ആർജ്ജിച്ചെടുത്തത്.
* നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ എന്ന സുവിശേഷവചസുകളെ പ്രേരകശക്തിയായി അദ്ദേഹം സ്വീകരിച്ചു. താൻ അനുഭവിച്ചഞ്ഞ ദൈവപിതാവിന്റെ ഈ കരുണയ്ക്ക് ഊക്കനച്ചൻ നൽകിയ പ്രത്യുത്തരമായിരുന്നു തന്റെ പൗരോഹിത്യജിവിതം.
* തന്റെ കരങ്ങളും കാലുകളും ജീവിതവുമാണ് ദൈവത്തിന്റെ കൈകാലുകളായി മാറേണ്ടത് എന്ന ബോധ്യമാണ് കാരുണ്യത്തിന്റെ സുവിശേഷമായി മാറുവാൻ അദ്ദേഹത്തെ സഹായിച്ചത്.
* അപരന്റെ വേദന കാണുമ്പോൾ അസ്വസ്ഥമാകുമായിരുന്ന യേശുവിന്റേതുപോലുള്ള ഒരു മനസിനുടമയായിരുന്നു ഊക്കനച്ചൻ! അത് അദ്ദേഹത്തെ കാരുണ്യം പങ്കുവയ്ക്കാൻ പ്രേരിപ്പിച്ചു.
* തമ്പുരാൻ എന്നു വിളിക്കപ്പെടുമെങ്കിലും ഒരമ്മയുടെ മനസ്സ് സ്വന്തമാക്കിയ ധന്യനാണ് ഊക്കനച്ചൻ. അതിനാൽ കരുതലിന്റെ നല്ല വാർത്തയായി തീരുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.
* ഇന്ന് ദിവ്യകാരുണ്യസ്വീകരണത്തിലൂടെ ഊക്കനച്ചനെപ്പോലെ നമ്മുടേയും ജീവിതങ്ങളെ ദിവ്യകാരുണ്യയി മാറ്റുവാൻ, അപരന് സാന്ത്വനവും

ആശ്വാസവുമായിത്തീരുവാൻ നമുക്ക് പരിശ്രമിക്കാം. ഊക്കനച്ചന്റെ മാദ്ധ്യസ്ഥം തേടാം.


വി. ബലിയർപ്പണത്തിനു ശേഷം മാധ്യസ്ഥ പ്രാർത്ഥനയും കബറിടത്തിൽ പുഷ്പാർച്ചനയും നടത്തി. തുടർന്ന് 65–ാം ചരമവാർഷികത്തിനോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാന വിതരണം നടത്തി. ചാരിററി സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ബ. സി. റിൻസി സി.എസ്.സി. ഏവർക്കും നന്ദികളർപ്പിച്ചു. തുടർന്ന് ചൊവ്വന്നൂർ മുൻപള്ളിവികാരി ബ. ഫാ. ബെന്നികിടങ്ങന്റെ മുഖ്യകാർമ്മികത്വത്തിലും വി. ബലിയർപ്പണം ഉണ്ടായിരുന്നു. തിരുക്കർമ്മങ്ങളുടെ തത്സമയസംപ്രേഷണം ഷെക്കെയ്ന ചാനലിലും, മീഡിയകത്തോലിക്ക യൂട്യൂബ്ചാനലിലും സംലഭ്യമായിരുന്നു.

**നിന്നെ ഏൽപ്പിച്ചിരിക്കുന്ന നല്ല നിക്ഷേപങ്ങൾ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കാത്തുസൂക്ഷിക്കുക.**

***(2 തിമോ. 1:14)***

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

മനുഷ്യന്റെ ജീവിത ലക്ഷ്യത്തെക്കുറിച്ചും (അന്ത്യം) മരണത്തെക്കുറിച്ചും അച്ചൻ നൽകുന്ന ചിന്തകൾ നവംബർ മാസത്തിൽ ഓർക്കാം. ദൈവം എല്ലാ സൃഷ്ടികളെയും മനുഷ്യനുവേണ്ടി സൃഷ്ടിച്ചു. മനുഷ്യനെ ദൈവസ്തുതിക്കായി സൃഷ്ടിച്ചു. ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടതിനാൽ മനുഷ്യൻ മറ്റൊന്നിലും തൃപ്തനാകുന്നില്ല. മനുഷ്യന്റെ ജീവിതലക്ഷ്യം ദൈവമഹത്വമാണ്. ക്രിസ്ത്യാനിയുടെ ജീവിതലക്ഷ്യം ഉപരിദൈവമഹത്വമാണ്. വൈദികന്റെ ജീവിതലക്ഷ്യം ഏറ്റവും വലിയ ദൈവമഹത്വമാണ്. അവൻ മറ്റൊരു ക്രിസ്തുവാണ്. അവൻ ദൈവത്തിന്റെയും മനുഷ്യരുടെയും (ഇടയിൽ) മദ്ധ്യസ്ഥനാണ്.



മരണം പാപത്തിന്റെ ഫലമാണെന്ന് വ്യക്തമാക്കാൻ അച്ചൻ രണ്ട് ബൈബിൾ ഉദ്ധരണികൾ നൽകുന്നു. ഉല്പത്തി പുസ്തകം 2, 17ൽ പറയുന്നു: നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്. തിന്നുന്ന ദിവസം നീ മരിക്കും. വി. പൗലോസ് റോമ 5, 12ൽ പറയുന്നതും നാം ഓർക്കണം. (ഒരു മനുഷ്യൻ മൂലം പാപവും പാപം മൂലം മരണവും ലോകത്തിൽ പ്രവേശിച്ചു. അപ്രകാരം എല്ലാവരും പാപം ചെയ്തതുകൊണ്ട് മരണം എല്ലാവരിലും വ്യാപിച്ചു). മരണം പാപഫലമാണെന്നാണ് പൊതുവെ ജനങ്ങളെല്ലാവരും പറയുക. ദൈവം മനുഷ്യനെ ഒരു വിശേഷസൃഷ്ടിയായി സൃഷ്ടിച്ച് പ്രത്യേക വിധത്തിൽ ആത്മാവും ശരീരവും തമ്മിൽ ഘടിപ്പിച്ചിരിക്കുന്നു. അവയുടെ വേർതിരിവിനു കാരണം മരണം തന്നെയെന്നാണ് അച്ചൻ ചിന്തിക്കുന്നത്.

മരിക്കുന്നയാളുടെ അവസ്ഥയും ധ്യാനവിഷയമാക്കാൻ അച്ചൻ നമ്മോടു പറയുന്നു. "എന്തു പ്രയാസം, എന്തു വേദന, മനോവ്യഥ, കഴിഞ്ഞ കാലത്തെപ്പറ്റി പശ്ചാത്താപം, നടക്കുന്നതിൽ (നടന്നുകൊണ്ടിരിക്കുന്ന കാലത്തിൽ) വ്യസനം, വരുവാനിരിക്കുന്ന ഭാവിയെപ്പറ്റി എന്തുപേടി". പരിതാപകരമായ ആ അവസ്ഥയെ അച്ചൻ വർണ്ണിക്കുന്നു. "ഇന്ദ്രിയങ്ങളുടെ ശക്തി കുറയുന്നു. പ്രവൃത്തി നിലക്കുന്നു. കണ്ണ് കാണാതാകുന്നു. ചെവി കേൾക്കുന്നില്ല. നാഡികളുടെ അടി ശക്തി കുറഞ്ഞ് ഇല്ലാതാകുന്നു. ഇതാ എല്ലാം തീരുന്നു".

പള്ളിക്കൂദാശക്കാലം സഭയുടെ സ്വർഗ്ഗത്തിലെ മഹത്വീകരണത്തെപ്പറ്റി നാം ചിന്തിക്കുമ്പോൾ മരണത്തിനപ്പുറത്ത് നാം നേടാനിരിക്കുന്ന മഹത്വവും നാം ഓർക്കുന്നു. അതിനായി ഈ ലോകത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിയുള്ള ജീവിതം നയിക്കുവാൻ അന്തോണിയച്ചൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

**ഫാ. പോൾ പുളിക്കൻ**

പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. അനീഷ് കൂത്തൂർ | 02 |
| ഫാ. ജെയ്സൻ വടക്കേത്തല | 03 |
| ഫാ. മനോജ് താണിക്കൽ | 03 |
| ഫാ. ജാക്സൻ ചാലക്കൽ | 04 |
| ഫാ. ചെറിയാൻ പാറക്കൽ | 04 |
| ഫാ. സിബിൻ ഊക്കൻ | 05 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 |
| ഫാ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. സനൽ മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |




## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 |
| ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |




## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജോർജ്ജ് പുളിക്കൻ | 14.11.1854 |
| ഫാ. വറീത് കടവി | 04.11.1890 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09.11.1893 |
| ഫാ. ആന്റണി മഞ്ഞളി | 09.11.1895 |
| ഫാ. തോമസ് തെക്കേക്കര | 17.11.1895 |
| ഫാ. പോൾ ആലപ്പാട്ട് | 14.11.1920 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07.11.1933 |
| ഫാ. ജോൺ ഊക്കൻ | 20.11.1944 |
| ഫാ. ജോസഫ് ചിറയത്ത് | 12.11.1946 |
| ഫാ. ജോസ് മേനാച്ചേരി | 15.11.1954 |
| ഫാ. ജോസ് ഇരിമ്പൻ | 09.11.1957 |
| ഫാ. ജോൺ കിഴക്കൂടൻ | 15.11.1960 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20.11.1967 |
| ഫാ. പോൾ അമ്പൂക്കൻ | 11.11.1969 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17.11.1971 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16.11.1980 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10.11.1987 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23.11.2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 22.11.2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04.11.2014 |
| ഫാ. പീറ്റർ പാലയൂർ | 21.11.2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 19.11.2017 |



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

സെപ്റ്റംബർ 2021

**1. എം.എം.ബി.**

പരിശുദ്ധ ദൈവമാതാവിന്റെ ജനനതിരുനാൾ ദിവസമായ സെപ്റ്റംബർ 8ന് മലബാർ മിഷനറി ബ്രദേഴ്സ് സെന്റ് തോമസ് പ്രൊവിൻസ് മണലൂർ സാൻജോസ് ആശ്രമത്തോടനുബന്ധിച്ച് പാലിയേറ്റീവ് കെയർഹോമിന് തുടക്കം കുറിച്ചു. നിർദ്ധനരായ വയോജനങ്ങൾക്ക് പ്രത്യേകിച്ച് കാൻസർ രോഗികൾക്ക് സൗജന്യമായി സംരക്ഷണവും ശുശ്രൂഷയും പ്രദാനം ചെയ്യുകയാണ് കെയർ ഹോമിലൂടെ ലക്ഷ്യമിടുന്നത്. കഴിഞ്ഞ 26 വർഷമായി പ്രവർത്തിച്ചു വന്നിരുന്ന ബാലഭവനം ജുവനൈൽ ജസ്റ്റിസ് നിയമം മൂലം നിറുത്തലാക്കിയതിനാൽ ഈ സ്ഥലം ഉപയോഗപ്പെടുത്തിയാണ് കെയർ ഹോം ആരംഭിച്ചിരിക്കുന്നത്.

കെയർഹോമിന്റെ വെഞ്ചരിപ്പുകർമ്മം തൃശ്ശൂർ അതിരൂപതാ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. എം.എം.ബി. സുപ്പീരിയർ ജനറൽ ബഹു. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ ഉദ്ഘാടനകർമ്മം നടത്തി. തുടർന്നു നടന്ന പൊതുസമ്മേളനം മാർ ആൻഡ്രൂസ്

താഴത്ത് ഉദ്ഘാടനം ചെയ്തു. ബ്രദർ ബാസ്റ്റിൻ അദ്ധ്യക്ഷനായിരുന്നു. സെന്റ് തോമസ് പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. ബ്രദർ ജോസ് ചുങ്കത്ത് ഏവർക്കും സ്വാഗതമരുളി. കേരള ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ ഫാ. ലിജോ ചിറ്റിലപ്പിള്ളി, മണലൂർ സെന്റ് ഇഗ്നേഷ്യസ് പള്ളി വികാരി ഫാ. ജോൺസൺ ഒലക്കേങ്കിൽ, മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോൺസൺ പൊൻമാണി, പഞ്ചായത്ത് മെമ്പർ ശ്രീ. സൈമൺ തെക്കത്ത്, എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സാൻജോസ് കെയർഹോം മാനേജർ ബഹു. ബ്രദർ ഫ്ളാവിയൻ പുണർത്താംകുന്നേൽ ഏവർക്കും നന്ദി പറഞ്ഞു. കോവിഡ് ലോക്ഡൗണിന്റെ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് ഉദ്ഘാടനം നടത്തപ്പെട്ടത്.

**2. സി.എം.സി.**

ആലുവ ജനറലേറ്റിൽ വച്ച് നടന്ന പത്താമത് സാധാരണ ജനറൽ സിനാക്സിസിൽ വച്ച് സി. ഗ്രെയ്സ് തെരേസ് മദർ ജനറലായും സി. പ്രസന്ന, സി. റോസ് മേരി, സി. ആനി തോമസ്, സി. നവ്യ മരിയ, സി. റോസ്‌ലിൻ, സി. അനൂപ മാത്യൂസ് എന്നിവർ ജനറൽ കൗൺസിലേഴ്സായും തിരഞ്ഞെടുക്കപ്പെട്ടു. 19 ന് പ്രൊവിൻഷ്യൽ സിനാക്സിസിന് ഒരുക്കമായി 'നീയും പോയി അതുപോലെ ചെയ്യുക' എന്ന സിനാക്സിസ് വിഷയത്തെകുറിച്ച് അദിലാബാദ് രൂപതാ മെത്രാൻ അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് സിനാക്സിസ് അംഗങ്ങൾക്ക് ക്ലാസ്സുകൾ നൽകി. 23 ന് കോലഴി നിർമല പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന 21 –ാ മത് പ്രൊവിൻഷ്യൽ സിനാക്സിസിൽ സി. ക്രിസ്‌ലിൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയി തിരഞ്ഞെടുക്കപ്പെട്ടു. സി. സാലി പോൾ വികർ പ്രൊവിൻഷ്യൽ, സി. ഫിലോ പോൾ, സി. റാണി ജോർജ്, സി. മരിയറ്റ്, സി. മരിയ ജോസ് എന്നിവർ കൗൺസിലേഴ്സായും സി. ജോയൽ പ്രൊവിൻഷ്യൽ ഓഡിറ്ററായും, സി. ആൻലിറ്റ് പ്രൊവിൻഷ്യൽ സെക്രട്ടറിയായും, സി. പ്രെയ്സ് ഫിനാൻസ് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

**3 എഫ്.സി.സി.**

സെപ്റ്റംബർ 3–ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് NAAC Accreditation third cycle-Â CGPA 3.41 Score ഓടെ A+ Gradeന് അർഹരായി. ഈ വർഷം സഭാവസ്ത്രസ്വീകരണവും പ്രഥമ വ്രതവാഗ്ദാനവും നടത്തുന്ന 5 നോവിസിനെ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബിഷപ്പ് ഹൗസിൽ വച്ച് ഇന്റർവ്യൂ നടത്തി. മിസ്സോറാം മിഷനിൽ ശുശ്രൂഷ

ചെയ്യുന്നതിനായി സി. ജുൾഫി ജോസഫ് സെപ്റ്റംബർ 6–ാം തീയതി പോയി. പ്രൊവിൻഷ്യൽ സിനാക്സിസിനൊരുക്കമായി സെപ്റ്റംബർ 9 മുതൽ 12 വരെ ഫാ. ഡൊമിനിക് ഐപ്പൻപറമ്പിലിന്റെ നേതൃത്വത്തിൽ Online ആയി നടത്തിയ തപസ്സുധ്യാനത്തിൽ 114 പേർ പങ്കെടുത്തു. 17–ാം തീയതി കുട്ടംകുളം ആഞ്ചോ കോൺവെന്റിൽ വെച്ച് 7 അർത്ഥിനികളും (തൃശൂർ –4, ഇരിഞ്ഞാലക്കുട–2, പാലക്കാട്–1) കെനിയായിലെ സാന്താമരിയ റീജിയണൽ ഹൗസിൽ വച്ച് ഒരു അർത്ഥിനിയും വി. ഫ്രാൻസീസ് അസ്സീസിയുടെ മുറിവേറ്റ തിരുന്നാൾ ദിനത്തിൽ പ്രീ പോസ്റ്റുലൻസി Phase I ലേക്ക് ഔദ്യോഗികമായി പ്രവേശിച്ചു. സെപ്റ്റംബർ 21–ാം തീയതി മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി കോൺവെന്റ് ചാപ്പലിൽ വച്ച് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലി മദ്ധ്യേ 5 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു. പ്രോവിൻസിന്റെ Youtube Channelആയ Assisi Voice ലൂടെ Live ആയി സഭാംഗങ്ങളും കുടുംബാംഗങ്ങളും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. 26–ാം തീയതി പൂത്തോൾ കാൽവരി ആശ്രമത്തിൽ വച്ച് KFFU ന്റെ എക്സിക്യൂട്ടിവ് മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി, KFFU സെക്രട്ടറി സി. ജ്യോതിസ് എന്നിവർ പങ്കെടുത്തു. 30–ാം തീയതി തൃശൂർ അതിരൂപത സോഷ്യൽ സർവ്വീസ് വിഭാഗം സാന്ത്വനത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി പങ്കെടുത്തു.

**4. സി.എച്ച്.എഫ്.**

ഹോളിഫാമിലി കോൺഗ്രിഗേഷന്റെ നേതൃത്വത്തിൽ ABLAZE എന്ന പേരിൽ ഒരു ഗൂഗിൾ മീറ്റ് നടത്തി. സെപ്റ്റംബർ 20 മുതൽ 24 വരെ നടത്തിയ ഓൺലൈൻ ബോധവത്ക്കരണ ക്ലാസ്സുകളിൽ എല്ലാ പ്രോവിൻസുകളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.– നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ ഫാ. റാഫേൽ കോക്കാടന്റെ നേതൃത്വത്തിൽ അഞ്ച് ദിവസത്തെ വാർഷിക ധ്യാനം നടത്തി. നവജ്യോതി പ്രോവിൻസിലെ കോൺവെന്റുകളിലെ സുപ്പീരിയേഴ്സിന് പ്രൊവിൻഷ്യലേറ്റിൽ 20, 21 ദിവസങ്ങളിലായി സുപ്പരിയേഴ്സ് കോൺഫറൻസ് നടത്തി. തൃശ്ശൂർ നവജ്യോതി പ്രോവിൻസിലെ സിസ്റ്റേഴ്സിനായി പ്രോവിൻസിന്റെ നേതൃത്വത്തിൽ Overcoming the problems of Covid 19: The Pandemic എന്ന വിഷയത്തെ ആസ്പദമാക്കി ഗൂഗിൾ മീറ്റ് സംഘടിപ്പിച്ചു. ഡോ.സ്വാതി കൃഷ്ണ (Covid - Nodal Office JMMC) മുഖ്യപ്രഭാഷണം നടത്തി.

നവജ്യോതി പ്രോവിൻസിലെ സ്നേഹഭവനുകളുടേയും എയ്ജ്ഡ് ഹോമുകളുടേയും ചാർജ്ജ് വഹിക്കുന്ന സിസ്റ്റേഴ്സിന് പ്രൊവിൻഷ്യ ലേറ്റിൽ മീറ്റിങ്ങ് നടത്തി.

**5. എസ്.എ.ബി.എസ്.**

സെപ്തംബർ 3 ന്, Oriental Canon Law Society of India സംഘടിപ്പിച്ച Webinar ൽ (Theme: Dismissal of a member from the Religious Institute) സി. അൽഫോൻസ മൂഞ്ഞേലി, സി. ടെസ്മി തെക്കി നിയത്ത് എന്നിവർ പങ്കെടുത്തു. പ്രൊവിൻഷ്യൽ സിനാക്സിസിന്റെ ഒന്നാം സമ്മേളനം സെപ്തംബർ 20, 21 തിയ്യതികളിൽ നടന്നു. പ്രി–ആസ്പിരൻസ്, ആസ്പിരൻസിയിൽ പ്രവേശിക്കുന്നതിന് ഒരുക്കമായുള്ള ധ്യാനത്തിൽ സെപ്തംബർ 22 ന് പ്രവേശിച്ചു. സെപ്തംബർ 23 ന് ഗൂഗിൾ മീറ്റ് വഴി സുപ്പീരിയേഴ്സ് കോൺഫറൻസ് നടന്നു. ഈ കോൺഫ റൻസിൽ നാട്ടിലും, മിഷനിലും, വിദേശത്തുമുള്ള സുപ്പീരിയേഴ്സ് പങ്കെ ടുത്തു.

## ആദരാഞ്ജലികൾ



**02.09.2021 – സി.എച്ച്.എഫ്:** തൃശ്ശൂർ നവ ജ്യോതി പ്രോവിൻസിലെ ഒളരിക്കര ഹോളി ഫാമിലി ഭവനാംഗമായ സി. ഫ്രാൻസി (74) നിര്യാതയായി. സംസ്ക്കാര ശുശ്രൂഷ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാ വിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരി ഹോളിഫാമിലി മഠം സെമിത്തേരിയിൽ നട ത്തി.



**04.09.2021 – സി.എച്ച്.എഫ്:** തൃശ്ശൂർ നവ ജ്യോതി പ്രോവിൻസിലെ ചേലക്കര അമല ഭവൻ അംഗമായ സി. ജൂഡിറ്റ് (79) നിര്യാത യായി. സംസ്ക്കാര ശുശ്രൂഷ ഒളരിക്കര നവ ജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് തൃശ്ശൂർ അതിരൂപത മെത്രാപോലീത്ത അഭി വന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി.

## ആദരാഞ്ജലികൾ



**06.09.2021 – സി.എം.സി:** തൃശ്ശൂർ സെന്റ് മേരീസ് ഭവനാംഗമായ സി. ഗ്രെയ്സ്‌ലിൻ നിര്യാതയായി. തൃശ്ശൂർ അതിരൂപതാ മെത്രാപോലിത്താ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ തൃശ്ശൂർ സേക്രഡ് ഹാർട്ട് മഠം കല്ലറയിൽ സംസ്ക്കരിച്ചു.

.



**28.09.2021 – എഫ്.സി.സി:** തൃശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ ബഹു. സി. മരിയ നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ പ്രധാന കാർമ്മികത്വത്തിൽ തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**29.09.2021 – സി.എച്ച്.എഫ്.** നവജ്യോതി പ്രോവിൻസിലെ തൃശ്ശൂർ ഹോളിഫാമിലി ഭവനാംഗമായ സി.മേരി ജെനീസിയ നിര്യാതയായി. മോൺ. തോമസ് കാക്കശ്ശേരിയുടെ നേതൃത്വത്തിൽ മുക്കാട്ടുകര ബെത്‌ലേഹം കോൺവെന്റ് സെമിത്തേരിയിൽ സംസ്ക്കാര ശുശ്രൂഷ നടത്തി

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**1. സമ്മാനദാനം**

2019 വർഷത്തെ മിഷൻ ഞായർ, ദു:ഖ വെള്ളി പിരിവിൽ സമ്മാനാർഹമായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ. വീടുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ സംഖ്യ പിരിച്ചെടുത്ത ഇടവകകളും സ്ഥാപനങ്ങളുമാണ് ട്രോഫികൾ നേടിയിട്ടുള്ളത്. ത്യാഗപൂർവ്വം സംഭാവന നൽകുന്നതിൽ ഉദാരമനസ്ക്കരായ ഏവരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. ഇതിനു നേതൃത്വം നൽകിയ ബ.വൈദികർക്കും കൈക്കാരന്മാർക്കും കുടുംബക്കൂട്ടായ്മ ഭാരവാഹികൾക്കും ഇടവകാംഗങ്ങൾക്കും സമ്മാനർഹരായ സ്ഥാപനങ്ങളുടെ അധികാരികൾക്കും സ്റ്റാഫ് അംഗങ്ങൾക്കും സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

## 2. സമ്മാനാർഹരായ ഇടവകകൾ/ സ്ഥാപനങ്ങൾ

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| **മിഷൻ** | I | ബസിലിക്ക | 515 | 260518 | 505.86 |
| **ഞായർ** | II | വിജയപുരം | 660 | 252552 | 382.65 |
| **2019** | III | കണ്ണംകുളങ്ങര | 158 | 60250 | 381.32 |

| ഇനം | സ്ഥാനം | ഇടവക | സംഖ്യ |
|---|---|---|---|
| **മിഷൻ** | I | പാവറട്ടി | 8,14,468 |
| **ഞായർ** | II | കുരിയച്ചിറ | 5,89,717 |
| **2019** | III | ഒല്ലൂർ | 5,41,673 |

| ഇനം | സ്ഥാനം | സ്ഥാപനം | സംഖ്യ |
|---|---|---|---|
| **മിഷൻ ഞായർ** | I | മേരിമാതാ മേജർ സെമിനാരി, മുളയം | 2,10,000 |
| **2019** | II | സെന്റ് മേരീസ് മൈനർ സെമിനാരി, മഡോണനഗർ | 1,36,457 |
| | III | സെന്റ്.വിൻസന്റ് ഡി പോൾ, ഒല്ലൂർ | 50,000 |

| ഇനം | സ്ഥാനം | ഇടവക | വീടുകളുടെ എണ്ണം | മൊത്തം സംഖ്യ | ശരാശരി സംഖ്യ |
|---|---|---|---|---|---|
| **ദുഃഖ** | I | ബസിലിക്ക | 515 | 114710 | 222.73 |
| **വെള്ളി 2019** | II | നോർത്ത് തങ്ങാലൂർ | 48 | 4860 | 101.25 |
| | III | കണ്ണംകുളങ്ങര | 158 | 15147 | 95.86 |

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹമുള്ള കുട്ടികളെ,

കോവിഡിനെ തുടർന്നുള്ള നീണ്ട അവധിക്കാലം കഴിയുന്നതിന്റെ സന്തോഷം നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകുമെന്നറിയാം. ക്ലാസ് മുറിയിലിരുന്നുള്ള പഠനവും കൂട്ടുകാരുമൊത്തുള്ള സൗഹൃദവുമെല്ലാം തിരിച്ചു കിട്ടുന്നതിന്റെ സന്തോഷത്തിലാണ് നിങ്ങളെന്ന് വിശ്വസിക്കുന്നു. പഠനത്തിനായി വിദ്യാലയങ്ങളിലേക്ക് നിങ്ങൾ കടന്നു ചെല്ലുമ്പോൾ കുറെയേറെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനം സുരക്ഷിതരായിരിക്കുക എന്നതുതന്നെയാണ്. അതുകൊണ്ട് കുട്ടികളായ നിങ്ങളെല്ലാവരും സാമൂഹ്യ അകലം പാലിക്കുന്നതിലും, ഒരു മാസ്ക് ഉപയോഗിക്കുന്നതിലും, സാനിറ്റൈസ് ചെയ്യുന്നതിലും വീഴ്ച വരുത്താതിരിക്കാൻ ശ്രദ്ധിക്കണം. അധ്യാപകരുടെയും മാതാപിതാക്കളുടെയും നിർദ്ദേശങ്ങളെ അവഗണിക്കാതിരിക്കാനും ശ്രദ്ധിക്കുമല്ലോ?

രണ്ടു വർഷത്തോളം നീണ്ടുനിന്ന ഓൺലൈൻ വിദ്യാഭ്യാസ കാലഘട്ടത്തിനുശേഷം ഓഫ്ലൈൻ വിദ്യാഭ്യാസത്തിലേക്ക് കുട്ടികളായ നിങ്ങളോരോരുത്തരും മാറുകയാണ്. അറിവ് സമ്പാദനത്തിനും സൗഹൃദങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള അവസരമാണ് സ്കൂൾ കാലഘട്ടം. ഈ കാലഘട്ടത്തിൽ നിങ്ങൾ സമ്പാദിക്കുന്ന അറിവുകളും സൃഷ്ടിക്കുന്ന സൗഹൃദങ്ങളും നന്മനിറഞ്ഞതായിരിക്കണം. വിദ്യാഭ്യാസ കാലഘട്ടം തെരഞ്ഞെടുപ്പുകളുടെ കാലഘട്ടമാണ്. നിയമാവർത്തന പുസ്തകത്തിൽ പറയുന്നതുപോലെ നിങ്ങൾക്കു മുൻപിൽ 'ജീവനും നന്മയും, മരണവും തിന്മയും വെച്ചിരിക്കുകയാണ്' (നിയമാവർത്തനം. 30:15). ഇതിൽ നന്മയായതിനെ സ്വീകരിച്ചു ജീവനിലേക്ക് പ്രവേശിക്കാനുള്ള പരിശ്രമമാണ് സ്കൂൾ കാലഘട്ടത്തിൽ നടത്തേണ്ടത്. അതിന് നിങ്ങളെ സഹായിക്കുന്നവരാണ് മാതാപിതാക്കളും അദ്ധ്യാപകരും കൂട്ടുകാരുമടങ്ങുന്ന നിങ്ങളുടെ ചുറ്റുമുള്ളവർ.


വിദ്യാർത്ഥികളായ നിങ്ങളെല്ലാവരും നിങ്ങളിലേക്ക് വരുന്ന അറിവുകളെ സ്വീകരിക്കുന്നതിലും സൗഹൃദങ്ങൾ സ്ഥാപിക്കുന്നതിലും

ജാഗ്രത പുലർത്തേണ്ടതുണ്ട്. വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നതിപ്ര കാരമാണ് 'എല്ലാം നിയമാനുസൃതമാണ്; എന്നാൽ എല്ലാം പ്രയോജന കരങ്ങളല്ല. എല്ലാം നിയമാനുസൃതമാണ്; എന്നാൽ എല്ലാം പടുത്തുയർ ത്തുന്നില്ല' (1കൊറിന്തോസ്. 10:23). അതുകൊണ്ട്, വിദ്യാഭ്യാസകാലഘട്ടം ജീവനിലേക്ക് നയിക്കുന്ന നന്മയായതും നിങ്ങൾക്ക് പ്രയോജനകരമാ യതും നിങ്ങളെ പടുത്തുയർത്തുന്നതുമായ അറിവുകളെയും സൗഹൃദ ങ്ങളെയും സമ്പാദിക്കാനുള്ള കാലഘട്ടമാണ്. ഈയവസരത്തിൽ നവം ബർ ഒന്നു മുതൽ ആരംഭിക്കുന്ന ഓഫ് ലൈൻ ക്ലാസുകൾ ഈ കോവിഡ് മഹാമാരി കാലഘട്ടത്തിൽ ഏറെ ഹൃദ്യമായ അനുഭവമാകട്ടെയെന്ന ശംസിക്കുന്നു.

സകല വിശുദ്ധരെയും സകല മരിച്ചവരെയും അനുസ്മരിക്കുന്ന മാസമാണല്ലോ നവംബർ. 'അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം വിളിച്ചിരിക്കുന്നതെന്ന (1 തെസലോനിക്കാ 4 :7) ദൈവവചനം അനുസ്മരിച്ചു വിശുദ്ധിയിൽ ജീവിക്കാൻ പരിശ്രമിക്കാം. നവംബർ മാസം 21 ന് (പള്ളിക്കൂദാശാ നാലാം ഞായർ) ക്രിസ്തുരാജന് ജയ് വിളിച്ചും ക്രിസ്തുരാജ്യം വിജയിക്കട്ടെയെന്ന് ഉറക്കെ ഉദ്ഘോഷിച്ചും ക്രിസ്തു വിന്റെ രാജത്വ തിരുനാൾ ആഘോഷിക്കുന്നവരാണ് നാമെല്ലാം. ക്രിസ്തു വാണ് രാജാവെന്നും നേതാവെന്നും മുദ്രാവാക്യങ്ങളിൽ മാത്രമായി ഒതുക്കി നിർത്താതിരിക്കാൻ ശ്രദ്ധയുള്ളവരാകാം. ക്രിസ്തുവിനെ നിരാ കരിക്കാൻ നിർബന്ധിക്കുന്ന അറിവുകളെയും സൗഹൃദങ്ങളെയും തള്ളിക്കളയാൻ മാത്രം ആർജ്ജവമുള്ളവരാകാം. നിത്യപ്രകാശമായ ക്രിസ്തു നിങ്ങളുടെ പാതയിലെ ഇരുളകറ്റട്ടെ.

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കു ന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹന്നാൻ. 8: 12)

മിശിഹായിൽ സ്നേഹപൂർവ്വം



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

ഏറെ ത്യാഗവും ഔദാര്യവും കാഴ്ചവയ്ക്കുന്ന വിശ്വാസപരിശീലകരെ ആദരവോടും നന്ദിയോടും കൂടെ പ്രത്യേകമായി ഓർക്കുന്നു. നമ്മുടെ സ്വർഗ്ഗീയമധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാളും വിശ്വാസപരിശീലനദിനാചരണവും നമുക്ക് കൂടുതൽ അനുഗ്രഹം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

തിന്മയുടെ സ്വാധീനങ്ങൾ ചുറ്റിലും പതിന്മടങ്ങ് ശക്തിപ്പെടുമ്പോൾ, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ നന്മയുടെ സാക്ഷികളായി നമുക്ക് അണിനിരക്കാം. മരണത്തിനപ്പുറമുള്ള സ്വർഗ്ഗീയമഹത്വത്തെ ലക്ഷ്യമാക്കി നമുക്ക് മുന്നേറാം.

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

നവംബർ 4–ാം തിയതിയാണല്ലൊ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ (Patron of Catechists) തിരുസഭയിൽ ആചരിക്കുന്നത്. ഈ തിരുനാൾ നവംബർ 7–ാം തിയ്യതി ഞായറാഴ്ച്ച യൂണിറ്റുകളിൽ സമുചിതമായി ആഘോഷിക്കുന്നു. മാതാപിതാക്കളിലും കുട്ടികളിലും വിശ്വാസപരിശീലനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെടുത്താം. അന്നേദിവസം സ്റ്റാഫ് മീറ്റിംഗ്, അധ്യാപകരെ ആദരിക്കൽ എന്നിവ നടത്തേണ്ടതാണ്.

**2. മാർക്ക് എൻട്രിയും ഹാജരും**

നവംബർ 14 നുള്ളിൽ നവംബർ 7 വരെയുള്ള ഹാജരും മാർക്ക് എൻട്രിയും സോഫ്റ്റ് വെയറിൽ ചെയ്യേണ്ടതാണ്. നവംബർ 14 നു ശേഷം നവംബർ 7 വരെയുള്ള ഹാജർ സോഫ്റ്റ് വെയറിൽ ചെയ്യാൻ സാധിക്കുന്നതല്ല. മാർക്ക് എൻട്രി ചെയ്യുന്നതിനു മുമ്പ് അതുവരെയുള്ള ഹാജർ സോഫ്റ്റ് വെയറിൽ ചെയ്താൽ മാത്രമെ മാർക്ക് എൻട്രി ചെയ്യുവാൻ സാധിക്കുകയുള്ളു. 12, എസിസി വിദ്യാർത്ഥികളുടെ മാർക്ക് എൻട്രിയും റി എക്സാം രെജിസ്ട്രേഷനും നവംബർ 5നുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിൽ നിന്നുമാണ് റിഎക്സാമിനുള്ള വിദ്യാർത്ഥികളുടെ എണ്ണം എടുക്കുന്നത്.

**3. യൂണിറ്റ് വിസിറ്റ്**

ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ഓഫീസ് വിസിറ്റ് മാത്രമായി നവംബർ മാസത്തിലെ നാല് ഞായറാഴ്ച്ചകളിലായി യൂണിറ്റ് വിസിറ്റ് നടത്തപ്പെടുന്നു. യൂണിറ്റുകൾ ഓഫീസ് സംബന്ധമായ കാര്യങ്ങൾ കൃത്യമാക്കണം. യൂണിറ്റ് വിസിറ്റിന്റെ ദിവസത്തിൽ സ്റ്റാഫ് മീറ്റിംഗ് വിളിക്കേണ്ടതാണ്.

**4. സർവീസ് അവാർഡ്**

അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരു

ന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ, വികാരിയച്ചന്റെ ശുപാർശയോടെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്. ഈ വർഷത്തെ സർവ്വീസ് അവാർഡിനുള്ളവരുടെ പേരുവിവരം സോഫ്റ്റ് വെയറിൽനിന്നുമാണ് എടുക്കുക. എല്ലാ അധ്യാപകരുടേയും സർവ്വീസ് വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**5. റിട്ടയേർഡ് അധ്യാപർക്കുള്ള ആദരം**

ഈ വർഷം വിശ്വാസപരിശീലനത്തിൽ നിന്നും 65 വയസ്സായി വിരമിച്ചവരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**6. മെറിറ്റ് ഡേ:** 2020 –21 അധ്യയനവർഷത്തെ സമ്മാനദാനം (മെറിറ്റ് ഡേ & ACC Convocation, സർവ്വീസ് അവാർഡ്, റിട്ടയർ ചെയ്ത അധ്യാപകർക്കുള്ള ആദരം എന്നിവ) സാഹചര്യം അനുകൂലമായാൽ ജനുവരി 26 ന് നടത്തുവാൻ ഉദ്ദേശിക്കുന്നു.

**7. മിശിഹായുടെ രാജത്വത്തിരുനാൾ – നവംബർ 21 ഞായർ**

സാഹചര്യം അനുസരിച്ച് സാധിക്കുമെങ്കിൽ യൂണിറ്റുകളിൽ പതാക ഉയർത്തി ആഘോഷമായ ദിവ്യബലിയോടും മറ്റും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത്, 'യേശു രാജാധിരാ ജനാണ്' എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

**8. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2021 – 22**

യൂണിറ്റ് തലം – **2021 ഡിസംബർ 5, ഞായർ – 03.00 PM - 04.30 PM**

**വിശ്വാസവഴിയിലെ സംശയങ്ങൾ ഭാഗം 7,8,9,10,11**

**(പേജ് നമ്പർ 203277)**

അതിരൂപതാതലം – **2022 ജനുവരി 2, ഞായർ– 02.30 ജങ 04.30 ജങ**

അധിക പാഠ്യ ഭാഗം – **വെളിപാട് 1,2,3 അധ്യായങ്ങൾ**

**9. വിശ്വാസപരിശീനലനക്ലാസ്സുകൾ**

സ്കൂൾ തുറക്കാനുള്ള അനുമതി ഗവൺമെന്റ് നൽകുകയാണെങ്കിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്.

പ്രാർത്ഥനയോടെ

**ഫാ. ഫ്രാൻസിസ് ആളൂർ**
*ഡയറക്ടർ*

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
*അസി. ഡയറക്ടർമാർ*

# INSTITUTE OF THEOLOGY

**TRICHUR D B C L C**
(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**

(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.

2021–2022 അദ്ധ്യായനവർഷത്തിലെ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. Creation and Theological Anthropology (Rev. Dr. Lijo Chalissery), Theology of Sexuality and Marriage (Rev. Dr. Varghese Ukken), Psalms and Wisdom Literature (Rev. Fr. Denny Chirayath), Social Teachings of the Church (Prof. K.M. Francis) എന്നീ ക്ലാസ്സുകൾ കഴിഞ്ഞ മാസം നടന്നു.

**2. Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 74 പേരാണ് പങ്കെടുക്കുന്നത്. സുവിശേഷങ്ങൾ (Rev. Fr. Denny Chirayath), പത്തുകല്പനകൾ (Rev. Dr. Majo Marottikkal) എന്നീ ക്ലാസ്സുകൾ ഒക്ടോബർ മാസത്തിൽ നടന്നു.

**3. Advanced Certificate Course in Theology**

(affiliated to Chair for Christian Studies and Research, Calicut University)

സന്യാസിനികൾക്കായി Theology Course ന്റെ ക്ലാസ്സുകൾ മേരിമാ

താ മേജർ സെമിനാരിയിൽ നടക്കുന്നു.

- ആറുമാസം നീണ്ടുനിൽക്കുന്നു.
- ക്ലാസ്സുകൾ മേരിമാതാ മേജർ സെമിനാരിയിൽ നടക്കുന്നു.
- സന്യാസിനികൾക്കു മാത്രം.

**4. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരീശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**5. Basic CTC**

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരീശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരീശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. കോഴ്സ് നടക്കുന്നതിന്റെ വിശദവിവരങ്ങൾ പിന്നിട് അറിയിക്കുന്നതാണ്.

**6. Advanced CTC**

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ളതാണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**7. Course on Theology of Family**

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി
- കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്
- ആറുമാസത്തെ online കോഴ്സ്
- ഡിസംബറിൽ ആരംഭിക്കുന്നു.
- ആദ്യം റെജിസ്റ്റർ ചെയ്യുന്ന 50 ദമ്പതികൾക്ക് അവസരം
- കൂടുതൽ വിവരങ്ങൾ വൈകാതെ അറിയിക്കുന്നതാണ്.

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

**1. വാർഷികധ്യാനം**

2021–2022 അദ്ധ്യയനവർഷത്തിലെ വാർഷികധ്യാനം സെപ്തംബർ 28 മുതൽ ഒക്ടോബർ 3 വരെയുള്ള ദിവസങ്ങളിൽ നടന്നു. സെമിനാരി കുടുംബത്തിന്റെ ആത്മീയോന്നമനത്തിന് വാർഷികധ്യാനം ഏറെ ഉപകരിച്ചു. ദൈവസ്നേഹത്തിലും പരിശുദ്ധാത്മനിറവിലും എപ്പോഴും ജീവിക്കണമെന്ന് ധ്യാനഗുരു റവ. ഫാ. നോബിൾ മണ്ണാറത്ത് CMF ഉദ്ബോധിപ്പിച്ചു. ധ്യാനദിവസങ്ങളിൽ MSMI സഭാസമൂഹത്തിലെ ബഹു. സിസ്റ്റേഴ്സ് കൗൺസിലിങ്ങിന് സഹായിച്ചു. വാർഷികധ്യാനത്തിൻെറ പ്രാരംഭത്തിൽ പ്രശസ്ത ഗായകനും സംഗീത സംവിധായകനും അതിലുപരി ദൈവവചനപ്രഘോഷകനുമായ ശ്രീ. അൽഫോൺസ് ജോസഫ് തന്റെ ജീവിതത്തിലെ ദൈവാനുഭവങ്ങൾ പങ്കുവയ്ക്കുകയും ദിവ്യകാരുണ്യാരധനയിൽ സെമിനാരി കുടുംബത്തോടൊപ്പം സംബന്ധിക്കുകയും ചെയ്തു.

**2. PAROC Academic Programmes**

PAROC വിഭാവനം ചെയ്യുന്ന അക്കാദമിക പ്രോഗ്രാമുകളുടെയും പ്രസ്തുത സംരംഭത്തിലെ ആദ്യത്തേതായ Diploma in Pastoral Leadership കോഴ്സിൻെറയും ഉദ്ഘാടനം ഒക്ടോബർ 9 –ാം തിയ്യതി സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് കാർഡിനൽ ആലഞ്ചേരി നിർവ്വഹിച്ചു. ഉദ്ഘാടനയോഗത്തിൽ പ്രൊഫ. ചാക്കോ കാളാംപറമ്പിൽ അക്കാദമിക പ്രഭാഷണം നടത്തി. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, പ്രൊഫ. ജോഹൻ ടവർനീർ (കാത്തലിക് യൂണിവേഴ്സിറ്റി, ലുവെയ്ൻ), റവ. ഡോ. പോൾ പുളിക്കൻ (ക്രിസ്റ്റ്യൻ ചെയർ. കാലിക്കറ്റ് യൂണിവേഴ്സിറ്റി), റവ. ഡോ. സൈജോ തൈക്കാട്ടിൽ, റവ. ഡോ. അലക്സ് മരോട്ടിക്കൽ, റവ. ഫാ. ജെറിൻ അരിമ്പൂർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ച് സംസാരിച്ചു.

**3. ബേഴ്സ് സ്ഥാപിച്ചവർ**

**Benefactor Membership**

1. ശ്രീ. റാഫേൽ എം. എ., മുള്ളക്കര ഹൗസ്, പൂങ്കുന്നം, തൃശൂർ.

**Wellwisher Membership**

1. ശ്രീമതി എലിസബത്ത് വി. എൽ., എലുവത്തിങ്കൽ ഹൗസ്, ചെവ്വൂർ, തൃശൂർ.

2. ശ്രീ. തോമസ് ചാലക്കൽ, ചാലക്കൽ ഹൗസ്, നെട്ടിശ്ശേരി, നെല്ലങ്കര, തൃശൂർ.
3. ശ്രീമതി എൽസി താഴത്തേടത്ത്, താഴത്തേടത്ത് ഹൗസ്, മാന്ദാമംഗലം, തൃശൂർ.

"ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ" (1 തെസ. 5:17–18). എല്ലാ ഉപകാരികൾക്കും ഹൃദയംനിറഞ്ഞ നന്ദി. ദൈവം അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# മൈനർ സെമിനാരി

**1. വാർഷികധ്യാനം**

വൈദിക വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള വാർഷികധ്യാനം ആഗസ്റ്റ് 24 മുതൽ 28 വരെ നടന്നു. വാർഷികധ്യാനത്തിന് കോലഴി പള്ളി വികാരി ബഹു. ബാസ്റ്റിൻ പുന്നോലിപറമ്പിൽ അച്ചൻ ആത്മീയ നേതൃത്വം നല്കി.

**2. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലി അർപ്പണങ്ങൾ**

സെപ്തംബർ 13, 18 തിയ്യതികളിൽ യഥാക്രമം അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവും അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

**3. സെന്റ് വിൻസെന്റ് ഡി പോൾ കോൺഫ്രൻസ്**

സെമിനാരിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെന്റ് ഡി പോൾ സംഘടനയുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. സെമിനാരിയുടെ സാഹചര്യത്തിൽനിന്നുകൊണ്ട് ഉപവാസത്തിലൂടെയും മറ്റും സമാഹരിക്കുന്ന പണം ഉപയോഗിച്ച് സെമിനാരിക്ക് സമീപത്ത് താമസിക്കുന്ന ഏതാനും കുടുംബങ്ങളെ സഹായിക്കാനുള്ള സന്നദ്ധത വൈദിക വിദ്യാർത്ഥികൾ യോഗത്തിൽ കൈക്കൊണ്ടു.

**4. ദിവ്യകാരുണ്യ പ്രദക്ഷിണം**

ഈ വർഷത്തെ ദിവ്യകാരുണ്യ പ്രദക്ഷിണം കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിനമായ സെപ്തംബർ 14 ന് നടത്തി. സെമിനാരിയുടെ അകത്തളത്തിൽ ഏഴ് സ്ഥലങ്ങളിൽ പ്രത്യേകം അലങ്കരിച്ച പീഠങ്ങളിൽ ദിവ്യകാരുണ്യം വെച്ച് ആരാധിക്കുകയും പ്രദക്ഷിണം നടത്തുകയും ചെയ്തു. അഭിവന്ദ്യ ജെയ്ക്കബ് തൂങ്കുഴി പിതാവ് സമാപന ആശീർവ്വാദം നടത്തി.

**5. കുരിയച്ചിറ സെന്റ് ജോസഫ് ദേവാലയത്തിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി പെരി. ബഹു. തോമസ് ചൂണ്ടലച്ചന്റെ നേതൃത്വത്തിൽ മൈനർ സെമിനാരിയിൽ ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ഡെറി വർഗ്ഗീസ്, ആളൂർ ഹൗസ്, കുരിയച്ചിറ
2. ശ്രീ. തോമസ് എലുവത്തിങ്കലും കുടുംബവും, കുരിയച്ചിറ
3. ശ്രീ. ജോൺസൺ പാലിയേക്കരയും കുടുംബവും, കുരിയച്ചിറ
4. ഗായകസംഘം, സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ
5. ദർശന സഭ, സെന്റ് ജോസഫ്സ് ചർച്ച്, കുരിയച്ചിറ
6. ശ്രീ. ജോജു തളിയത്തും കുടുംബവും, കുരിയച്ചിറ
7. ശ്രീ. കാച്ചപ്പിള്ളി വർഗ്ഗീസ് റോയ്സ്, കുരിയച്ചിറ
8. ശ്രീ. സീജോ ചിറക്കേക്കാരനും കുടുംബവും, കുരിയച്ചിറ
9. ശ്രീ. ഫിലിപ്പ് ജോർജ്ജ് കുറ്റിക്കാട്ടും കുടുംബവും, കുരിയച്ചിറ
10. ശ്രീ. കെ. കെ. ഡേവിസും കുടുംബവും, കുരിയച്ചിറ
11. ശ്രീ. റാഫി പാലിയേക്കരയും കുടുംബവും, കുരിയച്ചിറ
12. ശ്രീ. സാവിയോ സോണി, മഠത്തിൽ ഹൗസ്, കുരിയച്ചിറ
13. ശ്രീമതി ആനി ജോസഫ്, മേക്കാട്ടുകുളം ഹൗസ്, കുരിയച്ചിറ

കോവിഡിന്റെ ഈ പ്രത്യേക കാലഘട്ടത്തിൽ അതിരൂപതയിലെ ഭാവി വൈദികരെ പരിശീലിപ്പിക്കുന്നതിന് സാമ്പത്തികമായും പ്രാർത്ഥന കൊണ്ടും സഹായിക്കാൻ മുന്നോട്ടുവന്ന കുരിയച്ചിറ സെന്റ് ജോസഫ് ഇടവക വികാരി ബഹു. തോമസ് ചൂണ്ടലച്ചനും ബേഴ്സ് സ്ഥാപിച്ചവർക്കും പ്രത്യേകം നന്ദി പറയുകയും നവതിയുടെ നിറവിലായിരിക്കുന്ന കുരിയച്ചിറ ഇടവക സമൂഹത്തിന് പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. ജൂബിലിക്ക് കോവിഡ് ഐ.സി.യു. നൽകി റോട്ടറി ക്ലബ്ബ്**

ജൂബിലി മെഡിക്കൽ കോളേജിന് റോട്ടറി ക്ലബ്ബ് ഓഫ് ട്രിച്ചൂർ സിറ്റി, റോട്ടറി ക്ലബ്ബ് ട്രിജ്വാന ഓയസ്റ്റെ സംഭാവന ചെയ്ത കോവിഡ് ഐ.സി.യു.-വിന്റെ ഉദ്ഘാടനം റോട്ടറി ഡിസ്ട്രിക്റ്റ് ഗവർണർ റൊട്ടേറിയൻ ശ്രീ. രാജശേഖർ ശ്രീനിവാസൻ നിർവ്വഹിച്ചു. റോട്ടറി ക്ലബ്ബ് ഭാരവാഹികളായ ശ്രീ. ടി. ആർ. വിജയകുമാർ, ശ്രീ. പ്രതാപ് വർക്കി, ശ്രീ. മനോജ് പുഷ്ക്കരൻ, ശ്രീ. ടോണി എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ ജൂബിലി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതവും, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നന്ദിയും പറഞ്ഞു. ഇതുവരെ ജൂബിലിയിൽ രണ്ടായിരത്തിഅഞ്ഞൂറോളം കോവിഡ് രോഗികൾക്ക് കിടത്തി ചികിത്സ നൽകിയതായി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അറിയിച്ചു.

**2. ഗ്രാജ്വേഷൻ സെറിമണി**

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങിലെ 14-ാം ബാച്ച് ബി.എസ്.സി. നഴ്സിങ്ങ്, 6-ാം ബാച്ച് എം.എസ്.സി. നഴ്സിങ്ങ് വിദ്യാർത്ഥികളുടെ ബിരുദദാനചടങ്ങ് തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് മുഖ്യസന്ദേശം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ഷിജോ മാപ്രാണത്തുക്കാരൻ, പ്രിൻസിപ്പാൾ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ എന്നിവർ സിഹിതരായിരുന്നു.

**3. ജൂബിലിയിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിജയം**

കേരള ആരോഗ്യ സർവ്വകലാശാലയുടെ എം.ബി.ബി.എസ്. പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 98.95 ശതമാനം വിജയം നേടി. 96 പേർ പരീക്ഷയെഴുതിയതിൽ 95 പേരും വിജയിച്ചു. യൂണിവേഴ്സിറ്റി തലത്തിൽ ഈ വർഷത്തെ ഏറ്റവും ഉയർന്ന വിജയ ശതമാനമാണ് ഇതെന്ന് പ്രിൻസിപ്പാൾ ഡോ. പ്രവീൺലാൽ അറിയിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങിലെ ബി.എസ്.സി.

നേഴ്സിങ്ങ് വിദ്യാർത്ഥികളും നൂറ് ശതമാനം വിജയം കൈവരിച്ചു. ഇതിൽ 8 പേർക്ക് ഡിസ്റ്റിങ്ങ്ഷൻ ഉണ്ട്. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് അഭിനന്ദിച്ചു.

**4. അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- തൃശ്ശൂർ Neuropedicon 2021 നോടനുബന്ധിച്ചു നടന്ന പോസ്റ്റർ പ്രസന്റേഷനിൽ Acute CNS Demyelination following SARS Cov 2 infection in children - A case series എന്ന വിഷയത്തിൽ പിഡിയാട്രിക്സ് വിഭാഗം റസിഡന്റ് ഡോ. ബെനീറ്റ മേരി മാത്യു ഒന്നാം സ്ഥാനം നേടി.
- നേഴ്സിങ്ങ് മേഖലയിലെ മികച്ച സേവനത്തിനുള്ള 2021 ലെ TMA - Florence Nightingle പുരസ്കാരം ഡെപ്യൂട്ടി നഴ്സിങ്ങ് സൂപ്രണ്ട് സിസ്റ്റർ മെർലി മാത്യു കരസ്ഥമാക്കി.
- തൃശ്ശൂർ മാനേജ്മെന്റ് അസോസിയേഷൻ (TMA) ട്രഷറർ ആയി എക്കൗണ്ട്സ് വിഭാഗം ജനറൽ മാനേജർ CA ജീൻ പോൾ തിരഞ്ഞെടുക്കപ്പെട്ടു.
- ന്യൂറോളജി വിഭാഗത്തിലെ പ്രൊഫ. പി. സി. ഗിൽവാസിനെ ദക്ഷിണേന്ത്യ സിനാപ്സ് മീറ്റ് അദ്ധ്യാപകദിനത്തിൽ മാസ്റ്റർ ടീച്ചർ അവാർഡ് നൽകി ആദരിച്ചു.
- എസ്. ഇന്ത്യാ 5 സ്റ്റേറ്റ്സ് ക്വിസിൽ അവസാന വർഷ ഡി.എം. പി.ജി ഡോ. കെവിൻ റെജി ഒന്നാം സമ്മാനവും, ഡോ. രോഹിത് പി. എസ്. മൂന്നാം സമ്മാനവും കരസ്ഥമാക്കി.

**5. ഡയാലിസിസിന് സംഭാവന നൽകിയവർ**

- സെന്റ് ആന്റണീസ് ചർച്ച്, തണ്ടിലം, തൃശ്ശൂർ (44 ഡയാലിസിസ്)
- അതിരൂപത മാതൃവേദി, തൃശ്ശൂർ (35 ഡയാലിസിസ്)
- സെന്റ് ജോസഫ് കോൺവെന്റ്, ചേറൂർ, തൃശ്ശൂർ (85 ഡയാലിസിസ്)
- ഫാ. ജസ്റ്റിൻ വൊക്കേഷണറി, തലോർ, തൃശ്ശൂർ (142 ഡയാലിസിസ്)
- സെന്റ് മേരീസ് ചർച്ച്, പേരാമംഗലം, തൃശ്ശൂർ (57 ഡയാലിസിസ്)

**6. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ജിൻസി അനൂപ്, വടക്കേത്തല ഹൗസ്, തലോർ, തൃശ്ശൂർ
- ഡോ. ജൂലിയറ്റ്
- ജൂബിലി സ്റ്റാഫ്, അന്തിക്കാട്ട് ഹൗസ്, അമലനഗർ, തൃശ്ശൂർ
- ഐറിൻ മരിയ ആന്റണി, പുലിക്കോട്ടിൽ ഹൗസ്, ചിറ്റാട്ടുകര, തൃശ്ശൂർ
- ജിൻസൺ ജോൺസൺ, കരുവൂക്കാരൻ ഹൗസ് വേലൂപ്പാടം, തൃശ്ശൂർ
- ബ്ലെസ്സി സിജോ
- ഷീജ ഷാജു, സ്റ്റാഫ് നേഴ്സ്, ഗ്യാസ്ട്രോ വാർഡ്, ജൂബിലി മിഷൻ

ആശുപത്രി

- കൊച്ചുത്രേസ്യ ജോണി, ആലപ്പാട്ട് ഹൗസ്, അടാട്ട് പി.ഒ, തൃശ്ശൂർ
- ജൂബിലി മിഷൻ HFC ക്വാർട്ടേഴ്സ്, തൃശ്ശൂർ
- സിജി ബിനു, പൂവ്വത്തുംപറമ്പിൽ ഹൗസ്, അവിട്ടപ്പിള്ളി, തൃശ്ശൂർ
- ഡോ. ഡേവിഡ് പുതുക്കാടൻ, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- തോമസ് സൈമൺ, നീലംങ്കാവിൽ ഹൗസ്, പേരാമംഗലം, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. മഹാരഥന്മാരെ അലങ്കരിച്ച് മേനാച്ചേരി ഹാൾ**

കോളേജ് മേനാച്ചേരി ഹാളിന്റെ ചുവരുകളിൽ ഇവിടെ പഠിച്ച മഹാരഥന്മാരുടേയും സന്ദർശിച്ച പ്രമുഖരുടേയും പേരും ഫോട്ടോയും ആലേഖനം ചെയ്തു. മഹാന്മാരെ പഠിപ്പിക്കുക മാത്രമല്ല ബഹുമാനിക്കുന്ന മാതൃകക്കും കോളേജ് സാക്ഷ്യം വഹിക്കുന്നു.

**2. ഇൻന്റക്ഷൻ പ്രോഗ്രാം**

ഒന്നാം വർഷ ഡിഗ്രി വദ്യാർത്ഥികൾക്കായ് മൂന്നു ദിവസത്തെ ഇൻന്റക്ഷൻ പ്രോഗ്രാമും ഇനിസിയേഷൻ പ്രോഗ്രാമും സംഘടിപ്പിച്ചു. കോളേജിലെ പാഠ്യേതര വിഷയങ്ങളിൽ ക്ലാസ്സുകൾ നടന്നു. റിസോഴസ് പേഴ്സൻ ശ്രീ പ്രവീൺ ചിറയത്ത്, മാനേജർ, എക്സിക്യൂട്ടീവ് മാനേജർ, പ്രിൻസിപ്പാൾ, അദ്ധ്യാപകർ എന്നിവർ കുട്ടികൾക്ക് വിവിധ ക്ലാസ്സുകൾ നയിച്ചു.

**3. വെബിനാർ**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ഡാറ്റ അനാലിസ് ആന്റ് പ്രോജക്ട് റിപ്പോർട്ട് പ്രിപ്പറേഷൻ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കൊല്ലം ടി.കെ.എം കോളേജ്, അദ്ധ്യാപകൻ

ഡോ. റിയാസ്. വി. ക്ലാസ്സ് നയിച്ചു.

- ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ടെയിസിംഗ് ട്രാജക്ടറി ഓഫ് ഇംഗ്ലീഷ് ഇൻ ഇന്ത്യ' എന്ന വെബിനാറിൽ വരണാസി, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി അദ്ധ്യാപകൻ ഡോ. വിപിൻ കെ. കടവത്ത് ക്ലാസ്സ് നയിച്ചു.
- എസ്. ഇ. എസ്, ആർ.ഇ.സി സെല്ലിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് 'സ്വച്ഛതയും ഗാന്ധിജയന്തിയും' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. സർവ്വോദയ ദർശൻ ചെയർമാൻ ശ്രീ. എം. പീതാംബരൻ, ബോട്ടണി ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ജോബി പോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു.
- ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് 'ഗാന്ധി ആന്റ് ഗാന്ധിസം' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഹിന്ദി പ്രചാരക സഭ പ്രസിഡന്റ് ഡോ. ജെ. രാമചന്ദ്രൻ നായർ വെബിനാർ നയിച്ചു.
- വിദ്യാർത്ഥികളുടെ ഓഡിറ്റ് കോഴ്സിന്റെ ഭാഗമായി 'ജന്റർ സെൻസിറ്റൈസേഷൻ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. മിസ്. റെനിറ്റ മാമ്പവൽ (സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് കേരള) വെബിനാർ നയിച്ചു.
- നിർഫ് റാങ്കിൽ ഉന്നതമായ സ്ഥാനലബ്ധിയിൽ അനുമോദിക്കാനും, നാക്ക് വിസിറ്റ് മുന്നോടിയായ ഒരുക്കത്തിനുള്ള ഉണർവിനുമായി വെബിനാർ സംഘടിപ്പിച്ചു. മാനേജർ, എക്സിക്യൂട്ടീവ് മാനേജർ, പ്രിൻസിപ്പാൾ, മുൻപ്രിൻസിപ്പാൾമാർ, വിദ്യാർത്ഥി, പി.റ്റി.എ, ഒ.എസ്.എ അദ്ധ്യാപക പ്രതിനിധികൾ അഭിനന്ദനങ്ങൾ നേർന്നു.

**4. നേട്ടം**

എം. ഡി കോളജ് പഴഞ്ഞിയുടെ മാനേജ്മെന്റ് സ്റ്റഡീസ് സംഘടിപ്പിച്ച് 'എനർജി ആന്റ് സസ്റ്റെനബിൾ ഡവലപ്പ്മെന്റ് ഗോൾസ്' എന്ന വിഷയത്തിൽ ഫിസിക്സ് ഡിപ്പാർട്ട്മെന്റ അദ്ധ്യാപകൻ ഡോ. റ്റി. വി. വിമൽകുമാർ ക്ലാസ്സു നയിച്ചു.

- ഫിസിക്സ് ഡിപ്പാർട്ട്മെന്റിലെ ഹെയ്സ് സുബിൻ എന്ന വിദ്യാർത്ഥിനിയ്ക്ക് 'ആസ്റ്ററോയ്ഡ് ഹണ്ടായ സിറ്റിസൺ സയൻസ് പ്രോഗ്രാമിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. ഈ പ്രോഗ്രാം ഇന്റർ നാഷണൽ ആസ്ട്രോണമിക്കൽ സെർച്ച് കൊളാബൊറേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രോഗ്രാമായിരുന്നു.
- ഹല്ലോ റേഡിയോയുടെ 'ടീ ടോക്സ്' പ്രോഗ്രാമിൽ ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ഫെബിൻ ബേബി പങ്കെടുത്തു.

- ദേശീയ തലത്തിൽ എസ്.ഐ.എഫ്.എഫ് യംഗ് ആർട്ടിസ്റ്റ് ഫെസ്റ്റിവൽ 2020–21 ൽ ഫ്ളൂട്ട് വിഭാഗത്തിൽ ആദ്യത്യ കൃഷ്ണൻ ടി. എൻ ഒന്നാം സ്ഥാനം നേടി.
- ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ബിജു സി.എസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി കാമ്പസിൽ റോഡിയോ പ്രോഗ്രാം തുടങ്ങുന്നതിലേക്കായി രൂപീകരിച്ച കമ്മറ്റിയിലേക്ക് നാമനിർദേശം ചെയ്യപ്പെട്ടു.
- ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ പ്രൊ. ഇമ്മാനുവൽ തോമസസ് കേരള ഇക്കണോമിക്സ് അസോസിയേഷൻ സംഘടിപ്പിച്ച പബ്ലിക് ലക്ചർ സീരീസിൽ പാനൽ എക്സ്പർട്ടായി പങ്കെടുത്തു.

**5. പി.എച്ച്.ഡി നേടി**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ മിസ്. അനില സി. 'ആൻ അനാലിസിസ് ഓഫ് സേവിംഗ് ആന്റ് ഇൻവെസ്റ്റ്മെന്റ് ബിഹേവിയർ ഓഫ് അർബൻ ഹൗസ് ഹോൾഡ്സ് ഇൻ കേരള' എന്ന വിഷയത്തിൽ ഡോ. കെ. എം. ഫ്രാൻസിസ് ആന്റ് ഡോ. സാബു പി.ജെ എന്നിവരുടെ മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി.

**6. അനദ്ധ്യാപക ദിനം ആഘോഷിച്ചു**

കോളേജിലെ അനദ്ധ്യാപകർ ഒക്ടോബർ 4–ന് അനദ്ധ്യാപക ദിനം ആചരിച്ചു.

**7. കുക്കറി ക്ലബ്**

കുക്കറി ക്ലബിന്റേയും നെസ്റ്റിൽ ഇന്ത്യ കമ്പനിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ 'മാജിക്ക് ഇൻ മിനുട്ട്' എന്ന ഡേമോൺസ്ട്രേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**8. എം.ഒ.യു**

സാന്തോം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാഗ്വേജസും, കോയമ്പത്തൂർ നെഹ്റു ആഡ്സ് ആന്റ് സയൻസ് കോളേജുമായി ഫോറിൻ ലാഗ്വേജസിന്റെ പഠനസൗകര്യത്തിനായി ധാരണാപത്രം ഒപ്പു വെച്ചു.

**9. മെന്റർ ഇന്നൊവേഷൻ ഇൻസ്റ്റിറ്റ്യൂഷൻ**

ദേശീയ എഡ്യൂക്കേഷൻ ഇന്നൊവേഷൻ സെൽ മന്ത്രാലയത്തിന്റെ കീഴിൽ ഐ.ഐ.സി യുടെ 4.5 സ്ക്കോർ നേടിയ ഈ കോളേജിനെ മറ്റു കോളേജുകളിൽ ഇനോനൊവേഷൻ സെൽ പരിശീലിപ്പിക്കാനുള്ള മെന്റർ കോളേജായി തെരഞ്ഞെടുത്തു. ഐ.ഐ.സി സെല്ലിന് അഭിനന്ദനങ്ങൾ.

**10. ടൂറോഫെസ്റ്റ്**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ടൂറോഫെസ്റ്റ്'

സംഘടിപ്പിച്ചു. റിയ ഗ്രൂപ്പ് ഡയറക്ടർ ശ്രീ തോമസ് മത്തായി ക്ലാസ്സ് നയിച്ചു. വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തു.

**11. വാക്സിനേഷൻ ഡ്രൈവ് നടത്തി**

കോള്ജ് പി.റ്റി.എ യും, ഐ.എം.എ യും, തൃശ്ശൂർ ഡി.എം.ഒ ഓഫിസിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കോളേജ് കുട്ടികൾക്ക് വാക്സ്നേഷൻ നടത്തുന്നതിന്റെ ഭാഗമായി രണ്ടു ദിവസത്തെ വാക്സിനേഷൻ ക്യാമ്പ് കോളേജിൽ നടത്തപ്പെട്ടു.

**12. ഗുരുവന്ദനം പെയ്പ്പർ പ്രസന്റേഷൻ മത്സരം**

അന്തരിച്ച പൂർവ്വ അദ്ധ്യാപകരോടുള്ള ബഹുമാനാർത്ഥം ബോട്ടണി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച ഫിസിയോളജി, ബയോകെമിസ്ട്രി ശാസ്ത്രശാഖകളിലുള്ള ശാസ്ത്രപ്രബന്ധങ്ങളുടെ പ്രസന്റേഷൻ മത്സരം സംഘടിപ്പിച്ചു. മൂന്ന് യൂണിവ്ഴ്സിറ്റികളെ പ്രതിനിധാനം ചെയ്തുകൊണ്ട് 11 കോളേജുകളിൽ നിന്നായി 15 വിദ്യാർത്ഥികൾ പങ്കെടുത്തു. 1 മുതൽ 5 വരോ സ്ഥാനം നേടിയവരെ പ്രൈസ് മണിയും, സർട്ടിഫിക്കറ്റും നൽകി ആദരിച്ചു.

**13. പുസ്തകം പ്രകാശനം ചെയ്തു**

മലയാളം ടിപ്പാർട്ട്മെന്റ് അദ്ധ്യാപിക ഡോ. സി. ഷീബ സി.വി 'അധിനിവേശാനന്തരവഴികൾ'എന്ന പുസ്തകം പ്രകാശനം ചെയ്തു. പോസ്റ്റ് കൊളോണിയൽ പഠനങ്ങൾക്ക് ഒരു ആമുഖമാണ് ഈ പുസ്തകം.

**14. നീറ്റ് പി.ജി സെന്റർ**

ദേശീയ മെഡിക്കൽ എൻട്രൻസ് പരീക്ഷയായ നീറ്റ്, പി.ജി എക്സാമിന് കോളേജ് ഒരു സെന്ററായി തെരഞ്ഞെടുത്ത് പരീക്ഷ നടത്തി.

**15. പ്ലെയ്സ്മെന്റ് സെൽ**

പ്ലെയ്സ്മെന്റ് സെൽ ക്ലാസ്സ് ലീഡർമാരുടെ സംഘമം സംഘടിപ്പിച്ചു.

സെല്ലിന്റെ ആഭിമുഖ്യത്തിൽ കോളേജിലെ മുഴുവൻ വിദ്യാർതഥികൾക്കും പ്ലെയ്സ്മെന്റ് ട്രെയിനിങ്ങ് സംഘടിപ്പിച്ചു. കുട്ടിക്കാനം മരിയൻ കോളേജ് അദ്ധ്യാകൻ ഡോ. ബ്രിജേഷ് ജോർജ്ജ് 'പ്ലയ്സ് കിക്ക്' എന്ന പേരിലുള്ള വെബിനാർ നയിച്ചു.

ഇസാഫ് ബാങ്ക്, ഓറിയോൺ ഇന്നോവേഷൻ, ഫോക്കസ് എഡുമേറ്റിക്സ്, സൺ ടെക്നോളജി, വിപ്രോ, ഇൻഫോസിസ്, ഐ.ബി.എം, ഗ്ലോബൽ സൊലൂഷൻ, റ്റി.സി.എസ് എന്നീ സ്ഥാപനങ്ങളിൽ ഓരോ വിദ്യാർത്ഥിക്കും, കോഗ്നിസന്റ് കമ്പനിയിൽ 6 പേർക്കും ജോലി ലഭിച്ചു.

**16. എൻ. സി. സി**

എൻ.സി.സി യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ 'വൈൽഡ് ലൈഫ് കൺസർവേഷൻ പ്രൊജക്ട്സ് ഇൻ ഇന്ത്യ' എന്ന വിഷയത്തിൽ വന്യജീവിവാരത്തോടനുബന്ധിച്ച് വീഡിയോ പ്രസന്റേഷൻ സംഘടിപ്പിച്ചു.

ലോക കാൻസർ ഫ്രീഡേ, ഓസോൺ ഡേ എന്നിവ ആഘോഷിച്ചു.

**17. എൻ.എസ്.എസ്**

സിറ്റിസൺസ് സർവേ ഓൺ ട്രാൻസ്പോർട്ടേഷൻ ഇൻ തൃശ്ശൂർ, വിവിധ സർക്കാർ ഓഫീസുകൾ വൃത്തിയാക്കി, കോളേജ് കൃഷിയിടം വൃത്തിയാക്കി, പ്രത്യേക ദിനങ്ങൾ ആചരിച്ചു. എൻ.എസ്. എസ് യൂണീറ്റിന്റെ ആഭിമുഖ്യത്തിൽ ലോക പോസ്റ്റ് ദിനം, ഗാന്ധി ജയന്തി ദിനം, ലോക ഹൃദയ ദിനം, ലോക സമാധാന ദിനം, ലോക ഓസോൺ ഡേ, എന്നിവ ആഘോഷിച്ചു. എൻ.എസ്.എസ് ഡേയുടെ ഭാഗമായി നടത്തപ്പെട്ട വെബിനാറിൽ തൃശ്ശൂർ ഗവൺമെന്റ് കോളേജ് അദ്ധ്യാപിക ഡോ. സോണി സി.എൽ പ്രഭാഷണം നടത്തി.

'ക്ലീനിംഗ് വീക്ക് ഗാന്ധിദർശൻ' എന്ന വിഷയത്തിൽ എൻ.എസ്. എസ് യൂണീറ്റ് വെബിനാർ സംഘടിപ്പിച്ചു. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് അദ്ധ്യാപകൻ ഡോ. ജോർജ്ജ് അലക്സ് പ്രഭാഷണം നടത്തി.

ലോകമാനസീകാരോഗ്യ ദിനത്തിന്റെ ഭാഗമായി വോബിനാർ സംഘടിപ്പിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് അദ്ധ്യാപകൻ റവ ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ പ്രഭാഷണം നടത്തി.

കുട്ടികൾക്കായി കൗൺസിലിംഗിന് അവസരമൊരുക്കി. 10–10–21 ന് 9 മണി മുതൽ 4 മണി വരെ ഡോ. വിമല കെ. ജോൺ, ഡോ. സി. ഷീബ സി.വി, ഡോ. സി. ജിഷ ജോസഫ്, ഡോ. ദിവ്യ ജോർജ്ജ് എന്നിവർ കുട്ടികളെ കൗൺസിലിങ്ങ് നടത്തി.

ഐ.എം.എ ബ്ലഡ് ബാങ്കിലേക്ക് യൂണീറ്റിലെ വിദ്യാർത്ഥികൾ രക്തം ദാനം ചെയ്തു.

| | |
|---|---|
| **ഫാ. ബിജു പാണേങ്ങാടൻ** | **ഡോ. ആന്റോ പി. വി.** |
| എക്സിക്യൂട്ടീവ് മനേജർ | പി.ആർ.ഒ |

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. സിനർജി സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ പന്ത്രണ്ടാമത് സിനർജി സീരിസ് സെപ്റ്റംബർ 25ന് സംഘടിപ്പിച്ചു. രാവിലെ 9 മണി മുതൽ 10 മണി വരെ നടത്തിയ സിനർജിയിൽ "എൻ ഇൻട്രോഡക്ഷൻ ടു കഥകളി" എന്ന വിഷയം അവതരിപ്പിച്ചത് ഫിലോസഫി വിഭാഗം അസി. പ്രൊഫ.രാധാദേവി എ.എസ് ആയിരുന്നു.

**2. ഹൃദ്യമായ സ്വീകരണം നൽകി**

നാച്ചുറൽ സയൻസ് ഓപ്ഷണൽ വിഭാഗത്തിൽ പുതിയ അധ്യാപികയായി ചാർജ് എടുത്ത ശ്രീവിദ്യ രാധാകൃഷ്ണൻ, ഫിസിക്കൽ സയൻസ് ഓപ്ഷണൽ വിഭാഗത്തിൽ ചാർജെടുത്ത രേഷ്മ കെ.ആർ എന്നിവർക്ക് സെപ്റ്റംബർ 25ന് മഹാജൂബിലി കുടുംബം ഹൃദ്യമായ സ്വീകരണം നൽകി.

**3. വീഡിയോ പ്രദർശിപ്പിച്ചു**

ലോകടൂറിസം ദിനത്തിന്റെ ഭാഗമായി ടൂറിസം ക്ലബ്ബിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 27ന് വീഡിയോ പ്രദർശിപ്പിച്ചു. വൈവിധ്യങ്ങളാർന്ന ടൂറിസ്റ്റ് സ്ഥലങ്ങൾ പരിചയപ്പെടുത്തികൊണ്ടുള്ള വീഡിയോ ആണ് പങ്കുവെച്ചത്.

**4. ഇനീഷ്യേറ്ററി ആരംഭിച്ചു**

2020 – 22 ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾ അധ്യാപന പരിശീലനത്തിന് മുന്നോടിയായി വിവിധ സ്കൂളുകളിലേക്ക് ഇനീഷ്യേറ്ററി എക്സ്പീരിയൻസിനായി കടന്നുചെന്നു. സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1 വരെയാണ് ഇനീഷ്യേറ്ററി കാലയളവ്.

**5. വീഡിയോ പ്രദർശിപ്പിച്ചു**

ശ്രീനാരായണഗുരു സമാധി ദിനത്തിൽ മലയാളം ഓപ്ഷണൽ വിഭാഗത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 21ന് വീഡിയോ പ്രദർശിപ്പിച്ചു. ശ്രീനാരായണഗുരുവിന്റെ ചരിത്രവും അദ്ദേഹത്തിന്റെ സന്ദേശങ്ങളും വീഡിയോയിൽ ഉൾക്കൊള്ളിച്ചിരുന്നു.

**6. ക്ലാസ്സുകൾ പുനരാരംഭിച്ചു**

കൊറോണ കാരണം നിർത്തലാക്കിയ എം.എഡ്, ബി.എഡ് ക്ലാസ്സുകൾ ഒക്ടോബർ നാലിന് പുനരാരംഭിച്ചു. എം.എഡ്, ബി.എഡ്

ബാച്ചുകളിലെ അവസാനവർഷ വിദ്യാർത്ഥികൾക്കാണ് ക്ലാസുകൾ പുനരാരംഭിച്ചത്.

**7. ഇന്റേൺഷിപ്പ് ആരംഭിച്ചു**

ബി.എഡ് വിദ്യാർത്ഥികളുടെ മൂന്നാം സെമസ്റ്ററിലെ ഇന്റേൺഷിപ്പ് ആരംഭിച്ചു. ഒക്ടോബർ 4 മുതൽ ജനുവരി 21 വരെ നാല് മാസത്തെ കാലയളവിലാണ് ഇന്റേൺഷിപ്പ് നടപ്പിലാക്കുന്നത്.

**8. ലോക പ്രകൃതിദിനം ആചരിച്ചു**

ഒന്നാം മാസ്റ്റർ ട്രെയിനി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഒക്ടോബർ 3ന് ലോക പ്രകൃതിദിനം ആചരിച്ചു. പ്രകൃതി ദിനത്തിന്റെ ഭാഗമായി പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട വീഡിയോ ആണ് പ്രദർശിപ്പിച്ചത്.

**9. മോഡൽ പരീക്ഷകൾ ആരംഭിച്ചു**

എം.എഡ് 2021–22 ബാച്ചിലെ വിദ്യാർത്ഥികളുടെ സെക്കന്റ് സെമസ്റ്റർ മോഡൽ പരീക്ഷകൾ ആരംഭിച്ചു. ഒക്ടോബർ 4 മുതൽ 7 വരെ രാവിലെ 9.30 മുതലാണ് പരീക്ഷകൾ ക്രമീകരിച്ചിരിക്കുന്നത്.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**1. സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾ ശാലോം ടെലിവിഷനിൽ**

തൃശ്ശൂർ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെ അറിയുവാനും അവയെ സമൂഹത്തെ അറിയിക്കുവാനുമായി **"കരുതും കരങ്ങൾ"** എന്ന ഡോക്യുമെന്ററിക്കുവേണ്ടി ശാലോം ടെലിവിഷൻ ടീം സാന്ത്വനത്തിലും സാന്ത്വനത്തിന്റെ പ്രവർത്തന മേഖലകളിലും സന്ദർശനം നടത്തി. തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഈ കാലഘട്ടത്തിലെ സാന്ത്വനത്തിന്റെ പ്രവർത്തനങ്ങൾ ക്രിസ്തുവിന്റെ കരുതലായി മാറി എന്ന് ഓർമ്മപ്പെടുത്തി. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസോസിയേറ്റ് ഡയറക്ടർ ഡോ.ജോസ് വട്ടക്കുഴി, അസി.ഡയറക്ടർ ഫാ. സിന്റോ തൊറയൻ എന്നിവർ സാന്ത്വനത്തിന്റെ പ്രവർത്തന മേഖലക

ളെ പരിചയപ്പെടുത്തി. സാന്ത്വനത്തിന്റെ കോർഡിനേറ്റർമാർ വിവിധ പ്രോജക്റ്റുകളെപ്പറ്റി സംസാരിച്ചു. മൂന്നു ദിവസത്തെ ശാലോം ടി.വി സന്ദർശനത്തിന് സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി, അസി. ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് എന്നിവർ നേതൃത്വം നൽകി. "**കരുതും കരങ്ങൾ**" എന്ന സാന്ത്വനത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി 6 എപ്പിസോഡുകളിലായി തിങ്കളാഴ്ചകളിൽ ശാലോം ടി.വിയിൽ സംപ്രേക്ഷണം ചെയ്തുവരുന്നു.

**2. പരിശീലനപരിപാടിയിൽ പങ്കെടുത്തു**

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ രൂപതകളുടെ സോഷ്യൽ സർവ്വീസ് സെന്റർ ഡയറക്ടർമാർക്കുവേണ്ടി പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയിലും മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയിലുമായി ഒക്ടോബർ 12, 13 തീയ്യതികളിലായി പരിശീലനപരിപാടി നടക്കുകയുണ്ടായി. തൃശൂർ അതിരൂപതക്കുവേണ്ടി സാന്ത്വനം അസോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി പരിശീലനപരിപാടിയിൽ പങ്കെടുത്തു.

**3. " NURTURE " പ്രോജക്റ്റ്**

കേരള സോഷ്യൽ സർവിസ് ഫോറവും സാന്ത്വനവും സംയുക്തമായി നടപ്പിലാക്കുന്ന നർചർ പ്രോജക്റ്റിന്റെ ഭാഗമായി സാന്ത്വനം 7 വൃക്ഷത്തൈകൾ നടുകയുണ്ടായി. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ വൃക്ഷത്തൈ നട്ടുകൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. വേരുകൾ അടിസ്ഥാനമാക്കി വളപ്രയോഗം നടത്തുന്ന റൂട്ട്സോൺ ഫോർട്ടിഗേഷൻ എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചത്. വീട്ടിൽ പച്ചക്കറിത്തോട്ടം നിർമിക്കുന്നതിനായി 40 പേരെയും നെൽകർഷകരെ ജൈവവള പ്രയോഗത്തിലേക്കു കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 2 നെൽകർഷകരെയും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനായി 4 സ്ഥാപനങ്ങളെയും തിരഞ്ഞെടുത്തു. അതിനാവശ്യമായ വിവര ശേഖരണം നടത്തി കേരള സോഷ്യൽ സർവിസ് ഫോറത്തിനു നൽകുകയുണ്ടായി.

**4. നവജീവൻ പ്രോജക്ട്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന പ്രകൃതി ദുരന്തനിവാരണ പദ്ധതിയായ നവജീവൻ പ്രോജക്ട് പുരോഗമിക്കുന്നു. കാരിത്താസിൽനിന്ന് ലഭിച്ച, ദുരന്തനിവാരണത്തിനായി ഉപയാഗിക്കുന്ന പത്ത് എമർജൻസി കിറ്റുകൾ ചാഴൂർ പഞ്ചായത്തിൽ വിതരണം ചെയ്തു. പദ്ധതിയുടെ ഭാഗമായി സപ്റ്റംബർ 16 നു 100–ഓളം വളണ്ടിയേഴ്സിനു ഓൺലൈൻ പരിശിലന പരിപാടി സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടിവ് ഫാ പോൾ മൂഞ്ഞേലി ,

സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, കാരിത്താസ് സ്റ്റേറ്റ് ഓഫിസർ അബിഷ് ആന്റണി, നവജിവൻ പ്രോഗ്രാം കോർഡിനേറ്റർ ആംസ്ട്രോങ് അലക്സാണ്ടർ, നവജിവൻ വളണ്ടിയേഴ്സ് എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 7 നു നടന്ന ഡിഡിആർ കോർഡിനേറ്റർഴ്സ് മീറ്റിങ്ങിൽ സാന്ത്വനം കോർഡിനേറ്റർ നെൽസൻ പങ്കെടുത്തു. നവജിവൻ പ്രോജക്റ്റിന്റെ അർദ്ധവാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും കാരിത്താസിനു നൽകുകയും ചെയ്തു.

**5. ആശാകിരണം**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം കാൻസർ സുരക്ഷയജ്ഞത്തിന്റെ സെപ്റ്റംബർ മാസത്തെ ലെയ്സൺ ഒഫിസർമാരുടെ മീറ്റിങ്ങിൽ സാന്ത്വനം കോർഡിനേറ്റർ നെൽസൻ പങ്കെടുത്തു. ആശാകിരണം അർദ്ധവാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും കാരിത്താസിനു നൽകുകയും ചെയ്തു.

**6. ലാവൻഡർ ആർമി**

ആശാകിരണം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന ലാവൻഡർ ആർമി വിവിധ സ്കൂളുകളിൽ സജിവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സെന്റ് സേവ്യഴ്സ് ഹൈസ്ക്കുൾ, ചൊവ്വൂർ സ്കൂളിലെ 100 വിദ്യാർത്ഥികൾക്കായി ഓൺലൈൻ കാൻസർ സുരക്ഷ ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു. ഡോ.സ്മിനി മൂഞ്ഞേലി നയിച്ച ക്ലാസിൽ സാന്ത്വനം അസ്സോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി ,സ്കൂൾ ഹെഡ്മിസ്ട്രസ് ഷേർളി ആന്റണി, സാന്ത്വനം കോർഡിനേറ്റർ നെൽസൻ എന്നിവരും പങ്കെടുക്കുകയുണ്ടായി.

**7. സ്വയം സഹായ സംഘങ്ങൾ**

അതിരൂപത സാമൂഹ്യ സേവന വിഭാഗമായ സാന്ത്വനത്തിന്റെ കിഴിലുള്ള സ്വയം സഹായ സംഘങ്ങൾക്കു ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. കാച്ചേരിയിലെ കർമ്മലമാത, പെരിഞ്ചേരിയിലെ ഷാരോൺ, തിരുഹൃദയം ,മരിയ, കല്ലൂർ ഈസ്റ്റിലെ മമത, ഹെവൻ, മറിയം ത്രേസ്യ എന്നീ സ്വയം സഹായ സംഘങ്ങൾക്കു സാന്ത്വനം അസോസിയേറ്റ് ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ ബീന വർഗ്ഗിസ്, ആനിമേറ്റർ അനിത ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ ഓൺലൈൻ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. കല്ലൂർ, ഈസ്റ്റ്, പനമുക്ക്, വെട്ടുക്കാട്, പെരിഞ്ചേരി എന്നിവിടങ്ങളിലെ സ്വയം സഹായ സംഘങ്ങൾക്കു സാന്ത്വനം സ്വിഫ്റ്റ് മാർട്ടിന്റെ 615 സെൽഫ് കെയർ കിറ്റുകൾ സംഘാംഗങ്ങൾ വഴി വിറ്റഴിക്കുന്നതിനായി എത്തിച്ചു കൊടുത്തു.

**8. സുധിർ പ്രോജക്റ്റ്**

കാരിത്താസ് ഇന്ത്യയും ക്രിസ്ത്യൻ റിലിഫ് സർവീസും ചേർന്ന് കേരള സോഷ്യൽ സർവിസ് ഫോറവും വഴി നടപ്പിലാക്കുന്ന കോവിഡ് 19 അവയർനസ് പ്രോഗ്രം തൃശ്ശൂരിൽ പുരോഗമിക്കുന്നു. തൃശ്ശൂർ, ഇരിഞ്ഞാലക്കുട ,കോട്ടപ്പടി രൂപതകളിൽ ഡാറ്റാ കളക്ഷൻ നടന്നു വരുന്നു. ശേഖരിച്ച ഡാറ്റാ കാരിത്താസ് ഇന്ത്യയുടെ ഗുഗിൾ ഷിറ്റിൽ അപ്ലോഡ് ചെയ്യുന്നു. റീജിയണൽ കോർഡിനേറ്റേഴ്സിനായി സംഘടിപ്പിച്ച ട്രെയിനിങ്ങ് പ്രോഗ്രാമിൽ സുധീർ പ്രോജക്റ്റ് കോർഡിനേറ്റർ തോമസ് എലുവത്തിങ്കൽ പങ്കെടുത്തു.

**9. സേവ് എ ഫാമിലി**

സേവ് എ ഫാമിലി ഐശ്വര്യഗ്രാമിൽ നിന്നു പ്രോഗ്രാം ഫീൽഡ് കോർഡിനേറ്റേഴ്സിനുവേണ്ടിയുള്ള 3 ദിവസത്തെ ഓൺ ലൈൻ ട്രെയിനിങ്ങ് നടത്തപ്പെട്ടു. സോഫ്റ്റ് വെയർ അപ്ഡേഷനെ കുറിച്ചും, 6 മാസം ചെയ്തു തീർക്കണ്ട ആക്ടിവിറ്റി പ്ലാൻ എന്നിവയെക്കുറിച്ചുമാണ് ട്രെനിങ്ങിൽ ചർച്ച ചെയ്തത്. ട്രെയിനിങ്ങിൽ സേവ് എ ഫാമിലി പ്രോഗ്രാം ഫീൽഡ് കോർഡിനേറ്റർ അനു വി. എസ് പങ്കെടുത്തു.

സേവ് എ ഫാമിലിയിൽ നിന്നും സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

പറപ്പൂർ–24818, എടക്കളത്തുർ–30055, പട്ടിക്കാട്–7338, പോന്നൂർ–21123, വെലൂർ–18380, തയ്യൂർ–9021, കാച്ചേരി–8417,കണ്ണാറ–73819

**10. ഗോഡ്സ് ഓൺ ഫാമിലി**

ഈ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങൾക്ക് 3 മാസത്തെ സംഖ്യ അവരുടെ ബാങ്ക് എക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുകൊടുത്തു. പുതുതായി ഈ പദ്ധതിയിലേക്ക് എടുത്ത അടാട്ട്, പൂച്ചുണ്ണിപ്പാടം, തിരൂർ, മുല്ലശ്ശേരി എന്നീ ഇടവകകളിലെ കുടുംബങ്ങൾക്ക് വീട്ടിലേക്ക് ആവശ്യമുള്ള പലചരക്ക് സാധനങ്ങൾ സ്വിഫ്റ്റ് മാർട്ട് വഴി വിതരണം ചെയ്തു.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി.ഡയറക്ടർ

**ഫാ. പോൾ മാളിയമ്മാവ്**
അസി.ഡയറക്ടർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**1. നന്ദിയോടെ**

2021 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വിവാഹ കോഴ്സിന് സംബന്ധിച്ച കുട്ടികളുടെ മാതാപിതാക്കളുടെ സെമിനാർ ഏറെ ഹൃദ്യമായിരുന്നു. സെമിനാർ നയിച്ച ഫാ. പോൾ പൊട്ടക്കലച്ചനും പങ്കെടുത്ത എല്ലാ മാതാപിതാക്കൾക്കും ഒത്തിരി നന്ദി. ഈ സെമിനാറിന് നേതൃത്വം കൊടുത്ത ഫാമിലി അപ്പൊസ്റ്റൊലേറ്റ് ടീമംഗങ്ങൾക്കും നന്ദി പറയുന്നു.

**2. ദാമ്പത്യ ബന്ധം എങ്ങനെ ഊഷ്മളമാക്കാം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2021 ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനത്തിന്റെ ഭാഗമായി ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. നവംബർ 14 ഞായറാഴ്ച്ച വൈകീട്ട് 7 മുതൽ 8.30 വരെയാണ് സമയം. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ് എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**3. മാതാപാതാക്കൾക്കുള്ള സെമിനാർ**

2020 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിൽ പ്രീകാന കോഴ്സിൽ പങ്കെടുത്ത യുവതി യുവാക്കളുടെ മാതാപിതാക്കൾക്കു വേണ്ടി “എങ്ങനെ യുവദമ്പതികളെ സഹഗമിക്കാം” എന്ന വിഷയത്തെ ആസ്പദമാക്കി വെബിനാർ സംഘടിപ്പിച്ചിരിക്കുന്നു. നവംബർ 21 ഞായർ വൈകീട്ട് 7 മുതൽ 8.30 വരെയാണ്. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികളുടെ മാതാപിതാക്കളെല്ലാവരും തന്നെ നിർബന്ധമായും ഈ വെബിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. ഈ വെബിനാറിൽ സംബന്ധിക്കാനുള്ള ലിങ്ക്, ഐഡി, പാസ്കോഡ്

എന്നിവ നിങ്ങളുടെ വാട്ട്സ് ആപ്പ് നമ്പറിലേക്ക് അയച്ചുതരുന്നതായിരിക്കും.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജിന്റോ ചൂണ്ടൽ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**ഏലീശ്വാ സഹഗമനം**

അതിരൂപത ജോൺപോൾ പ്രോലൈഫ് സമിതിയും ഹോളി ഫാമിലി സിസ്റ്റേഴ്സും ഒന്നുചേർന്ന് ഗർഭസ്ഥാവസ്ഥയിലിരിക്കുന്ന അമ്മമാർക്കായി ഗർഭക്കാലം മുഴുവൻ നീണ്ടുനിൽക്കുന്ന അനുഗ്രഹ അനുയാത്ര സംരംഭം.... ഏലീശ്വാ സഹഗമനം.

**ഉൾപ്പെടുന്ന പരിപാടികൾ**

1. ഗർഭസ്ഥകാലം മുഴുവൻ പ്രാർത്ഥിക്കാൻ ഒരു സഹായി.
2. ശ്രവിക്കാനും നയിക്കാനും വഴികാട്ടികൾ.
3. വൈദ്യശാസ്ത്രപരവും മാനസികപരവുമായ സംശയനിവാരണ വേദികൾ.
4. വിവിധ തലങ്ങളിലുള്ള ക്ലാസ്സുകൾ (ധ്യാനങ്ങൾ).
5. മാതൃകാ ദമ്പതികളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കൽ.
6. ജീവന്റെ മൂല്യത്തെയും മാതൃത്വത്തെയും കുറിച്ചുള്ള പുതിയ ഉൾക്കാഴ്ചകൾ.
7. മറ്റ് ഗർഭവതികളെ പരിചയപ്പെടാനുള്ള അവസരങ്ങൾ.
8. ഒരുക്കശുശ്രൂഷയുടെ പ്രാധാന്യം മനസ്സിലാക്കൽ.
9. ആദ്ധ്യാത്മിക മാനസിക ആരോഗ്യത്തെ പരിപോഷിപ്പിക്കൽ.
10. വളർച്ചയുടെ കാലഘട്ടങ്ങളെക്കുറിച്ച് അറിവ് നൽകൽ.
11. മൂല്യബോധവും ലക്ഷ്യബോധവും ധാർമ്മികബോധവും ആത്മീയ ബോധ്യവും നിറഞ്ഞ ഒരു പുതിയ തലമുറയെ വാർത്തെടുക്കൽ.

താൽപര്യമുള്ളവർക്ക് നവംബർ 1 മുതൽ പേര് രജിസ്റ്റർ ചെയ്യാം.

ബന്ധപ്പെടേണ്ട നമ്പറുകൾ – 8592098070, 8128015627, 7034048280, 9526794373, 9446311141, 9846852420.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

### മാതൃവേദി ഭാരവാഹികളുടെ ഇലക്ഷൻ

മാതൃവേദി ഭാരവാഹികൾ സ്ഥാനം എടുത്ത് 3 വർഷം കഴിഞ്ഞിരിക്കുകയാണല്ലോ. ആയതുകൊണ്ട് പുതിയ ഭാരവാഹികളുടെ ഇലക്ഷൻ നടത്തേണ്ട സമയമായി. പക്ഷെ കൊറോണ കാലഘട്ടമായതുകൊണ്ട് ഇടവകയിൽ സാധ്യമാകുന്ന രീതിയിൽ സാധ്യമാകുന്ന സമയത്ത് ഇലക്ഷൻ നടത്തേണ്ടതാണ്. താഴെ പറയുന്ന രീതിയിലാണ് ഇടവക, ഫൊറോന, അതിരൂപത ഇലക്ഷൻ നടക്കേണ്ടത്. നിങ്ങളുടെ വിലയേറിയ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് മാതൃവേദി അതിരൂപത നിയമാവലിക്കനുസരിച്ച് ഇലക്ഷൻ നടത്താൻ താൽപര്യപ്പെടുന്നു.

**ഇടവക (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)**

1. എല്ലാ ഇടവകകളിലും നവംബർ മാസത്തിൽ ഇലക്ഷൻ നടത്തണം.
2. ഇലക്ഷൻ കഴിഞ്ഞാൽ വികാരിയച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഇടവകയിൽ ഭാരവാഹികളായവർക്കു മാത്രമേ അതിരൂപതയിൽ മത്സ

രിക്കാൻ പാടുള്ളൂ.

9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ.

**ഫൊറോന (അതിരൂപത നിയമാവലി പേജ് നമ്പർ 3,4,10)**

1. എല്ലാ ഫൊറോനകളിലും ഡിസംബർ മാസത്തിൽ ഇലക്ഷൻ നടത്ത ണം.
2. ഇലക്ഷൻ കഴിഞ്ഞാൽ ആനിമേറ്ററച്ചന്റെ ഒപ്പോടുകൂടി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപിക്കണം.
3. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
4. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
5. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
6. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.
7. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
8. ഫൊറോന ഭാരവാഹി ആകുന്ന ആൾ ഇടവക ഭാരവാഹി ആയിരിക്കണം.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ.
10. ഫൊറോന ഇലക്ഷന് ഫൊറോന ആനിമേറ്ററച്ചനായിരിക്കും നേതൃത്വം കൊടുക്കുക. അതിരൂപതയിൽ നിന്ന് നിരീക്ഷകരായി അതിരൂപത ഭാരവാഹികൾ വരുന്നതായിരിക്കും.
11. ഫൊറോന ഇലക്ഷന്റെ തിയ്യതിയും സമയവും അതിരൂപത മാതൃവേദി ഓഫീസിൽ നേരത്തെ അറിയിക്കേണ്ടതാണ്.

**അതിരൂപത (അതിരൂപത നിയമാവലി പേജ് നമ്പർ 4,10)**

1. ജനുവരി മാസത്തിലാണ് അതിരൂപതയിൽ ഇലക്ഷൻ നടക്കുന്നത്.
2. അതിരൂപത ഭരണസമിതിയിൽ ഫൊറോന ഭാരവാഹികൾ ഉണ്ടാകാൻ പാടില്ല.
3. അതിരൂപത ഭാരവാഹികൾ ഇടവകയിൽ ഭാരവാഹി ആയിരിക്കണം.
4. രണ്ട് തവണയിൽ കൂടുതൽ ഒരേ സ്ഥാനത്തേയ്ക്ക് മത്സരിക്കരുത്.
5. 65 വയസ്സുവരെ ഭാരവാഹി ആകുന്നതിന് തടസ്സമില്ല.
6. ഭാരവാഹികളിൽ രണ്ടു പേരെങ്കിലും 50 വയസ്സിനു താഴെയുള്ളവരായിരിക്കണം.
7. സ്ഥിരമായി നിൽക്കുന്നവർ ഭാരവാഹിത്വം ഒഴിഞ്ഞ് പുതിയ അംഗങ്ങൾക്ക് അവസരം കൊടുക്കുന്നത് അഭികാമ്യമായിരിക്കും.

8. മാതൃവേദിയിൽ ചേർന്ന് 3 വർഷത്തെ പ്രവർത്തന പരിചയം ഉള്ള വരെ മാത്രമേ ഭാരവാഹികളായി തിരഞ്ഞെടുക്കാൻ പാടുള്ളൂ.
9. ഭാരവാഹികളായി തിരഞ്ഞെടുക്കേണ്ടവർ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ. എക്സിക്യൂട്ടീവ് മെമ്പേഴ്സ്: 3 പേർ.
10. സെനറ്റ് മെമ്പേഴ്സ് 2 പേരെ പിന്നീട് ഡയറക്ടറച്ചൻ നോമിനേറ്റ് ചെയ്യുന്നതാണ്.
11. അതിരൂപതയിൽ ആകെ 10 ഭാരവാഹികളാണ് ഉണ്ടായിരിക്കുക.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി

**ശ്രീമതി മേരി വിൻസെന്റ്**
പ്രസിഡണ്ട്

# കുടുംബക്കൂട്ടായ്മ

**1. ദീപിക പ്രചരണ തീവ്രയജ്ഞം**

കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിൽ ദീപിക തീവ്രപ്രചരണ ഒന്നാം ഘട്ടം ഭംഗിയാക്കാൻ പരിശ്രമിച്ച എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. ദീപിക പ്രചരണ പ്രവർത്തനങ്ങൾ തുടർന്നും നടത്തുവാനും പുതിയ വരിക്കാരെ കണ്ടെത്തുവാനും ഭാരവാഹികൾ പരിശ്രമിക്കുമല്ലോ.

**2. ഓൺലൈൻ ജപമാല**

ഒക്ടോബർ മാസത്തിലെ ജപമാല മാസത്തിന് മുന്നോടിയായി അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 30–ാം തിയ്യതി ഒരുക്ക ജപമാല നടത്തി. അഭിവന്ദ്യ പിതാക്കന്മാർ ജപമാലയ്ക്ക് നേതൃത്വം നൽകി. അതിരൂപത ഭാരവാഹികൾക്കു പുറമേ 16 ഫൊറോനകളിലെ കൺവീനർമാരും സെക്രട്ടറിമാരും ഈ ജപമാലയിൽ പങ്കെടുത്തു. മീഡിയ കത്തോലിക്കയിലൂടെ ഈ ഒരുക്ക ജപമാല സംപ്രേക്ഷണം ചെയ്യുകയുണ്ടായി. സഹകരിച്ച എല്ലാവർക്കും നന്ദി.

**3. ഓൺലൈൻ യുവജന പ്രതിനിധി സംഗമം**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വ ത്തിൽ നവംബർ 7–ാം തിയ്യതി വൈകീട്ട് 7 മുതൽ 8.30 വരെ കുടുംബ കൂട്ടായ്മകളിലെ യുവജന പ്രതിനിധികളായ ഭാരവാഹികൾക്ക് ഒരു ഓൺലൈൻ മീറ്റിങ്ങ് സംഘടിപ്പിച്ചിരിക്കുന്നു. ഈ യുവജന സംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്നു. എല്ലാ കുടുംബകൂട്ടായ്മകളി ലെയും യുവജന പ്രതിനിധികൾ ഈ സംഗമത്തിൽ നിർബന്ധമായും പങ്കെടുക്കുമല്ലോ.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**1. പിറന്നാൾ സമ്മാനം**

സർക്കാർ ആനുകൂല്യങ്ങൾ, ന്യൂനപക്ഷാവകാശങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവ നേടിയെടുക്കാൻ തൃശ്ശൂർ അതിരൂപത അംഗങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി പ്രവർത്തി ക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭി ച്ചിട്ട് ഒരു വർഷം പിന്നിട്ടു. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്ററിന്റെ ഒന്നാം വാർഷികാഘോ ഷവും പുതിയ ഓഫീസിന്റെ വെഞ്ചിരിപ്പും സംയുക്തമായി കൊണ്ടാടി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഓഫീ സിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു. കഴിഞ്ഞ ഒരു വർഷം കൊണ്ട് 55 പ്രോജക്ടുകളായി വിവിധ സർക്കാർ പദ്ധതികൾ സാധാരണക്കാരി ലേക്ക് എത്തിക്കാൻ സാധിച്ചത് അഭിമാനകരമായ നേട്ടമാണെന്ന് അഭി വന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. ചെയർമാൻ കൂടിയായ മാർ ടോണി നീലങ്കാവിൽ പിതാവ് കേക്ക് മുറിച്ചുകൊണ്ട് വാർഷികാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീ ന, വിവിധ സന്യാസ സമൂഹ പ്രോവിൻഷ്യൽമാരായ റവ. സി. ലിറ്റി

(എഫ്.സി.സി), റവ.സി. സോഫിയ (എസ്.എ.ബി.എസ്), റവ.സി. ജെസിൻ തെരേസ് (സി.എച്ച്.എഫ്) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വാർഷികാഘോഷങ്ങൾക്ക് ഡയറക്ടർ ഫാ.ഡെന്നി താണി ക്കൽ, കൺവീനർ ശ്രീ. ജോമി ജോൺസൻ, ജോ. കൺവീൻ ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ, അഡ്വൈസറി ബോർഡ് മെമ്പർ ശ്രീ. റോണി അഗസ്റ്റിൻ, ശ്രീ. മാത്യു എൻ.കെ., ശ്രീമതി മേഴ്സി ജേക്കബ് എന്നിവർ നേതൃത്വം നൽകി.

**2. പ്രവാസി ഭദ്രതാ പദ്ധതി**

നോർക്കാറൂട്ട്സുമായി സംയോജിച്ച് കുടുംബശ്രീ മുഖേന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് പ്രവാസി ഭദ്രതാ പദ്ധതി. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് പരമാവധി രണ്ട് ലക്ഷം രൂപയോ സംരംഭത്തിന്റെ ആകെ പദ്ധതി തുകയുടെ 75 ശതമാനമോ കുറവായത്, അത് ധനസഹായമായി നൽകുന്നതാണ്. തുക പലിശ രഹിത വായ്പയായിട്ടാണ് നൽകുന്നത്. ആദ്യ ഗഡു ലഭിച്ച് മൂന്നുമാസ ത്തെ മൊറട്ടോറിയം കാലാവധിക്കുശേഷം തുല്ല്യ ഗഡുക്കളായി രണ്ട് വർഷത്തിനുള്ളിൽ ഗുണഭോക്താക്കൾ തിരിച്ചടക്കേ ണ്ടതാണ്.

**3. നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (എൻ.എസ്.പി.)**

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ വിവിധ സ്കോളർഷിപ്പു കളും ബന്ധപ്പെട്ട സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ വിദ്യാർഥികളിലെത്തും. ഡിജിറ്റൽ ഇന്ത്യയുടെയും നാഷണൽ ഇ ഗവേണൻസ് പ്ലാനിന്റെയും ഭാഗമായിട്ടാണ് പദ്ധതി നടപ്പാക്കിയത്. ഒരു കുടക്കീഴിൽ വിവിധ മന്ത്രാലയങ്ങൾ നല്കുന്ന സ്കോളർഷിപ്പുകൾ സുതാര്യവും ലളിതവുമാക്കി ഉത്തരവാദിത്വത്തോടെ വിദ്യാർഥികളിലെ ത്തിക്കുകയാണ് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ചെയ്യുന്നത്. സ് കോളർഷിപ്പുകൾ ഒറ്റകുടക്കീഴിൽ വിദ്യാർഥികൾക്കു ലഭിക്കാൻ പോർട്ടൽ സഹായിക്കും.

**4. പോസ്ററ് ഗ്രാജ്വേറ്റ് ഇന്ദിരാഗാന്ധി സ്ക്കോളർഷിപ്പ് (ഒറ്റ പെൺ കുട്ടികൾക്കുള്ളത് )**

ഒരു കുടുംബത്തിൽ ഒരു പെൺകുട്ടി മാത്രമേ മകളായി ഉള്ളു വെങ്കിൽ ആ പെൺകുട്ടിക്ക് പി ജിക്ക് പഠിക്കുന്നതിന് പോസ്ഗ്റ് ഗ്രാജ്വേറ്റ് ഇന്ദിരാഗാന്ധി സ്ക്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. രണ്ടു വർഷ ത്തേക്ക് 36200 രൂപയാണ് സ്ക്കോളർഷിപ്പ് തുക. ആകെ 3000 പേർക്കാണ് സ്ക്കോളർഷിപ്പ് ലഭിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 30–11–2021

**5. സെൻട്രൽ സെക്ടറൽ സ്ക്കോളർഷിപ്പ്**

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം കോളേജ് – ബിരുദ

തല റെഗുലർ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സെൻട്രൽ സെക്ടറൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. കേരള സ്റ്റേറ്റ് ഹയർ സെക്കന്ററി – വൊക്കേഷണൽ ഹയർ സെക്കന്ററി ബോർഡുകൾ നടത്തിയ 12–ാം ക്ലാസ്സ് പരീക്ഷയിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ 20 ശതമാനം കുട്ടികളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ആകെ സ്കോളർഷിപ്പിന്റെ 50 ശതമാനം പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. ബിരുദ തലം മുതൽ (പ്രോഫഷണൽ കോഴ്സുകൾ ഉൾപ്പെടെ) പരമാവധി 5 വർഷത്തേക്ക് നൽകുന്നു. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി : 30–11–2021

**6. ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്**

ന്യൂനപക്ഷ മത വിഭാഗത്തിൽപെട്ട 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് നൽകി വരുന്ന ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം 5000 രൂപയും 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് പ്രതിവർഷം 6000 രൂപയും ആണ് സ്കോളർഷിപ്പായി ലഭിക്കുക. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 30–11–2021

**7. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ ഡിസേബിൾഡ് സ്റ്റുഡന്റ്സ്**

കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിയായ പോസ്റ്റ് മെട്രിക്ക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡന്റ്സ് വിത്ത് ഡിസെബിലിറ്റീസിന്റെ 2021–2022 അധ്യയന വർഷത്തെ വെബ് സൈറ്റ് ഫ്രെഷ്–റിന്യൂവൽ രെജിസ്ട്രേഷൻ ചെയ്യുന്നതിനായി ഓപ്പൻ ചെയ്തിട്ടുള്ളതായി അറിയിക്കുന്നു. കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ് വൺ മുതൽ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നിശ്ചയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി ഓൺലൈനായി സ്കോളർഷിപ്പ് ഫ്രെഷ്–റിന്യൂവൽ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 30–11–2021

**അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും : www.afctcr.com സന്ദർശിക്കുക.**

**ഫോൺ : 7902713325, 7909293325**

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

DBCLC, East Fort, Thrissur - 680005
mob: 9744941585
email : excelacademytcr@gmail.com
web : www.excelacademytcr.com

**1. K-TET Course**

അധ്യാപകർക്കുള്ള **K-TET** പരീക്ഷക്കുള്ള പതിനൊന്നാമത്തെ ബാച്ചിന്റെ കോച്ചിങ്ങ്, സെപ്റ്റംബർ അവസാനം ആരംഭിക്കും. അഡ്മിഷൻ ആരംഭിച്ചു.

**2. KER/KSR Course**

സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് പ്രൊമോഷന് വേണ്ടിയുള്ള KER/KSR Course സെപ്റ്റംബർ 11–ാം തിയതി ശനിയാഴ്ച ആരംഭിച്ചു. അഡ്മിഷൻ തുടരുന്നു.

**3. Foundation Course ( Junior IAS/Science Genius)**

എട്ട്, ഒമ്പത്, പത്ത് ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഒരു ഫൗണ്ടേഷൻ കോഴ്സ് സെപ്റ്റംബർ 11–ാം തിയതി ശനിയാഴ്ച ആരംഭിച്ചു. സയൻസ്, സിവിൽ സർവ്വീസ്, വിഷയങ്ങൾ പഠിപ്പിക്കുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും. അഡ്മിഷൻ തുടരുന്നു.

**കൂടുതൽ വിവരങ്ങൾക്ക് – 9847276657 / 9744941585**

എക്സൽ അക്കാദമിയുടെ പുതിയ സംരംഭങ്ങളിലും പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന എല്ലാ ഇടവകകളേയും, ബഹു. വികാരിയച്ചന്മാരേയും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

# ബൈബിൾ പ്രേഷിതത്വം

**1. ലോഗോസ്**

1. ലോഗോസ് പരീക്ഷ ഡിസംബർ 19 ആം തീയതി 2 മണി മുതൽ മൂന്നര വരെ നടത്തപ്പെടുന്നത് ആയിരിക്കും
2. ഈ വർഷത്തെ ലോഗോസ് പരീക്ഷ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആയിരിക്കുകയില്ല നടത്തുന്നത്
3. പരീക്ഷയ്ക്ക് രജിസ്ട്രേഷൻ നടത്തേണ്ടത് അവസാന തീയതി ഒക്ടോബർ 31
4. പരീക്ഷ എഴുത്തുപരീക്ഷയായിരിക്കുന്നു.
5. പഠനഭാഗങ്ങൾ

- **നിയമാവർത്തനം 22–34**
- **പ്രഭാഷകൻ 18–22**
- **വി. മാർക്കോസ് 1–81**
- **കൊറിന്തോസ് 1–8**

**2. ബൈബിൾ ഓൺലൈൻ ക്ലാസുകൾ**

1. ബൈബിൾ ഓൺലൈൻ ക്ലാസുകൾ നടത്തപ്പെടുന്നു. ഇതുവരെ രജിസ്റ്റർ ചെയ്തു പങ്കെടുക്കുന്നവരുടെ എണ്ണം : 62

**3. ഓൺലൈൻ ബൈബിൾ ക്വിസ്**

1. എല്ലാ ആഴ്ചകളിലും നടത്തപ്പെടുന്ന ബൈബിൾ ഓൺലൈൻ ക്വിസ്സിൽ നിരവധിപേർ പങ്കെടുക്കുന്നു
2. ബൈബിൾ ഓൺലൈൻ ക്വിസ്സിൽ കൂടുതൽ മാർക്ക് നേടിയവരുടെ പേരും ഇടവകയും ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| **April** | Reetha George | Pallikkunnu | Helen Kurian | Olarikkara |
| | Hilna Jeseentha | Chelakkara | Merin Joby | Chelakkara |
| | Irene Rose | Chelakkara | | |
| **May** | Helen Kurian | Olarikkara | Irene Rose C | helakkara |
| | Sheela Antony | Pallissery | Hilna Jeseentha | Chelakkara |
| | Dhivya Maxson | Ollur | marymatha | |
| **June** | Sheela Antony | Pallissery | Helen Kurian | Olarikkara |
| | Mary Paulson | Mundir | Jain Rose | Pudukkad |
| | Reetha George | Pallikkunnu | Dhivya Maxson | Ollur Marymatha |
| | Ruby George | Marthakara | Rosily Augustine | Velupadam |
| **July** | Sheela Antony | Pallissery | Dhivya Maxson | Ollur Marymatha |

| | | | | |
|---|---|---|---|---|
| August | Annie George | Parappur | Sheela Antony | Pallissery |
| September | Dhivya Maxson | Ollur Marymatha | Helen Kurian | Olarikkara |
| | Rigy Francis | Parappur | Siji Alex | Viyyur |

**4. ബൈബിൾ വായനയും പകർത്തിയെഴുതും**

1. ഈ കോവിഡു കാലഘട്ടത്തിൽ നിരവധി ഇടവകകൾ ബൈബിൾ വായന ഒരു യജ്ഞം ആയി സ്വീകരിക്കുകയും ഇപ്പോഴും നടത്തപ്പെടുകയും ചെയ്യുന്നു. ബൈബിൾ വായിച്ചു കൊണ്ടിരിക്കുന്ന ഇടവകകൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ
2. കോവിഡ് കാലഘട്ടത്തിലെ ദൈവാനുഗ്രഹം ആണ് ബൈബിൾ കയ്യെഴുത്ത് പ്രതി സമർപ്പിക്കുക എന്നുള്ളത്. നിരവധി വ്യക്തികളും സന്യസ്തരും ചില വൈദികരും പ്രസ്തുത ബൈബിൾ പകർത്തി എഴുത്തിൽ പങ്കെടുത്തു പ്രചോദനം നൽകിയവരാണ്.

**5. ബൈബിൾ ആനിമേറ്റേഴ്സ് മീറ്റിംഗ്**

ബൈബിൾ ആനിമേറ്റഡ് മീറ്റിംഗ് കൊറോണ തലത്തിലും ഇടവക തലത്തിലും സംഘടിപ്പിച്ചു. അവരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് ബൈബിൾ പ്രേക്ഷക ത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി മുന്നോട്ടു പോകുന്നു.

**ഫാ. മേജോ മരോട്ടിക്കൽ**
**ഡയറക്ടർ**

# കത്തോലിക്ക കോൺഗ്രസ്സ്

**1. വാർഷിക ജനറൽ ബോഡി യോഗം**

കത്തോലിക്ക കോൺഗ്രസ് അതിരൂപത വാർഷിക ജനറൽ ബോഡി യോഗം ഒക്ടോബർ 24ന് DBCLCയിൽ വെച്ച് നടന്നു. മാർ ആൻഡ്രൂസ് താഴത്ത് ജനറൽ ബോഡിയോഗം ഉദ്ഘാടനം ചെയ്തു. യൂണിറ്റ്, ഫൊറോന, അതിരൂപതാംഗങ്ങൾ പങ്കെടുത്തു.

**2. പാചകവാതക ഇന്ധനവില വർദ്ധനയിൽ പ്രതിഷേധം**

കുതിച്ചുയരുന്ന പാചക വാതക, ഇന്ധനവില വർദ്ധനവ് സാധാര ണക്കാരന്റെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണെന്ന് അതിരൂപത

സമിതി രേഖപ്പെടുത്തി. വിലവർദ്ധനയിൽ ശക്തമായ പ്രതിഷേധവും രേഖപ്പെടുത്തി.

**3. ഗ്ലോബൽ സബ്കമ്മിറ്റികൾ അതിരൂപതയിൽ രൂപീകരിച്ചു**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നിർദ്ദേശപ്രകാരം അതിരൂപതയിൽ യൂത്ത് കൗൺസിൽ, വുമൺ കൗൺസിൽ, മീഡിയ കൗൺസിൽ, മൈനോരിറ്റി കൗൺസിൽ, ഹാർട്ട് ലിങ്ക്, ഹെൽത്ത് ബഞ്ച്, തുടങ്ങി സബ് കമ്മിറ്റികൾ രൂപീകരിച്ചു. തുടർ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് വരുന്നു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്

**എൻ.പി. ജാക്സൻ**
ജനറൽ സെക്രട്ടറി

# KCYM

**1. സേവനദിനം**

'എന്റെ ജീവിതം ആണ് എന്റെ സന്ദേശം ' എന്ന് പറഞ്ഞ മഹാത്മാവായ ഗാന്ധിജിയുടെ ജന്മദിനത്തിൽ അയ്യന്തോൾ സിവിൽ ലൈൻ ചിൽഡ്രൻസ് പാർക്കും, പരിസരവും വൃത്തിയാക്കി കെസിവൈഎം തൃശ്ശൂർ അതിരൂപത സമിതി. തൃശ്ശൂർ ജില്ലാ കളക്ടർ ഹരിത വി കുമാർ ഉദ്യാനം സന്ദർശിച്ച് ഉദ്ഘാടനം ചെയ്തു. കെസിവൈഎം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ, അതിരൂപത ഡയറക്ടർ റവ ഫാ. ലിൻസൺ തട്ടിൽ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി മെജോ മോസസ്, ഫാ. ഫെബിൻ കൂത്തൂർ, സിൻഡിക്കേറ്റ് അംഗം സാജൻ ജോസ്, സെനറ്റ് അംഗങ്ങളായ ടോണി കല്ലൂക്കാരൻ, വിപിൻ ലൂവിസ്, മെജോ പൊറത്തൂർ, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധികൾ ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി, ശരത്ത് ജോസഫ്, ഷാരോൺ, ജോയ്സൻ, ഹെൻട്രി, ജിതിൻ, അമൽ, ആൻ മരിയ എന്നിവർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജില്ലാ തഹസിൽദാർ പ്രാൻസിൻ സാർ, വാക്കേഴ്സ് ക്ലബ് ഭാരവാഹികൾ സന്നിഹിതരായി. ക്ലീനിംഗ് പ്രവർത്തനങ്ങളിൽ സെന്റ് അലോഷ്യ

സ് കോളേജ് NCC കാഡറ്റ് അംഗങ്ങളും സന്നിഹിതരായി.

**2. വിശന്ന് വലഞ്ഞവർക്ക് ആശ്വാസം**

കെസിവൈഎം തൃശ്ശൂർ അതിരൂപത സമിതിയുടെ ആഭിമുഖ്യത്തിൽ ജപമാല മാസാചരണത്തിന്റെ ഭാഗമായി ആദ്യ ഞായറാഴ്ച്ച തെരുവിലെ മക്കൾക്ക് ഭക്ഷണ വിതരണം നടത്തി. തൃശ്ശൂർ നഗരത്തിൽ ഭക്ഷണത്തിന് ബുദ്ധിമുട്ടുന്നവർക്ക് ഭക്ഷണം വിതരണം ചെയ്തു. പൊതിച്ചോറ് വിതരണം കെ സി വൈ എം തൃശ്ശൂർ അതിരൂപത ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ യാചകർക്ക് നൽകി. ഈ കാലഘട്ടത്തിന്റെ ആവശ്യം മനസ്സിലാക്കി ഒക്ടോബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും കെസിവൈഎം തൃശ്ശൂർ അതിരൂപതയിലെ നാലു മേഖലകളിൽ നിന്നും ഫൊറോന സമിതിയുടെ നേതൃത്വത്തിൽ ഭക്ഷണ വിതരണം നടത്തണമെന്ന് അതിരൂപത സമിതി ആഹ്വാനം ചെയ്തു. അതിരൂപത സെക്രട്ടറിയേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

**3. 43–ാം അർദ്ധവാർഷിക സംസ്ഥാന സെനറ്റ് സമ്മേളനം**

കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ 43ാം മത് അർദ്ധവാർഷിക സംസ്ഥാന സെനറ്റ് സമ്മേളനം 2021 ഒക്ടോബർ 10,17 തീയതികളിൽ കെ.സി.വൈ.എം. തൃശ്ശൂർ അതിരൂപതയെ പ്രതിനീധികരിച്ച് ഡയറക്റ്റർ ഫാ. ലിൻസൺ തട്ടിൽ, പ്രസിഡന്റ് സാജൻ മുണ്ടൂർ, സിൻഡിക്കേറ്റ് മെംബർ സാജൻ ജോസ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെംബർ ടോണി കല്ലൂക്കാരൻ എന്നിവർ പങ്കെടുത്തു.

**4. അനുമോദന ചടങ്ങ് സംഘടിപ്പിച്ചു**

കെ.സി.വൈ.എം. 2021 സംസ്ഥാന സമിതിയുടെ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ അതിരൂപത മുൻ പ്രസിഡന്റ് സാജൻ ജോസ് ചിയ്യാരത്തെ തൃശ്ശൂർ അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പൂച്ചെണ്ട് നൽകി സ്വീകരിച്ചു. സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ത്രിവർണ്ണഹാരം അണിച്ചു. കെ സി വൈ എം 44 ാം മത് സംസ്ഥാന സെനറ്റ് സമ്മേളനത്തിൽ വച്ചാണ് സത്യപ്രതിജ്ഞ ചെയ്ത്, സ്ഥാനമേറ്റെടുത്തത്. കെ സി വൈ എം തൃശ്ശൂർ അതിരൂപത പ്രസിഡന്റ് സാജൻ മുണ്ടൂർ, ഡയറക്ടർ റവ ഫാ ലിൻസൺ തട്ടിൽ, ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജെസ്ന ജീജോ, മുൻ സംസ്ഥാന സെക്രട്ടറി അനൂപ് പുന്നപ്പുഴ, മുൻ സംസ്ഥാന ഓഡിറ്റർ വില്യംസ് എൻ വി, ടോണി കല്ലൂക്കാരൻ, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ് എന്നിവർ അനുമോദനങ്ങൾ നേർന്നു സംസാരിച്ചു.

**5. ബസിലിക്ക മേഖല ഫോർമേഷൻ ക്യാമ്പ് – SYNERGIA_2K21**

തൃശ്ശൂർ അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താ

ഴത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കെസിവൈഎം തൃശ്ശൂർ അതിരൂപത പ്ര സിഡന്റ് സാജൻ മുണ്ടൂർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അതിരൂപത ജന.സെക്രട്ടറി അഖിൽ ജോസ് സ്വാഗതം ആശംസിച്ചു. അതിരൂപത ഡയറക്ടർ റവ ഫാ.ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ട്ര ഷറർ ജിഷാദ് ജോസ്, സംസ്ഥാന ട്രഷറർ സാജൻ ജോസ്, വൈസ് പ്ര സിഡന്റുമാരായ ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, ആനിമേറ്റർ സി ഫ്രാൻസി മരിയ ഫൊറോന പ്രസിഡന്റുമാരായ ഐവിൻ ജോസഫ്, വിമൽ ബാബു, അലക്സ് ജോൺ, ജെൻവിൻ കോശി എന്നിവർ സം സാരിച്ചു. കെസിവൈഎം മുൻ സംസ്ഥാന പ്രസിഡന്റ് സിറിയക് ചാഴി ക്കാടൻ ക്ലാസ് നയിച്ചു. ഫാ സാജൻ മാറോക്കി ലീഡർഷിപ്പ് ട്രെയിനി ഗ് നടത്തി. ബസിലിക്ക, ഒല്ലൂർ, പുതുക്കാട്, പഴുവിൽ, ഫൊറോന ഇടവ ക ഭാരവാഹികൾ പങ്കെടുത്തു. പഴുവിൽ ഫൊറോന ഡയറക്ടർ റവ ഫാ. ജോൺ പോൾ, ഡോളേഴ്സ് ഫൊറോന ഡയറക്ടർ റവ. ഫാ. മി ഥുൻ വടക്കേതല, ഡോളേഴ്സ് മേഖല അതിരൂപത ഫൊറോന ഭാരവാ ഹികൾ ആയിരുന്ന ആന്റോ തൊറയൻ, സിന്റോ പുതുക്കാട്, വിജോ കി ഴക്കൂടൻ, കരോളി ജോഷ, മാഫി ഡെൽസൺ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു സംസാരിച്ചു.

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ

**സാജൻ ജോയി**
പ്രസിഡന്റ്

**അഖിൽ ജോസ്**
സെക്രട്ടറി

# സി. എൽ. സി.

**1. മരിയോത്സവം 2021**

തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ കലാസാഹിത്യ മമാങ്ക മായ മരിയോത്സവം 2021 തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് ലോഗോ പ്രകാശനവും ഉദ്ഘാടനവും നിർവഹി ച്ചു. ഒക്ടോബർ 2 മുതൽ ഓൺലൈൻ വഴിയായി നടന്ന ഈ കലാസാ ഹിത്യമേളയിൽ അതിരൂപതയിലെ വിവിധ ഫൊറോനകളിൽ നിന്നുമാ യി നൂറിൽ പരം ഇടവകകളിൽ നിന്നും 13 ഇനങ്ങളിൽ ആയി 1200ൽ പ രം കലാപ്രതിഭകൾ മാറ്റുരച്ചു. ജനപ്രിയ മത്സരാർത്ഥികൾക്കുള്ള പുര

സ്കാരങ്ങളും ഈ വർഷം ജേതാക്കൾക്കായി ഒരുക്കിയിട്ടുണ്ട്. അതിരൂപത സി. എൽ. സി പ്രസിഡന്റ് ഡോംസൺ സൈമൺ, സെക്രട്ടറി ഫെസിൻ മാത്യൂ, കൺവീനർ അജിത്ത് വർഗീസ്, ജോയിന്റ് കൺവീനർമാരായ ജെറിൻ ജോസ്, പ്രിന്റോ കാഞ്ഞിരത്തിങ്കൽ, അനീറ്റ ആന്റണി, ആൻ ഗ്ലെന്റ ജോൺ, ജോസഫ് കുണ്ടുകുളം, ലിയോ, ജിന്റോ ഏയ്ഞ്ചൽ റോസ്, അലീന, ആഷ്ലി ആന്റണി, ഫിജി ഫ്രാൻസിസ്, ജോമി ജോൺസൺ, ജോബിൻസ്, അജയ് എന്നിവർ നേതൃത്വം നൽകി.

**2. മരിയോത്സവം 2020 വിജയികളെ അനുമോദിച്ചു**

തൃശ്ശൂർ അതിരൂപത സി.എൽ.സിയുടെ കലാസാഹിത്യ മമാങ്കമായ മരിയോത്സവം 2020ത്തിന്റെ വിജയിക്കൾക്കുള്ള സമ്മാനദാനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ. ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ഓൺലൈൻ വഴിയായി നടന്ന മരിയോത്സവത്തിൽ നിരവധി മരിയമക്കൾ പങ്കെടുത്തിരുന്നു. അതിരൂപത പ്രസിഡന്റ് ഡോംസൺ സൈമൺ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഫെസിൻ മാത്യൂ സ്വാഗതവും സംസ്ഥാന അതിരൂപത അനിമേറ്റർ സി. ജ്യോതിസ് എഫ്.സി.സി. ആശംസയും വൈസ് പ്രസിഡന്റ് അനിറ്റ ആന്റണി നന്ദിയും പറഞ്ഞു. മറ്റു അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും ഫൊറോന പ്രസിഡന്റുമാരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**3. ഒക്ടോബർ മാസത്തിൽ ജപമാല സമർപ്പണം**

ജപമാല മാസത്തിൽ തൃശ്ശൂർ അതിരൂപതയിലെ മരിയമക്കൾ അനുദിനം ജപമാല സമർപ്പണത്തിൽ പങ്കാളികളായി. അതിരൂപതയിലെ 15 ഫൊറോനകളിലെ വിവിധ ഇടവകകളിൽ നടത്തിയ ജപമാല തൃശൂർ അതിരൂപത സി.എൽ.സിയുടെ യൂട്യൂബ് ചാനൽ വഴിയായി ദിവസവും വൈകീട്ട് 7മണിക്ക് സംപ്രക്ഷണം ചെയ്തിരുന്നു. അവസാന ദിവസമായ 31 ന് അതിരൂപത സി.എൽ.സി എക്സിക്യൂട്ടിവ് അംഗങ്ങളുടെ ജപമാല സമർപ്പണവും ഉണ്ടായിരുന്നു. ഫൊറോന പ്രസിഡന്റുമാരും അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളും ജപമാല സമർപ്പണത്തിന് നേതൃത്വം നൽകി.

**4. നന്മനിറഞ്ഞ മറിയമേ ജപം 31 ഭാഷകളിൽ**

പരിശുദ്ധ ദൈവമാതാവിന്റെ ജപമാല മാസത്തിൽ തൃശൂർ അതിരൂപത സി.എൽ.സിയുടെ നേതൃത്വത്തിൽ ഹെയിൽ മേരി എന്ന പേരിൽ നന്മ നിറഞ്ഞ മറിയമേ ജപം 31 ഭാഷകളിൽ സ്റ്റാറ്റസ് വീഡിയോ ഒരുക്കി. തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ലത്തീൻ ഭാഷയിൽ ജപിച്ച് കൊണ്ട് ആരംഭം കുറിച്ചു. തുടർന്ന് ഇംഗ്ലീഷ്,ഇറ്റാലിയൻ,പഞ്ചാബി,സ്വാഹിളി,ഹിന്ദി,മറാത്തി,ഗുജറാത്തി,കൊറി

യൻ,വെൽഷ്,തെലുങ്ക്,റഷ്യൻ,അൽബേനിയൻ,ഹീബ്രു,തഗലോഗ്,കന്നഡ,തമിഴ്,ഫ്രഞ്ച്,പോർച്ചുഗീസ്,സ്പാനിഷ്,സുറിയാനി,ജർമൻ,സുളു,ബംഗാളി,ഗ്രീക്ക്,സംസ്കൃതം,ഐറിഷ്,കൊങ്കിണി,ജാപ്പനീസ്,മവോരി എന്നീ വിവിധ ഭാഷകളിലായി ഏറ്റു ചൊല്ലി കൊണ്ട് വൈദീകരും, സന്യസ്തരും, അതിരൂപതയിലെ സി.എൽ.സി അംഗങ്ങളും ഇതിൽ പങ്കാളികളായി. ഒക്ടോബർ 31ന് നമ്മുടെ മാതൃ ഭാഷയായ മലയാളത്തിൽ അതിരൂപത സി.എൽ.സി എക്സിക്യൂട്ടിവ് അംഗങ്ങൾ ഒന്നിച്ച് ചൊല്ലി കൊണ്ട് സമാപനം കുറിച്ചു. കൺവീനർ അനിറ്റ ആന്റണി, ജോസഫ് ബിജു കുണ്ടുകുളം, പ്രൊഫിൻ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. ഫ്രജോ വാഴപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

## ജീസസ് യൂത്ത്

**1. മിഷൻ പ്രയർ ഡേ**

എല്ലാ മാസത്തിലെയും ആദ്യ വെള്ളിയാഴ്ചകളിൽ മിഷൻ പ്രാർത്ഥനാദിനം ആയി ഒരുമിച്ചുകൂടുന്നതനുസരിച്ച് 03.09.2021 നു തൃശൂർ ജീസസ് യൂത്ത് മിഷൻ ടീമിന്റെ നേതൃത്വത്തിൽ രാവിലെ 10.00 മുതൽ വൈകീട്ട് 4.00 വരെ തിരുസഭയുടെ ആഗോളമിഷൻ പ്രവർത്തനങ്ങളെയും, മിഷൻ രംഗങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരെയും, ജീസസ് യൂത്ത് തൃശ്ശൂർ സോണിനു പ്രത്യേകം പ്രാർത്ഥിക്കുവാനായി നിയോഗിക്കപ്പെട്ടിരിക്കുന്ന തെലുങ്കാന സംസ്ഥാനത്തിനുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ട് സൂമിൽ ഒരുമിച്ചുകൂടുകയുണ്ടായി.മിഷൻ ടീമിന്റെ നേതൃത്വത്തിൽ മറ്റു സബ്സോണുകളിലെയും മിനിസ്ട്രികളിലേയും അംഗങ്ങൾ ഉൾപ്പെടെ നിരവധി പേർ വിവിധ സമയങ്ങളിലായി പങ്കെടുത്തു പ്രാർത്ഥിച്ചു.

**2. ഈശോ, ഫ്രം ദി ബൈബിൾ**

ജീസസ് യൂത്ത് കൊട്ടേക്കാട് സബ്സോണിന്റെ നേതൃത്വത്തിൽ ജീസസ് യൂത്ത് അംഗങ്ങൾക്കുവേണ്ടി 'ഈശോ ഫ്രം ദി ബൈബിൾ' എന്ന പേരിൽ ഗ്രൂപ്പ് ചർച്ച 05.09.2021നു ഉച്ചയ്ക്ക് 2 മുതൽ 4 വരെയുള്ള സമയങ്ങളിൽ സൂം പ്ലാറ്റ്ഫോമിലൂടെ നടത്തുകയുണ്ടായി. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ ഈശോ ആരാണ് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുക എന്നതായിരുന്നു പ്രോഗ്രാമിന്റെ ഉദ്ദേശ്യം. പ്രോഗ്രാമിന് ഒരാഴ്ച്ച മുൻപ് 10 ഗ്രൂപ്പുകളാക്കി, ഓരോ ഗ്രൂപ്പിനും ബൈബിളിൽ നിന്നും ഈശോയുമായി ബന്ധപ്പെട്ട വ്യത്യസ്തമായ 10 വിഷയങ്ങൾ ചർച്ച ചെയ്യാൻ നൽകിയിരുന്നു. അവരവരുടെ ചിന്തകൾ ഗ്രൂപ്പിൽ പങ്കുവെക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഓരോ ഗ്രുപ്പിലും ഉരുതിരിഞ്ഞ ആശയങ്ങൾ പ്രോഗ്രാമിന്റെ സമാപന ദിവസം പവർപോയിന്റ് ആയും ഷോർട് ഫിലിം ആയും അവതരിപ്പിച്ചു. മുൻ നാഷണൽ ഇന്റർസെഷൻ ടീം മെംബർ അനാമിയ സെഷനു നേതൃത്വം നൽകി. ആരാധനയോടെ സമാപിച്ച പ്രോഗ്രാമിൽ 50 ഓളം ജീസസ് യൂത്ത് അംഗങ്ങൾ പങ്കെടുത്തിരുന്നു.

**3. പരിശുദ്ധ അമ്മയുടെ ജനന തിരുന്നാൾ**

മാതാവിന്റെ ജനന തിരുന്നാളിനോടാനുബന്ധിച്ച് ജീസസ് യൂത്ത് തൃശൂർ അതിരൂപതയിലെ എല്ലാ സബ്സോണുകളുടെയും മിനിസ്ട്രികളുടെയും നേതൃത്വത്തിൽ, ഓൺലൈൻ സാദ്ധ്യതകൾ പരമാവതി ഉപയോഗിച്ചുകൊണ്ടു പരിശുദ്ധ അമ്മയുടെ ജന്മദിനാഘോഷം വിപുലമായിത്തന്നെ കൊണ്ടാടി. മുൻവർഷങ്ങളിലെന്നപോലെ തന്നെ ഇത്തവണയും സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ അനേകലക്ഷം ജപമാലകൾ പരിശുദ്ധ അമ്മയ്ക്ക് കാഴ്ചവെക്കുവാൻ സാധിച്ചു.

അഖണ്ഡജപമാലക്കും ആരാധനക്കും പുറമെ, ജപമാല വാഗ്ദാനങ്ങളെക്കുറിച്ചും, മാതാവിന്റെ പ്രത്യക്ഷീകരണത്തെക്കുറിച്ചുമുള്ള പോസ്റ്റേഴ്സ്, വീഡിയോസ്, മരിയൻ ഗാനാലാപന മത്സരങ്ങൾ, നൃത്ത മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, ചിത്രരജനാ മത്സരങ്ങൾ, പ്രഛന്ന വേഷ മത്സരങ്ങൾ, പരി. അമ്മക്കുള്ള ജന്മദിനാശംസാ കാർഡ് മത്സരങ്ങൾ, സെൽഫി വിത്ത് മമ്മ മേരി, കൊന്തനിർമാണം, അമ്മക്കൊരു കത്ത്, തുടങ്ങി ഒട്ടനവധി പരിപാടികൾ അരങ്ങേറിയിരുന്നു. ഇതിലൂടെ പരിശുദ്ധ അമ്മയെക്കുറിച്ചും, ജപമാല ഭക്തിയെക്കുറിച്ചും മനോഹരമായി പ്രചരിപ്പിക്കുവാൻ സാധിച്ചു.

**4. വി. കുരിശിന്റെ പുകഴ്ച്ചയുടെതിരുന്നാൾ**

സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോ

ടനുബന്ധിച്ച് വിവിധ സബ്സോണുകളുടെയും മിനിസ്ട്രികളുടെയും നേതൃത്വത്തിലായി വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ജീസസ് യൂത്ത് അംഗങ്ങളുടെ ഭാവനങ്ങളിൽ അലങ്കരിച്ച ക്രൂശിതരൂപങ്ങൾ വച്ചു പ്രാർത്ഥിക്കുകയും കരുണകൊന്ത, കുരിശിന്റെ വഴി, ഓൺലൈൻ ആരാധന, തുടങ്ങിയവ നടത്തുകയുണ്ടായി. തങ്ങളുടെ ജീവിതത്തിലുള്ള വി. കുരിശിന്റെ രക്ഷാകരപ്രസക്തിയെക്കുറിച്ച് വീഡിയോ വഴിയായും ഓഡിയോ വഴിയായും പങ്കുവെക്കുകയുണ്ടായി. കൂടാതെ ക്രൂശിതരൂപം അലങ്കരിക്കൽ മത്സരം ചിത്രരചനാ മത്സരം തുടങ്ങിയ മത്സരങ്ങളും സംഘടിപ്പിച്ചിരുന്നു.

**5. സിക്കമൂർ 2021**

തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജന സംഘടനകളുടെ അതിരൂപതാ ഭാരവാഹികൾക്കായി 19/09/2021 നു ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ചു സംഘടിപ്പിച്ച ഫോർമേഷൻ ക്യാമ്പ് 'സിക്കമൂർ 2021' ൽ തൃശ്ശൂർ അതിരൂപതാ ജീസസ് യൂത്ത് ഭാരവാഹികളും പങ്കെടുത്തിരുന്നു. വിവിധ യുവജനസംഘടനാ നേതൃത്വ നിരയിലുള്ളവർക്ക് പരസ്പരം പരിചയപെടുവാനും പ്രവർത്തനങ്ങൾ അറിയുവാനും ഫോർമേഷൻ ക്യാമ്പ് ഉപകരിച്ചു.

**6. പുതുനേതൃത്വങ്ങൾക്ക് പരിശീലനം**

ജീസസ് യൂത്ത് തൃശ്ശൂർ സോണിലെ ഫാമിലി സ്ട്രീമിന്റെ നേതൃത്വത്തിൽ, 4 സബ്സോണുകളിലെയും, 2 പാരിഷുകളിലെയും ഫാമിലി ടീം അംഗങ്ങൾക്കായി, ഫാമിലി ടീം ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം സെപ്റ്റംബർ 18,19, 25, 26 തിയ്യതികളിലായി നടത്തപ്പെട്ടു. ജീസസ് യൂത്ത് തൃശൂർ അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ ഡെന്നി ചിറയത്ത്, സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, ഫാമിലി സ്ട്രീം കോർഡിനേറ്റർ ഷിബിൻ & സുസ്മി എന്നിവരുടെ സാന്നിധ്യത്തിൽ പരിശുദ്ധ അമ്മയുടെ തിരുസ്വരൂപത്തിനുമുന്നിൽ തിരികൾ തെളിയിച്ചുകൊണ്ട് പരിശീലനം ആരംഭിക്കുകയുണ്ടായി. സമാപന ദിവസം കേരള ഫാമിലി സ്ട്രീം കോർഡിനേറ്റിംഗ് ഫാമിലി ഷൈജൻ പോൾ & ജെൻസി സന്നിഹിതരായിരുന്നു. ഡയറക്ടർ റവ. ഫാ. ബാസ്റ്റിൻ പുന്നോലിപ്പറമ്പിലിന്റെ നേതൃത്വത്തിൽ ആരാധനയോടെ ട്രെയിനിങ്ങിന് സമാപനം കുറിച്ചു.

**7. കോർഡിനേറ്റേഴ്സ് ഗാദറിങ്**

ജീസസ് യൂത്ത് തൃശ്ശൂർ സോണിലെ 16 സബ്സോൺ, 8 മിനിസ്ട്രി, 7 ടീം എന്നിവയിലെ കോർഡിനേറ്റർമാരുടെ ഗാദറിങ് 26/09/2021 നു തലോർ ജെറുസലേം റിട്രീറ്റ് സെന്ററിൽ തൃശ്ശൂർ സോണൽ കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ദിവ്യബ

ലിയോടെ ആരംഭിച്ച ഗാദറിങ്ങിൽ 30 ഓളം കോർഡിനേറ്റർമാർ പങ്കെടുത്തിരുന്നു. ജീസസ് യൂത്ത് തൃശ്ശൂർ ഡയറക്ടർ റവ. ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ സന്നിഹിതനായിരുന്നു. ബ്രദർ നിഖിൽ തച്ചുപറമ്പിൽ ഇങ്കക ക്ലാസുകൾക്ക് നേതൃത്വം നൽകി.

**8. Vox Dei 2.0**

ദൈവവചനത്തിന്റെ വെളിച്ചത്തിൽ നിശ്ചിത വിഷയങ്ങളെ ആസ്പദമാക്കി ആർ. ജെ രൂപത്തിൽ ജീസസ് യൂത്ത് തൃശ്ശൂരിന്റെ ഔദ്യോഗിക യൂട്യൂബ് ചാനൽ വഴി 2 വർഷമായി നടത്തിവരുന്ന Vox Dei (Voice of God) വിജയകരമായി ഇപ്പോഴും തുടർന്നുപോരുന്നു. ഇതിന്റെ ഭാഗമായി Vox Dei 2.0 എന്ന പേരിൽ RJ, VJ കോമ്പറ്റിഷൻ ജീസസ് യൂത്ത് തൃശ്ശൂർ മീഡിയ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയിരുന്നു. വിജയികളായ അലീഷ കെ. ബി. യ്ക്കും ജോഷ്ന ജോഷിയ്ക്കും അഭിനന്ദനങ്ങൾ

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

**ഫാ. ബാസ്റ്റ്യൻ**
**പുന്നോലിപറമ്പിൽ**
ഡയറക്ടർ

## ചിൽഡ്രൻസ് മിനിസ്ട്രി

**1. ഓൺലൈൻ കലോത്സവം 2021**

തൃശ്ശൂർ അതിരുപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഓൺലൈൻ കലോത്സവം 2021 സംഘടിപ്പിച്ചു. ഏകദേശം 4500 കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. ഫൊറോന പ്രമോട്ടേഴ്സിന്റെ നേതൃത്വത്തിൽ ഫൊറോന തലത്തിൽ ഒരു വിലയിരുത്തൽ നടത്തിയതിനുശേഷമാണ് അതിരൂപതതല വിലയിരുത്തൽ നടത്തപ്പെടുന്നത്. നവംബർ മാസം അവസാനത്തോടുകൂടെ ഫലംപ്രഖ്യാപിക്കുന്നതാണ്. പങ്കെടുത്ത എല്ലാവർക്കും അവരെ പ്രോത്സാഹിപ്പിച്ച അദ്ധ്യാപകർക്കും ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**2. Saints' Quiz 2021-2022**

Saints' Quiz 2021-2022 ഇടവകതലപരീക്ഷ ഒക്ടോബർ 3–ാം തിയ്യതി ഞായറാഴ്ച്ച ഷിഹശില വഴിയായി നടത്തുവാൻ പരിശ്രമിച്ചു

വെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ പരീക്ഷ അസാധുവാക്കുകയും നവംബർ 7–ാം തിയ്യതിയിലേക്ക് മാറ്റിവയ്ക്കുകയും ചെയ്തു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നവംബർ 7–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 2.00 മണി മുതൽ 2.30 വരെ ഓരോ ഇടവകയിലും എഴുത്തുപരീക്ഷയായിട്ടാണ് ഇടവകതല പരീക്ഷ നടത്തേണ്ടത്. പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് വാങ്ങികൊണ്ടുപോകേണ്ടതാണ്. ഇടവകതലത്തിൽ സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവരെയാണ് (ഓരോ വിഭാഗത്തിൽ നിന്ന് ഒരു വിദ്യാർത്ഥി) ഫൊറോന തലത്തിൽ 2021 നവംബർ 28–ാം തിയ്യതി ഞായറാഴ്ച്ച ഉച്ചതിരിഞ്ഞ് 3.00 മുതൽ 4.00 വരെ ഫൊറോന കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.

**3. മിഷൻ ഫണ്ട് കളക്ഷൻ**

മിഷൻ പ്രവർത്തനത്തെ സഹായിക്കാൻ തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ ചെറിയ ഫണ്ട് രൂപീകരണം യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്. ശേഖരിച്ച ഫണ്ടുകൾ നവംബർ 30–ാം തിയ്യതിക്കു മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ ഏൽപിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്നവർക്ക് സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**4. ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25 –ാം തിയ്യതി വരെ ക്രിസ്തുമസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന നോട്ടീസ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നവംബർ മാസം മുതൽ ലഭ്യമായിരിക്കും.

**5. ക്രിസ്തുമസ് മത്സരങ്ങൾ**

2021 ക്രിസ്തുമസിനോട് അനുബന്ധിച്ച് തൃശ്ശൂർ അതിരൂപതയിലെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ക്രിസ്തുമസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പുൽകൂട് മത്സരം, ക്രിസ്തുമസ് കാർഡ് മത്സരം എന്നിവയാണ് മത്സര ഇനങ്ങൾ. മത്സരങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് നവംബർ മാസത്തിലെ കത്തോലിക്ക സഭ പത്രം നോക്കുക.

**6. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ഇവർ ദൈവത്തിന്റെ സിംഹാസനത്തിൽ നിൽക്കുകയും, അവിടുത്തെ ആലയത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയം നൽകും" (വെളിപാട് 7:15)

**സുകൃതജപം:** ഈശോയെ, വിശുദ്ധിയിൽ വളരുവാൻ എന്നെ സഹായിക്കേണമേ.

**പ്രാർത്ഥനാ നിയോഗം:** മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് പരിശുദ്ധവും രക്ഷാകരവുമാണ് എന്ന് ബോധ്യത്തോടെ ഈ നവംബർ മാസത്തലിൽ ശുദ്ധീകരണസ്ഥലത്തിൽ സങ്കടമനുഭവിക്കുന്ന ആത്മാക്കൾക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** "ദൈവശുശ്രൂഷയിൽ പുരോഗമിക്കാനാഗ്രഹിക്കുന്നവർ ഓരോ ദിവസവും നവതീക്ഷണതയോടെ ആരംഭിക്കണം, ദൈവസന്നിധിയിൽ കഴിയുന്നിടത്തോളം കഴിച്ചുകൂട്ടണം. ദൈവമഹത്വമല്ലാതെ മറ്റൊരു ലക്ഷ്യവും തന്റെ പ്രവൃത്തികൾക്കുണ്ടാകരുത്" (വി. ചാൾസ് ബൊറോമിയോ – നവംബർ 4)

**പ്രവർത്തനം**: സിമിത്തേരി സന്ദർശിച്ച് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# KCSL

**1. കലാസാഹിത്യോത്സവം സമാപിച്ചു**

KCSL തൃശൂർ അതിരൂപത കലാസാഹിത്യോത്സവം ഒക്ടോബർ 2ന് തൃശൂർ സെന്റ് തോമസ് തോപ്പ് ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നടന്നു. നാനൂറിലധികം മത്സരാർത്ഥികൾ ആറിനങ്ങളിലായി കലാസാഹിത്യോത്സവത്തിൽ പങ്കെടുത്തു. അന്നേദിവസം കാലത്ത് 9.30ന് അതിരൂപതാ KCSL ഡയറക്ടർ റവ. ഫാ. ജോയ് അടമ്പുകുളം കലാസാഹിത്യോത്സവം ഉദ്ഘാടനം ചെയ്തു. ഓൺലൈനായാണാണ് മത്സരങ്ങൾനടത്തപ്പെട്ടത്. കലോത്സവ കൺവീനർ അജിത് പോൾ മാസ്റ്റർ പരിപാടികൾക്ക് നേതൃത്വം നൽകി. മത്സരവിജയികളുടെ പേരുവിവരം ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.

**2. യൂണിറ്റ് സെമിനാറുകൾ**

പഠനവിഷയത്തെ അടിസ്ഥാനമാക്കി എല്ലാ യൂണിറ്റുകളും ഓൺലൈനായി സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് റവ. സി. ട്രീസാ ജോക്കബിനെയോ ജോവൽ മാസ്റ്ററേയോ ബന്ധപ്പെടേണ്ടതാണ്. യൂണിറ്റ് സെമിനാറുകളുടെ വിശദവിവരങ്ങൾ ആനിമേറ്റർമാ

രുടെ Whatsapp ഗ്രൂപ്പിൽ പങ്കുവെക്കുക.

**3. സ്റ്റഡിസർക്കിൾ**

യൂണിറ്റ് തലത്തിൽ വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് പഠനവിഷയത്തെ അധികരിച്ച് സ്റ്റഡിസർക്കിളുകൾ സംഘടിപ്പിക്കേണ്ടതാണ്. ഏറ്റവും നന്നായി സ്റ്റഡിസർക്കിൾ അവതരിപ്പിച്ച ടീം അംഗങ്ങളുടെ പേരുവിവരം നവംബർ 27ന് മുൻപ് അതിരൂപതയിൽ അറിയിക്കുക. (അതിനായുള്ള ഗൂഗിൾ ഫോം ഗ്രൂപ്പിൽ നൽകിയിട്ടുണ്ട്.) ഇവർക്ക് അതിരൂപതാതലത്തിൽ സമ്മാനങ്ങൾ നൽകുന്നു. ഏറ്റവും നന്നായി സ്റ്റഡിസർക്കിൾ അവതരിപ്പിച്ച ടീമിന്റെ അവതരണം Youtube -ൽ upload ചെയ്ത് അതിന്റെ Link നിർദ്ദിഷ്ട ഫോമിൽ നൽകേണ്ടതാണ്. (ടൈറ്റിലുകൾ ചേർക്കണം)

**4. പ്രവർത്തന റിപ്പോർട്ട്**

2021–2022 അധ്യയനവർഷത്തെ യൂണിറ്റ് പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് നവംബർ 27ന് മുൻപ് അതിരൂപതയിലേക്ക് ഓൺലൈനായി അയക്കണം. (PDF Format ൽ kcsltrichur@gmail.com എന്ന email address ൽ അയക്കണം)

**5. അതിരൂപതാ വാർഷികവും KCSL ദിനവും**

KCSL അതിരൂപതാ വാർഷികവും ദിനാചരണവും 2021 ഡിസംബർ 3 ഉച്ചകഴിഞ്ഞ് 2ന് സംഘടിപ്പിക്കുന്നു. വിശദവിവരങ്ങൾ ബ്ലോഗിൽ നൽകാം. അന്നേദിവസം കാലത്ത് യൂണിറ്റ് തല KCSL ദിനാചരണവും വാർഷികവും സംഘടിപ്പിക്കേണ്ടതാണ്. (ഓൺലൈനായെങ്കിലും)

**ഫാ. ജോയ് അടമ്പുകുളം**
ഡയറക്ടർ

# കാത്തലിക് നേഴ്സസ് ഗിൽഡ്

**1. വയോജനദിനാചരണം**

ലോകവയോജനദിനത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ നേതൃത്വത്തിൽ വയോജനദിനാചരണം നടത്തി. റവ. ഡോ. ജോയ് വട്ടോലി സി.എം.ഐ. ഉദ്ഘാടനം ചെയ്തു.

വയോജനങ്ങളെ പരിപാലിക്കുന്ന സ്ഥാപനങ്ങളിലെ മേലാധികാരികളായ സി.സുമ ചാക്കോ, സി.നിവ്യ, സി. ആൻ ജോസ്, സി. റെനിത എന്നിവരെ ആദരിച്ചു. സ്ഥാപനങ്ങളിലെ സ്റ്റാഫ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി കൊളാഷ് മത്സരം നടത്തി. കാഷ് അവാർഡുകൾ വിതരണം ചെയ്തു. ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോ. ഡയറക്ടർ ഫാ. ജെയ്സൻ മുണ്ടൻമാണി, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. ബെറ്റ്സി തോമസ്, ചീഫ് നേഴ്സിങ്ങ് ഓഫീസർ സി.ലിഖിത, സി. ജ്യോതിഷ് എന്നിവർ പ്രസംഗിച്ചു.

**2. കാത്തലിക്ക് നേഴ്സസ് ഗിൽഡ് ആയുർവ്വേദ നേഴ്സിങ്ങ് കോഴ്സ്**

കാത്തലിക്ക് നേഴ്സിസസ് ഗിൽഡ് ആയുർവ്വേദ ആശുപത്രിയിൽ ആരംഭിച്ച ബി.എസ്.എസ്. അംഗീകൃത നേഴ്സിങ്ങ് കോഴ്സിന്റെ വിദ്യാരംഭം ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. അസോ. ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ഡോ. എം. കേശവൻ, ഡോ.സി.ഓസ്റ്റിൻ, ഡോ. നിർമ്മല, ഡോ. രോഹിത്ത്, ധന്യ എന്നിവർ പ്രസംഗിച്ചു. മുപ്പത് വിദ്യാർത്ഥികൾക്കാണ് പ്രവേശനം ലഭിച്ചത്.

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ

**സി. റൊസീന ഡേവിഡ് FCC**
സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

**1. മേഖലാ സമ്മേളനങ്ങൾ**

24–ാം വാർഷിക സമ്മേളനത്തിന് മുന്നോടിയായി നടത്തപ്പെടുന്ന മേഖലാ സമ്മേളനങ്ങളുടെ തുടർച്ചയായി 19/9/21 ഞായറാഴ്ച കാലത്ത് വടക്കാഞ്ചേരി ഫൊറോന ദൈവാലയത്തിൽ വച്ച് ഫൊറോന വികാരി വെരി റവ. ഫാ. ആന്റണി ചെമ്പകശ്ശേരിയുടെ അദ്ധ്യക്ഷതയിൽ വട ക്കൻ മേഖല സമ്മേളനം നടത്തപ്പെട്ടു.

അന്നേ ദിവസം ഉച്ചതിരിഞ്ഞ് ഒല്ലൂക്കര പള്ളോട്ടി HSS സ്കൂളിൽ വച്ച് ഫൊറോന പ്രൊമോട്ടർ ബഹു. ഫാ. ഫ്ളെർജിൻ തയ്യാലക്കലിന്റെ അദ്ധ്യക്ഷതയിൽ മധ്യമേഖല യോഗം അരങ്ങേറി. പള്ളോട്ടി സ്കൂൾ പ്രിൻസിപ്പാൾ വെരി റവ. ഫാ. പോൾ ആനിമൂട്ടിലായിരുന്നു ഉദ്ഘാട കൻ. സ്കൂൾ മാനേജർ ബഹു. ഫാ. ജോർജ്ജ് മഡയ്ക്കൽ ആശംസക ളർപ്പിച്ചു.

പുറനാട്ടുകര സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ വച്ച് ഇട വക വികാരിയും അതിരൂപത മദ്യവിരുദ്ധസമിതി മുൻ ഡയരക്ടറുമായ ബഹു. ഫാ. ജോജു പനയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ 26/9/21 ൽ പടി ഞ്ഞാറൻ മേഖല സമ്മേളനം സംഘടിപ്പിച്ചു.

എല്ലാ മേഖല സമ്മേളനങ്ങളിലും അതിരൂപത ഡയറക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ, പ്രസിഡന്റ് സി.പി. ഡേവീസ്, സെക്ര ട്ടറി ടി.എസ്. അബ്രാഹം, മറ്റ് അതിരൂപത ഭാരവാഹികൾ, മേഖല കൺവീ നർമാർ, ഫൊറോന ഭാരവാഹികൾ, യൂണിറ്റ് പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയുണ്ടായി.

ഓരോ സമ്മേളനത്തിലും നാർക്കോട്ടിക് ജിഹാദിനെചൊല്ലി മാധ്യമ വിചാരണ നേരിടുന്ന പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാ വിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ടും സംസ്ഥാന സർക്കാരിന്റെ ജന ദ്രോഹ മദ്യനയത്തെ അപലപിച്ചുകൊണ്ടും കോടന്നൂർ ബാർ വിരുദ്ധ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും പ്രത്യേകം പ്രത്യേകം പ്രമേയങ്ങൾ അവതരിപ്പിച്ചു. ഓരോ യോഗത്തിലും മുപ്പ തോളം പേർ വീതം സംബന്ധിച്ചിട്ടുണ്ട്.

**2. എക്സിക്യൂട്ടീവ് യോഗം**

26/9/21 മദ്യവിരുദ്ധ സമിതിയുടെ അതിരൂപത ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് യോഗം കൂടി. വാർഷിക കർമ്മപദ്ധതി പ്രകാരമുള്ള പ്രൊമോട്ടേഴ്സ് മീറ്റ് സെപ്തംബർ 30–ാം നു നടത്തുന്നതിന് തീരുമാനിച്ചു. കൊച്ചുവർക്കി തരകനെ ഈ പരിപാടിയുടെ കൺവീനറായി ചുമതലപ്പെടുത്തി.

ഒക്ടോബർ 2 ലെ 24–ാം വാർഷികാഘോഷം സമുചിതമായി നടത്തുന്നതിന് സെക്രട്ടറി ടി.എസ്. അബ്രാഹം കൺവീനറായി സംഘാടകസമിതിക്ക് രൂപം നൽകി.

**3. പ്രൊമോട്ടേഴ്സ് മീറ്റ്**

സെപ്തംബർ 30–ാം തീയതി പാസ്റ്ററൽ സെന്ററിൽ വച്ച് മദ്യവിരുദ്ധസമിതിയുടെ ഓഫീസ് പ്രൊമോട്ടേഴ്സ് മീറ്റിന്റെ വേദിയായി. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന് ഡയറക്ടറച്ചൻ സ്വാഗതം ആശംസിച്ചു. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവാണ് ഉദ്ഘാടനം ചെയ്തത്. സെക്രട്ടറി ടി. എസ്. അബ്രാഹം, ബഹു. ഫാ. ഡൈജോ പൊറുത്തൂർ എന്നിവർ ആശംസകളർപ്പിച്ചു. വെണ്ടോർ പള്ളി വികാരിയും അവാർഡ് ജേതാവുമായ ബഹു. ഫാ. ജോസ് തെക്കേക്കര, നെസ്റ്റ് ഡയരക്ടർ ബഹു. ഫാ. ടിജോ മുള്ളക്കര, കോടന്നൂർ പള്ളി വികാരി ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ എന്നിവർ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. ക്രൈസ്റ്റ് വില്ല ഡയരക്ടർ ബഹു. ഫാ. സെബി കവലക്കാട്ടച്ചനാണ് പ്രാർത്ഥന നയിച്ചത്. പള്ളിക്കുന്ന് പള്ളി വികാരി ബഹു. ഫാ. ജോസ് തത്രത്തിലാണ് സമാപനാശീർവാദം നൽകിയത്. കൺവീനർ കൊച്ചുവർക്കിയുടെ കൃതജ്ഞതാപ്രകാശനത്തോടു കൂടിയാണ് 20 പേർ പങ്കെടുത്ത വൈദികസമ്മേളനം പര്യവസാനിച്ചത്. സിജോ ഇഞ്ചോടിക്കാരൻ, ജോസ് വി.ഐ. തുടങ്ങിയവരാണ് ഈ പരിപാടി വിജയപ്രദമാക്കാൻ പ്രത്യേകം സഹായിച്ചത്.

**4. 24–ാം വാർഷിക സമ്മേളനം**

ഒക്ടോബർ 2–ാം തീയതി സെന്റ് തോമസ് കോളെജ് മെഡ്ലിക്കോട്ട് ഹാളിൽ ചേർന്ന സമ്മേളനം അതിരൂപത ആർച്ചുബിഷപ്പ് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. ജൂബിലി വർഷ പ്രഖ്യാപനം നിർവ്വഹിച്ചത് സംഘടനയുടെ സ്ഥാപകൻ ബിഷപ്പ് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവാണ്. സംഘടനയുടെ പ്രസിഡന്റ് സി.പി. ഡേവീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് മദ്യവിരുദ്ധസമിതി നടത്തിയ വിവിധ മത്സരങ്ങളുടെ വിജയികൾ, കോടന്നൂർ

ബാർ വിരുദ്ധസമരസമിതിയുടെ നേതാക്കളായ ഏ.ടി. പോൾസൺ, ശ്രീമതി ഏ.പി. ആനി, സി.വി. ജോസഫ്, ജോഷി വല്ലച്ചിറക്കാരൻ, അഖിൽ പോൾ തുടങ്ങിയവരേയും ലഹരി വിരുദ്ധ പ്രചോദനാത്മക ഗ്രന്ഥങ്ങളുടെ രചയിതാക്കളായ ഷാജു മുണ്ടൻകുര്യൻ *(ഹിപ്പ് ഹിപ്പ് ഹുറേ),* സിസ്സിലി ടീച്ചർ *(പറുദീസാ കട്ട കള്ളൻ)* എന്നിവരെയും ആദരിച്ചു.

ഡയരക്ടർ ബഹു. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ പരിഭാഷപ്പെടുത്തിയ **'ഒരാൾ ചിന്തിക്കുന്നത് എന്താണോ അതാണ് അയാൾ'** എന്ന പുസ്തകത്തിന്റെ പ്രകാശനവും തദവസരത്തിൽ അരങ്ങേറി. മദ്യവിരുദ്ധസമിതി മുൻ സംസ്ഥാന സെക്രട്ടറി അഡ്വ. ചാർളി പോൾ ആയിരുന്നു മുഖ്യപ്രഭാഷകൻ. സെന്റ് തോമസ് കോളെജ് പ്രിൻസിപ്പാൾ ബഹു. ഫാ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ആനിമേറ്റർ സി. റോസ്‌ലിൻ, സിജോ ഇഞ്ചോടിക്കാരൻ, കൊച്ചുവർക്കി തരകൻ എന്നിവർ ആശംസകളർപ്പിച്ചു. ജോസ് വേലൂക്കാരൻ പ്രമേയങ്ങൾ അവതരിപ്പിച്ചു. സി.ബി. ക്ലാരയുടെ നന്ദി പ്രകടനത്തോടെ വാർഷിക സമ്മേളനത്തിന് പരിസമാപ്തിയായി.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## തൃശൂർ സെൻട്രൽ കൗൺസിൽ

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശൂർ സെൻട്രൽ കൗൺസിലിൽ; വി. വിൻസെന്റ് ഡി. പോളിന്റെ തിരുനാളും, **73–ാം** വാർഷികാഘോഷവും സംയുക്തമായി **03–10–2021** ന് തൃശൂർ ഡി.ബി.സി.എൽ.സി.യിൽ വെച്ച് സി.സി. ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ജിക്സൺ താഴത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുകയും, കാലാവധി പൂർത്തീകരിച്ച ഏരിയാ കൗൺസിൽ പ്രസിഡന്റുമാ

രേയും **50/25** വർഷം പൂർത്തീകരിച്ച വിൻസെൻഷ്യൻ അംഗങ്ങളേയും ആദരിച്ചു. സി.സി. പ്രസിഡന്റ് ബ്ര. ജോസ് ജെ. മഞ്ഞളി സ്വാഗതവും, സെക്രട്ടറി ബ്ര. പ്രശാന്ത് ചിറ്റിലപ്പിള്ളി റിപ്പോർട്ടും, സീനിയർ വൈസ് പ്രസിഡന്റ് ബ്ര. കെ.എ.ഷിബുനന്ദിയും, ബ്ര. ജോസ് തറയിൽ മറുപടി പ്രസംഗവും പറഞ്ഞു. വൈസ് പ്രസിഡന്റ് കെ.കെ. പോൾസൺ, ട്രഷറർ സി.കെ. വിൽസൺ, ബ്ര. ജിനോ ജോസ്, സി. ജോർലിൻ ജോഷി, ബ്ര. ടി.ജെ. റോബിൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

# കലാസദൻ

### വാർഷിക ജനറൽ ബോഡി നടത്തി

പ്രമുഖ കലാ–സാംസ്കാരിക സംഘടനയായ കലാസദന്റെ 48–ാം വാർഷിക ജനറൽ ബോഡി യോഗം മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു.

വികാരി ജനറാൾ മോൺ ജോസ് വല്ലൂരാൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ഫാ. ഫിജോ ആലപ്പാടൻ റിപ്പോർട്ടും ട്രഷറർ ജോമോൻ ചെറുശ്ശേരി കണക്കും അവതരിപ്പിച്ചു. പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി, ബേബി മൂക്കൻ, ഫാ. ഗ്രിജോ മുരിങ്ങാത്തേരി, ബാബു കവലക്കാട്ട്, കൺവീനർ ജെയ്ക്കബ് ചെങ്ങലായ്, എ.എ. ആന്റണി എന്നിവർ സംസാരിച്ചു. യോഗം ഇയ്യിടെ നിര്യാതരായ മുൻ ഭാരവാഹികളായ ഫാ. തോബിയാസ് ചാലക്കൽ, ഫാ. ഫ്രാൻസിസ് കരിപ്പേരി, ഫാ. തോമസ് പഞ്ഞിക്കാരൻ, ഫാ. ജോണി ആന്റണി പാറേക്കാട്ട്, സെലിൻ കാക്കശ്ശേരി, എം.എ. റപ്പായി എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

വൈകീട്ട് പ്രശസ്ത ഗായകൻ ഡോ. എസ്. പി. ബാലസുബ്രമണ്യത്തിന്റെ ഒന്നാം ചരമവാർഷികം പ്രമാണിച്ച് അദ്ദേഹത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഗാനങ്ങൾ ഉൾപ്പെടുത്തി 'ഇസൈനിലാവ്' എന്ന പേരിൽ യുട്യൂബ് ലൈവ് പ്രോഗ്രാം നടത്തി. മാർ ടോണി നീലങ്കാവിൽ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. എസ്.പി.ബി. യുടെ മകനും സിനിമാ നിർമ്മാതാവും ഗായകനുമായ എസ്.പി. ചരൺ സന്ദേശം നൽകി. പ്രമുഖ ഗായകരായ കോവൈ പ്രദീപ്, റീന മനോജ്, റെജിൽ രാജ്, റഫീക്ക്, സൗമ്യ, റുഷെയിൽ റോയ് എന്നിവർ ഗാനങ്ങളാലപിച്ചു. കൺവീനർ ജെയ്ക്കബ് ചെങ്ങലായ്, സി.ജെ. ജോൺ, ലിജിൻ ഡേവീസ്, കെ.എം. ജോൺ തുടങ്ങിയവർ നേതൃത്വം നൽകി.

**ബേബി മൂക്കൻ**
വൈ. പ്രസിഡണ്ട്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# ലോഫ്

**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

## 1. CARLO (Children's Activity on Religious and Liturgical Orientation)

ദിവ്യകാരുണ്യത്തിന്റെ സൈബർ അപ്പസ്തോലനായ വാഴ്ത്തപ്പെട്ട കാർലോ അക്യുറ്റിസിന്റെ പ്രചോദനത്താൽ ലോഫ് ചിൽഡ്രൻസ് മിനിസ്ട്രി ലോഫിലെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മാസത്തിൽ ഒരു തവണ വരുന്ന രീതിയിൽ ഒരുക്കുന്ന യുട്യൂബ് പ്രോഗ്രാം. ഒക്ടോബർ മാസം വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെക്കുറിച്ചാണ് പ്രോഗ്രാം ഒരുക്കുന്നത്.

## 2. ലോഫ് അക്കാദമിക് ഡേ

സെപ്റ്റംബർ മാസത്തെ അക്കാദമിക് ഡേ 24–ാം തിയതി നടന്നു. കുട്ടികളുടെ അക്കാദമിക് ക്ലാസുകൾ ശ്രീമതി നിമ്മി ജോർജജ്, അനി ജോർജ്ജ് ടീച്ചർ, കുമാരി ജൂഡിത്ത് മൈസൂർ എന്നിവർ നയിച്ചു. ദമ്പതികളുടെ അക്കാദമിക് ക്ലാസുകൾ ഡോ. ജോണിയും, ഡോ.ബെറ്റ്സി ജോണിയും ചേർന്ന് നയിച്ചു.

**3. ലോഫ് ലാ ഫമിലിയ കുടുംബധ്യാനം (ഓൺ ലൈൻ)**

ഒക്ടോബർ മാസം 1,2,3 തിയ്യതികളിൽ ലോഫ് ധ്യാന ടീമിന്റെ നേതൃത്വത്തിൽ ലാ ഫമിലിയ ഓൺലൈൻ കുടുംബധ്യാനം നടന്നു. ഫാ. ഫ്രാൻസീസ് ആളൂർ (ലോഫ് ഡയറക്ടർ), ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ (വികാരി, നെൻമണിക്കര)ഫാ. വിൽസൺ പാറേക്കാട്ടിൽ (ഷേൺസ്റ്റാട്ട്, കുറ്റൂർ), ശശി ഇമ്മാനുവൽ, ഡോ. അലോഷ്, ജെയിംസ് ആഴ്ചങ്ങാടൻ, ഡോ. അനുമോദ്, ഡോ. ജോർജ്ജ് ലിയോൺസ് എന്നിവർ ക്ലാസുകളും ബിജു ആന്റണി & ഹിമ, ഡോ. നോബി & ഡോ. പൊന്നു, സെബാസറ്റ്യൻ & സിനി, നിക്സൺ & ടെസ്സി, ബ്രിസ്റ്റോ & റീന എന്നീ ദമ്പതികൾ അനുഭവങ്ങളും പങ്കുവെച്ചു.

**4. ലോഫ് കോർ ടീം**

ഒക്ടോബർ മാസത്തെ ലോഫ് കോർടീം 8–ാം തിയതി ലോഫ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂരിന്റെ സാന്നിധ്യത്തിൽ ഡി.ബി.സി .എൽ.സിയിൽ വെച്ച് നടന്നു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് കപ്പിൾസ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ, സ്നേഹമാണ് സർവോത്കൃഷ്ടം.**

*1 കോറിന്തോസ് 13 : 12-13*

# തിരുന്നാളാശംസകൾ





**സകല വിശുദ്ധരുടെയും**
**തിരുന്നാൾ**
**നവംബർ 1**

**സകല**
**മരിച്ചവരുടെയും**
**ഓർമ്മ**
**നവംബർ 2**

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2021
**November - 2021**



**നാമഹേതു തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ**

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്

**തൃശ്ശൂർ അതിരൂപത മക്കളുടെ പ്രാർത്ഥനാശംസകൾ**

**നവംബർ 30**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor